VIII. പ്രത്യേക പരാമർശം

കർഷകരുടെ ആത്മഹത്യ യഥാസമയം കേന്ദ്രത്തെ അറിയിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഈ സഭയിൽ നിരവധി പ്രാവശ്യം ഉന്നയിച്ചതും ചർച്ച ചെയ്തതുമായ വിഷയമാണ് കർഷകരുടെ ആത്മഹത്യയും കാർഷിക മേഖലയുടെ തകർച്ചയും. ഈ വിഷയം കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് മന്ത്രിമാരെ ഡെൽഹിയിൽ അയക്കുന്ന വിവരം മുഖ്യമന്ത്രി ഈ സഭയിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. അവർ ഡെൽഹിയിൽ പോയി. ഡെൽഹിയിൽ നടന്ന ചർച്ചയെന്താണ്? 3,847 കോടി രൂപയുടെ പാക്കേജ് അവിടെപ്പോയി കൊടുത്തു എന്നു പറഞ്ഞു. യഥാസമയത്ത് പ്രശ്നങ്ങൾ അവതരിപ്പിക്കാത്തതിന്റെയും കർഷകർ ആത്മഹത്യ ചെയ്ത വിവരം അറിയിക്കാത്തതിന്റേയും ഫലമായി ഇതൊന്നും ഉൾപ്പെടുത്താൻ കഴിയില്ലെന്നും ഒരു പദ്ധതിയും ഒരു സഹായവും നമ്മുടെ സ്റ്റേറ്റിന് ഇല്ലെന്നും കേന്ദ്രമന്ത്രി ചിദംബരം പറഞ്ഞതായി പത്രത്തിൽ റിപ്പോർട്ട് വന്നതിന്റെ വെളിച്ചത്തിൽ അതു സംബന്ധിച്ച് കാര്യങ്ങൾബന്ധപ്പെട്ട മന്ത്രി സഭയിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: ഇതൊക്കെ പത്രത്തിൽ വന്ന കാര്യങ്ങളല്ലേ.....

IX. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-2002 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: 2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-02 എന്നീ സാമ്പത്തിക വർഷത്തേക്കുള്ള അധിക ധനാഭ്യർത്ഥനകളും: മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപ ധനാഭ്യർത്ഥനകളെ സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,00,000 രൂപയുടേയും, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,20,52,000 രൂപയുടേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,68,58,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 54,67,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,02,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): വൈദ്യസഹായവും, പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,14,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ശുദ്ധജല വിതരണവും, ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,00,000 രൂപയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,83,00,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,53,71,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): പട്ടികജാതി പട്ടികവർഗ്ഗം മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പടെ സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,21,41,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പു മന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 63,46,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വനവും സ്പോർട്സും വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,68,90,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദ സഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,46,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ ഈ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

X. ക്രമപ്രശ്നം

(1) നിയമസഭ പാസ്സാക്കുന്ന നിയമംവഴിയല്ലാതെ സഞ്ചിത നിധിയിൽനിന്നു പണം ചെലവഴിച്ചതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, ഭരണഘടനയുടെ 204-ാം അനുച്ഛേദമനുസരിച്ച് നിയമസഭ പാസ്സാക്കുന്ന ഒരു നിയമംവഴിയല്ലാതെ ഒരു ചെലവും നിർവഹിക്കാൻ നമ്മുടെ സഞ്ചിതനിധിയിൽ നിന്നും പണം എടുത്തു കൂടാ. 205-ാം അനുച്ഛേദമനുസരിച്ച് അധിക ചെലവുണ്ടായാൽ അതു സംബന്ധിച്ച ധനാഭ്യർത്ഥന നിയമസഭയിൽ അവതരിപ്പിക്കുകയും അംഗീകാരം തേടുകയും ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. കഴിഞ്ഞ 20 വർഷമായി നമ്മുടെ പ്രാക്ടീസ് എന്താണെന്ന് ചോദിച്ചാൽ അധിക ചെലവ് ഉണ്ടാകുന്നത് നിയമസഭ അറിയുന്നില്ല. നമ്മുടെ പി.എ.സി. റിപ്പോർട്ടിൽ തന്നെ ഒരു കാര്യം പറഞ്ഞു. 1997-1998 വരെയുള്ള കണക്കാണ് അന്ന് പരിശോധിച്ചത്. 778 കോടി ഉറുപ്പികയുടെ അധിക ചെലവ് നിയമസഭ പോലും അറിയാതെ അതാത് ഭരണ വകുപ്പുകൾ ചെലവഴിക്കുകയാണ്. അത് റെഗുലറൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഈ റിപ്പോർട്ട് വന്ന ശേഷവും ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞിട്ടും റെഗുലറൈസ് ചെയ്യാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇപ്പോൾ 2001-2002 വരെയുള്ള സാമ്പത്തിക വർഷം 1810 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായ പി. എ. സി. 2001-2004 കമ്മിറ്റിയുടെ കമന്റ്സ് ഞാൻ പറയാം. The Committee welcomes the positive approach of the Finance Department and many Administrative Departments and their recent efforts to get the pendency cleared and would like to appreciate their co-operation. പി.എ.സി. ചെയർമാന്റെ കമന്റ്സാണ്. ഇതല്ലാതെ വേറെയൊന്നും ചെയ്യുന്നില്ല.

മി. സ്പീക്കർ: എല്ലാക്കാലത്തും ഇത് ചെയ്യേണ്ടതാണ്. അതെല്ലാം റെഗുലറൈസ് ചെയ്യാതെ ഒക്കില്ല. അതല്ലാതെ വേറെയൊന്നും ചെയ്യാൻ ഒക്കില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട ഷൺമുഖദാസും ജയരാജനും ഉന്നയിച്ച കാര്യങ്ങൾ വളരെ റെലവന്റാണ്. ഇതിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയും ശരിയാണ്. പക്ഷേ അതിന്റെ ഒരു കാര്യം, പി.എ.സി.-യുടെ റെക്കമെന്റേഷനോടുകൂടി മാത്രമേ ഹൗസിൽ കൊണ്ടുവരാൻ മന്ത്രിക്ക് സാധിക്കൂ. പി.എ.സി. റെക്കമെന്റ് ചെയ്യണം. പി.എ.സി. റെക്കമെന്റ് ചെയ്യണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾ അവരുടെ റിപ്പോർട്ട് പി.എ.സി.-ക്ക് കൊടുക്കണം. അത് ലെജിസ്ലേച്ചറിന് അതാത് സമയത്ത് കൊടുക്കാത്തതാണ് ഇതിന്റെ കാരണം. എത്രയോ വർഷങ്ങളായി എല്ലാ ഗവൺമെന്റിന്റെ കാലത്തും ഇത് തുടരുകയാണ്. എന്ന് മാത്രമല്ല സി.എ.ജി. തന്നെ ഈ പ്രാവശ്യവും ഇതിനുമുമ്പ് പല പ്രാവശ്യവും ചൂണ്ടിക്കാണിച്ചതാണ്. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾ അതേക്കുറിച്ചുള്ള റിപ്പോർട്ട് ലെജിസ്ലേച്ചറിന് കൊടുക്കാൻ എല്ലാ ഡിപ്പാർട്ടുമെന്റുകളോടും ഗവൺമെന്റ് ആവശ്യപ്പെടാൻ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, കോർപ്പസ് ഫണ്ട് 25 കോടി ഉറുപ്പികയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനും ഈ സമ്മേളനത്തിനും in between കുറച്ചു ചെലവുകൾക്ക് ആവശ്യം വന്നപ്പോൾ അത് ഒരു ഓർഡിനൻസ് പ്രകാരം 100 കോടി ഉറുപ്പികയായിട്ട് വർദ്ധിച്ചു വന്നു. പക്ഷേ ഇത് 100 കോടി ഉറുപ്പികയായി നിശ്ചയിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമില്ല. ഈ ഓർഡിനൻസ് ലാപ്സ് ആകുമ്പോൾ അതോടുകൂടി ഇതും പോകും. അതുകൊണ്ട് ബില്ലായി കൊണ്ടുവരേണ്ട കാര്യമില്ല. ഭരണഘടനാപരമായ കാര്യങ്ങൾ മാത്രമേ ചെയ്തിട്ടുള്ളൂ. വേറെ യാതൊന്നും ചെയ്തിട്ടില്ല.

ധനകാര്യം (തുടർച്ച)

ഡോ. തോമസ് ഐസക്ക്: സർ, പി.എ.സി. ചെയർമാൻ എന്ന നിലയ്ക്ക് ഇവിടെ ഇപ്പോൾ നടന്ന പരാമർശങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതു പോലെ ഇപ്പോൾ നമ്മൾ എക്സസ്സ് ഗ്രാന്റുകൾ സഭയിൽ അംഗീകരിക്കാറുണ്ടെങ്കിലും ഇനി റെഗുലറൈസ് ചെയ്യേണ്ട തുകകൾ എടുത്തു കഴിഞ്ഞാൽ, എക്സസ്സ് എക്സ്പെന്റീച്ചർ എടുത്തു കഴിഞ്ഞാൽ രണ്ടായിരം കോടി രൂപയെങ്കിലും വരും. 1983-1984 മുതൽ 18 വർഷക്കാലത്തെ 2,000 കോടി രൂപയുടെ എക്സസ്സ് എക്സ്പെന്റീച്ചർ റഗുലറൈസ് ചെയ്യുന്നതിനുവേണ്ടി പി.എ.സി.-യുടെ മുമ്പിൽപ്പോലും വന്നിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടത്, ഫിനാൻസ് ഡിപ്പാർട്ടുമെന്റുകളുടെ 'ഒരു പ്രധാനപ്പെട്ട culprit ആണ്. കാരണം ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുന്ന എക്സസ്സ് ഗ്രാന്റിൽ തന്നെ 952 കോടി രൂപ അങ്ങയുടെ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള എക്സസ്സ് എക്സ്പെന്റീച്ചറാണ്. അത് നമ്മുടെ ബഡ്ജറ്റിംഗ് സമ്പ്രദായത്തിന്റെ ഗൗരവമായ പ്രശ്നത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. 952 കോടി രൂപ എന്തിന്റെയാണ്? ഇന്ററസ്റ്റ് പേമെന്റ്, സാലറി, പെൻഷൻ, ബഡ്ജറ്ററി പേമെന്റ് ഇതെല്ലാം കൃത്യമായി കണക്കുകൂട്ടാൻ പറ്റുന്ന വയ്യാണ്. അവിചാരിതമായി വരുന്ന എക്സ്പെന്റീച്ചർ അല്ല. എന്നാൽ എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? ബഹുമാനപ്പെട്ട ധനമന്ത്രിമാർ റവന്യൂ കമ്മി കുറച്ചു കാണിക്കാൻ വേണ്ടി മനഃപൂർവ്വം ചെയ്യുന്നതാണ്. കൃത്യമായി കണക്കു കൂട്ടാവുന്ന പെൻഷനും സാലറിയും, ഇന്ററസ്റ്റും കുറച്ചുകാണിച്ച് റവന്യൂ കമ്മി കുറഞ്ഞു എന്നു കാണിച്ച് കൈയടി വാങ്ങിക്കുകയും അത് എക്സസ്സ് എക്സ്പെന്റീച്ചറായി വരികയും റെഗുലറൈസ് ചെയ്യാതെ പോകുകയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. അത് തിരുത്തുന്നതിന് നമ്മൾ തയ്യാറാകണം.

സർ, 559 കോടി രൂപയുടെ സപ്ളിമെന്ററി ഗ്രാന്റാണ് നമ്മുടെ മുമ്പിലുള്ളത്. വളരെ ആകാംക്ഷയോടെ ഈ സപ്ളിമെന്ററി ഗ്രാന്റ് ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. നിയമസഭയിൽ മുഖ്യമന്ത്രി അടക്കമുള്ളവർ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ മുൻഗണനകളിൽ വളരെ മാറ്റം വരുത്താൻ പോകുന്നു എന്ന് പ്രഖ്യാപിച്ചിരുന്നു. അപ്പോൾ സ്വാഭാവികമായിട്ടും അത്തരത്തിൽ മുൻഗണന ഉൾക്കൊള്ളുന്നത് സപ്ലിമെന്ററി ഗ്രാന്റിൽ ആയിരിക്കും. അതിന്റെ ഉള്ളടക്കം എന്തായിരിക്കും എന്ന് പരിശോധിച്ചപ്പോൾ ഈ മുൻഗണനയൊന്നുമില്ല. ആർ.ഐ.ഡി.എഫ്.-ന് വേണ്ടി വരുന്ന മാച്ചിംഗ് ഗ്രാന്റ്, നാച്ചുറൽ കലാമിറ്റി ചെലവ്, അതാണ് സപ്ളിമെന്ററി ഗ്രാന്റിന്റെ 80% ചെലവ് എന്നു പറയുന്നത്. ഓരോ വകുപ്പ് എടുത്തോളൂ. ബഹുമാനപ്പെട്ട മന്ത്രിമാർ ഡിമാന്റ് ചർച്ചയിൽ ഒരുപാട് പോസിറ്റീവായി പ്രതികരിച്ചു. ഇന്നത്തെ അന്തരീക്ഷം അതാണ്. ഇക്കാര്യങ്ങൾ ഒന്നുപോലും ഈ സപ്ളിമെന്ററി ഡിമാന്റിൽ വന്നിട്ടില്ല.

എസ്. സി./എസ്. ടി. വകുപ്പ് ഞാൻ ആദ്യം എടുക്കുകയാണ്. എസ്.സി./ എസ്.ടി. വകുപ്പിന് ഒരു പൈസപോലും സപ്ളിമെന്ററി ഡിമാന്റിൽ അധികമായിട്ടില്ല. ഒരുപക്ഷെ, മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറയുന്നത് ആവശ്യത്തിന് പണം ഇന്ന് എസ്.സി./എസ്.ടി. ഡവലപ്മെന്റ് വകുപ്പിനുണ്ടെന്നാണ്. മുഖ്യമന്ത്രിയുടെ അവകാശവാദം തന്നെ 246 കോടി രൂപ 5 വർഷംകൊണ്ട് എൽ.ഡി.എഫ്. ചെലവഴിച്ചപ്പോൾ ഞങ്ങൾ മൂന്നു വർഷംകൊണ്ട് 253 കോടി രൂപ ചെലവഴിച്ചുവെന്നതാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ഫീസ് നൽകിയിരുന്നത് 300 രൂപയായിരുന്നു. പോസ്റ്റ് മെട്രിക് 400 രൂപ. യൂണിഫോം അവലൻസ് 125 രൂപ. സ്റ്റൈപ്പന്റ് 225 രൂപ. സർക്കാർ നിശ്ചയിക്കുന്ന നിരക്കുകൾ അനുസരിച്ചാണ് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ നിന്ന് പോകുന്നതിനു മുമ്പ് ഈ നിരക്കുകളോരോന്നും പരിഷ്ക്കരിച്ചു. പ്രീ-മെട്രിക് ഹോസ്റ്റൽ ഫീസ് 300-രൂപയിൽ നിന്ന് 500 രൂപയാക്കി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഫീസ് 400-രൂപയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

600 രൂപയാക്കി. യൂണിഫോം അലവൻസ് 125 രൂപയിൽ നിന്ന് 300 രൂപയാക്കി. സ്റ്റൈപ്പന്റ് 225 രൂപയിൽ നിന്ന് 315 രൂപയാക്കി. ആ നിരക്കിനനുസരിച്ച് നൽകേണ്ടിവരും. അതനുസരിച്ച് തുക കൂടും. 21 റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു. ഇപ്പോൾ അവിടെ 4 ബാച്ച് സ്റ്റുഡന്റ് സായി. പൂർണ്ണമായും ചെലവ് നൽകേണ്ടിവരും. എന്നാൽ വകുപ്പുമന്ത്രിയോട്–അദ്ദേഹത്തെ ഇവിടെ കാണുന്നില്ലയെങ്കിലും–രണ്ട് ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്നാമത്തേത് ഈ കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിക്കഴിഞ്ഞു, അതിൽ രജനിയുടെ കേസിൽ കൃത്യമായി മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട് എന്ന് അദ്ദേഹം അവകാശപ്പെടുകയുണ്ടായി. ഞങ്ങളുടെ ചോദ്യം ഇതാണ്. എന്നാണ് ഈ ചെക്ക് നൽകിയത്? എന്താണ് അതിൽ വന്ന ഡിലേ? ആ ഡേറ്റ് പറഞ്ഞില്ല, ചെക്ക് നൽകി എന്നേ പറഞ്ഞിട്ടുള്ളൂ. രണ്ടുവർഷം കാത്തിരുന്നിട്ടാണ് ഇത് കിട്ടിയത്, ഈ ചെക്ക് മേടിക്കുന്നതിനുപോലും ആ കുട്ടി ഉണ്ടായിരുന്നില്ല എന്നുള്ളതല്ലേ വസ്തുത? രണ്ടാമത്തെ കാര്യം സ്റ്റൈപ്പന്റ് 315 രൂപയാണ്, നിയമം പറയുന്ന നിരക്കാണ്, അത് നിൽകിയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഈ സഭയിൽ പറഞ്ഞത്. 2000-ത്തിൽ എൽ.ഡി.എഫ്. ഉത്തരവ് ഇറക്കിയിരുന്നു, സ്വകാര്യ ഹോസ്റ്റലിൽ താമസിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് 315 രൂപ തികയുകയില്ല എന്നുള്ളതിനാൽ 600 രൂപ വരെ അവർക്ക് ആനുകൂല്യം നൽകാമെന്ന്. ഇന്നിപ്പോൾ ആയിരം രൂപയായിട്ട് വർദ്ധിപ്പിച്ചല്ലോ. 600 രൂപ വരെ നൽകാമെന്ന് ഉത്തരവ് ഇറക്കിയിട്ട് എന്തുകൊണ്ട് രജനിക്ക് 600 രൂപ നൽകിയില്ല എന്നുള്ള കാര്യം വകുപ്പുമന്ത്രി വിശദീകരിക്കണം. ഇതാണ് പ്രസക്തമായ ചോദ്യം. നമ്മൾ എന്തൊക്കെയാണ് തീരുമാനിക്കുന്നതെന്ന് പാവങ്ങൾക്ക് അറിയില്ല. വകുപ്പുമന്ത്രി ഡോ. കുട്ടപ്പൻ നമ്മുടെ നാട്ടിലെ ദുർബലരായ ജനവിഭാഗങ്ങളുടെ ക്ഷേമ സംരക്ഷകനായിട്ട് പ്രവർത്തിക്കേണ്ട ആളാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ആ കുട്ടി ചോദിച്ചുകാണുകയില്ല.

ശ്രീ. ബിനോയ് വിശ്വം: ഇതൊരു ഗുരുതരമായ വിഷയമാണ്. ഒരു പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് അവകാശപ്പെട്ട അംഗീകാരം കിട്ടാൻ ആ കുട്ടി ചോദിക്കണമെന്ന് ഒരു മന്ത്രി പറയുന്നു എന്നു പറഞ്ഞാൽ പ്രശ്നം ഗുരുതരമാണ്. ഈ ഗവണ്മെന്റിന്റെ ഏറ്റവും വലിയ വഞ്ചനയെയാണ് അതു കാണിക്കുന്നത്.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട മന്ത്രി ബാബു ദിവാകരൻ പറഞ്ഞത് മനസ്സിലായി. കൊടുത്തില്ലായെങ്കിൽ ചോദിച്ചു മേടിക്കണം. പക്ഷെ, ചോദിക്കാതെതന്നെ കൊടുക്കുന്നതിനും അതിന് മേൽനോട്ടം വഹിക്കുന്നതിനുമാണ് ഒരു വകുപ്പുമന്ത്രിയുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇത്തരത്തിൽ കൊടുക്കേണ്ട കാര്യങ്ങൾ കൃത്യമായി കൊടുത്തില്ലായെങ്കിലും തന്റെ വീഴ്ച മറച്ചുവയ്ക്കുന്നതിനുവേണ്ടി ഈ പാവങ്ങളെ അധിക്ഷേപിക്കരുത്. അദ്ദേഹം തുടങ്ങിവച്ച വർത്തമാനമുണ്ട്. എത്രമാസമായി കുട്ടി കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

പോയിട്ട്, കോളേജുമായി ബന്ധമുള്ള ഏതെങ്കിലും ഹോസ്റ്റലിലാണോ തമസിച്ചത്, ഈ ദുസ്സൂചനകളാണ് ഇന്നലെ അതിന്റെ പാരമ്യതയിൽ ശ്രീ. ആര്യാടൻ കൊണ്ടെത്തിച്ചത്. ഇത് അതീവ വേദനയോടുകൂടിയാണ് ഈ സഭയിൽ മാത്രമല്ല പുറത്തുപോലും ഞങ്ങൾ കേട്ടിരുന്നത്. ഈ മനോഭാവം മാറ്റണം. ഈ മനോഭാവം തന്നെയാണ് ഏറ്റവും അപമാനകരമായിട്ടുള്ളതും, ആളുകളെ പ്രകോപിപ്പിക്കുന്നതും. ഇന്ന് എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സംഘടനകളും ഈ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അദ്ദേഹം സഭയിൽ ഇല്ല. ചോദിച്ച രണ്ട് കാര്യങ്ങൾക്ക് അദ്ദേഹത്തിൽനിന്ന് മറുപടി ഞാൻ പ്രതീക്ഷിക്കുകയാണ്.

കൃഷിക്ക് എന്താണ് സപ്ളിമെന്ററി ഗ്രാന്റ് വച്ചിട്ടുള്ളതെന്ന് പരിശോധിക്കാം. അത് 63 കോടി രൂപയുണ്ട്. ഈ 63 കോടി രൂപയുണ്ടെങ്കിലും കൃഷിക്ക് വകയിരുത്തിയിരിക്കുന്നത് കഴിഞ്ഞ വർഷം വകയിരുത്തിയതിനേക്കാൾ കുറവാണ്. അതുതന്നെ കെ.എൽ.ഡി.സി.-ക്കും ആർ.ഐ.ഡി.എഫ്.-നും വേണ്ടിയുള്ള മാച്ചിംഗ് ഗ്രാന്റ് കഴിഞ്ഞാൽ ബാക്കിയൊന്നുമില്ല എന്നതാണ് സ്ഥിതി. എവിടെ പാക്കേജ്? പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ഒട്ടേറെ പരിപാടികൾ പ്രഖ്യാപിച്ചല്ലോ. അതിൽ എന്തെല്ലാമുണ്ട്? ഹാന്റ്ലൂമിന്, സ്പെഷ്യൽ റിബേറ്റ് നൽകുമെന്ന് പറഞ്ഞു. ഞാൻ നോക്കി. ഉണ്ട്. 2.8 കോടി രൂപ. ഇതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച പണം നൽകിക്കൊണ്ട് കയറിന് 5 കോടി രൂപ സപ്ളിമെന്ററി ഡിമാന്റ്സിലുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ച വേളയിൽ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചു. – ഇവിടെ രൂക്ഷമായ വിമർശനം വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ 5 കോടി രൂപ അനുവദിച്ചു.– സംശയമുണ്ടെങ്കിൽ രേഖകൾ പരിശോധിക്കൂ. ആ പണം എവിടെയാണ്? പരമ്പരാഗത വ്യവസായങ്ങൾക്ക് നിങ്ങൾ പ്രഖ്യാപിച്ച പാക്കേജ് എവിടെ? ഫിഷറീസ് വകുപ്പുമന്ത്രി മറുപടി പറയുന്ന വേളയിൽ പറഞ്ഞു ഫിഷറീസ് സെക്ടറിൽ റോഡുകൾക്കുവേണ്ടി ശ്രീ. കെ. സി. വേണുഗോപാലാണ് വാദിച്ചത്. അനുവദിച്ച റോഡിന് ഇന്നിപ്പോൾ പണമില്ല എന്ന് മന്ത്രി പറഞ്ഞു. പണം കണ്ടെത്തണം. ഇപ്പോൾ എന്താണ് അതിനുവേണ്ടിയുള്ളത്? 1 കോടി രൂപ. എന്തിന്? ഇതിനകം പണി ചെയ്ത റോഡുകളുടെ പേമെന്റിനു വേണ്ടി കൂടുതൽ പൈസ സപ്ളിമെന്ററി ഡിമാന്റ്സിലുണ്ടോ? ഞാൻ പ്രത്യേകം നോക്കിയ വകുപ്പ് പഞ്ചായത്താണ്. പഞ്ചായത്തിന് അപ്പലേറ്റ് ട്രൈബ്യൂണലിനുവേണ്ടി ആയിരം രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ പഞ്ചായത്ത് മന്ത്രി ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ കോൺഫറൻസ് വിളിച്ചുചേർത്തു. അവർക്ക് ഉറപ്പുനൽകി. എന്താണ്? പ്ളാൻ ഗ്രാന്റിന്റെ ഭാഗമായിട്ട് ഗ്രാന്റല്ലാതെ 175 കോടി രൂപ ആർ.ഐ.ഡി.എഫ്.-ന്റെ വായ്പ ഗ്രാന്റ് എന്ന പേരു പറഞ്ഞ് നിങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് അത് ബ്ളോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനുമാണ് നൽകുന്നത് എന്ന്. അങ്ങനെ നൽകിയതിന്റെ ഫലത്തെക്കുറിച്ച് ഞാൻ ഒരു ബ്ളോക്ക് പഞ്ചായത്തിന്റെ കഥ പറയാം. നിങ്ങൾ വിളിച്ച കോൺഫറൻസിൽ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു അദ്ദേഹത്തിന്റെ ബ്ളോക്കിന്റെ സ്ഥിതി. ബഡ്ജറ്റ് അലോക്കേഷൻ 72 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ആർ.ഐ.ഡി.എഫ്. 47 ലക്ഷം രൂപ കിഴിച്ചാൽ ബാക്കി ഗ്രാന്റ് 24 ലക്ഷം രൂപ. ഇത് ജനറൽ സെക്ടറിൽ. ഇതിൽ നിന്ന് ആർ.ഐ.ഡി.എഫ്.-ന്റെ മാച്ചിംഗ് തുക 4.7 ലക്ഷം രൂപ കൊടുക്കണം. സമ്പൂർണ്ണ ശുചിത്വത്തിന് 6 ലക്ഷം രൂപ മാറ്റി വയ്ക്കണം. അക്ഷയയ്ക്ക് 6 ലക്ഷം രൂപ മാറ്റി വയ്ക്കണം. അംഗൻവാടികളുടെ പൂരക പോഷകാഹാരത്തിന് 20 ലക്ഷം രൂപ മാറ്റി വയ്ക്കണം. ആകെ 33 ലക്ഷം രൂപ. 24 ലക്ഷം രൂപയേ ബാക്കിയുള്ളൂ, പദ്ധതി എങ്ങനെയുണ്ടാക്കും? കേരളത്തിലെ മുഴുവൻ ബ്ളോക്ക് പഞ്ചായത്തുകളും നേരിടുന്ന പ്രതിസന്ധിയാണ് ഇത്. സ്പിൽ ഓവറിന് 16 ലക്ഷം രൂപ. പക്ഷേ ഇന്ന് പദ്ധതിയില്ല, ബ്ളോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പദ്ധതിയില്ല. ആ രൂപത്തിലാക്കിയിരിക്കുന്നു. അതുകൊണ്ടാണ് പഞ്ചായത്ത് മന്ത്രി കോൺഫറൻസ് വിളിച്ചിട്ട് ആർ.ഐ.ഡി.എഫ്.-ന്റെ വകുപ്പിന് വകയിരുത്തിയിരിക്കുന്ന പണത്തിൽ പകുതിയെങ്കിലും ഗ്രാന്റായി നൽകാം അങ്ങനെ പദ്ധതിയുണ്ടാക്കാൻ പറഞ്ഞു. നാലു തവണ ഗൈഡ്ലൈൻസുണ്ടാക്കി. നാലാമത്തെ ഗൈഡ്ലൈൻസിന് ഇപ്പോൾ വല്ല സാധുതയുമുണ്ടോ? നിങ്ങൾ പറയുന്ന വാഗ്ദാനത്തിനനുസരിച്ച് പദ്ധതിയുണ്ടാക്കാൻ പണം ബഡ്ജറ്റിലില്ല. സപ്ളിമെന്ററിയിൽപ്പോലുമില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ടുള്ള പ്രസംഗത്തിൽ പറഞ്ഞു, എൽ.ഡി.എഫ്. 5 വർഷംകൊണ്ട് നൽകിയതിനേക്കാൾ ക്കൂടുതൽ പണം മൂന്നുവർഷംകൊണ്ട് ഞങ്ങൾ നൽകിയെന്ന്. മുഖ്യമന്ത്രിയും പറഞ്ഞു. എങ്ങനെ? കണക്കുകൊണ്ടുള്ള കളിവേണ്ട. എൽ.ഡി.എഫ്.-ന്റെ 5 വർഷമില്ല. നാലു വർഷമേയുള്ളൂ. 1997-98-ൽ ആണ് ജനകീയാസൂത്രണം ആരംഭിക്കുന്നത്. ഈ നാലു വർഷംകൊണ്ട് എൽ.ഡി.എഫ്. ഗവണ്മെന്റ് എത്രയാണ് നൽകിയത് എന്നുള്ള കണക്ക് ഞാൻ പറയാം. എൽ.ഡി.എഫ്. നൽകിയത് 3294 കോടി രൂപ. പ്രതിവർഷം 823 കോടി രൂപ വച്ച്. ധനകാര്യവകുപ്പു മന്ത്രീ, ഞാൻ പറയുന്ന കണക്ക് തെറ്റാണെങ്കിൽ പറ. 2001-2002-ൽ നിങ്ങൾ 626 കോടി രൂപ കൊടുത്തു. 2002-2003-ൽ 886 കോടി രൂപ കൊടുത്തു. 2003-2004-ൽ 1119 കോടി രൂപയും പിന്നെ അധികം 335 കോടി രൂപയും കൊടുത്തു. എവിടെ നിന്നാണ് അധികം വന്നത്. ആ വർഷം നിങ്ങൾ ആയിരം കോടി രൂപ പഞ്ചായത്തുകളിൽനിന്നു തിരിച്ചു പിടിച്ചു. ആ തിരിച്ചു പിടിച്ചതിൽ നിന്ന് 335 കോടി രൂപ കൊടുത്തു. എന്നാൽ അത് അധികം കൊടുത്തതായിട്ടാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

1000 കോടി രൂപ തിരിച്ചുപിടിച്ചത് കണക്കിലില്ല. അതിൽനിന്ന് 335 കോടി രൂപ കൊടുത്തത് അധികം കൊടുത്തതായിട്ട് പറയുക. എന്താണ് സത്യം? തിരിച്ചുപിടിച്ച പണം എങ്ങനെയാണ് അക്കൗണ്ട് ചെയ്യുക എന്നതുപോലും തീരുമാനിച്ചിട്ടില്ല. ഇതാണ് പഞ്ചായത്തിന്റെ സ്ഥിതി.

ഞാൻ സമയമില്ലാത്തതുകൊണ്ട് ഓരോ മേഖലയും എടുക്കുന്നില്ല. പണമില്ലാത്തതുകൊണ്ടാണ് ഈ കാര്യങ്ങൾ ചെയ്യാൻ പറ്റാത്തതെന്നാണ് മന്ത്രി പറയുന്നത്. അദ്ദേഹത്തോട് വിശദീകരണമൊന്നുമില്ലാതെ മൂന്ന് ചോദ്യങ്ങൾ ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന് ഓൺലൈൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറിയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്ന് ശ്രദ്ധിക്കണം. ഈ പ്ളേവിൻ ലോട്ടറിക്ക് ഡിമാന്റ് നോട്ടീസായിട്ട് 859 കോടി രൂപയുടെ നികുതി അസസ്മെന്റ് നൽകിയോ? 859 കോടി രൂപ സംബന്ധിച്ച് അസസ്മെന്റ് ഓർഡർ പുറപ്പെടുവിച്ചോ? കോടതിയിൽ മി. ജസ്റ്റീസ് രാമചന്ദ്രന്റെ സിംഗിൾ ബഞ്ചിന്റെ മുമ്പാകെ കേസുവന്നപ്പോൾ ഗവൺമെന്റ് പ്ളീഡറോട് കോടതി ചോദിക്കുകയാണ്, ഇത് പ്രീ അസസ്മെന്റ് ഓർഡറായി പരിഗണിച്ചുകൂടേയെന്ന്. പ്രീ അസസ്മെന്റ് ഓർഡറാണെങ്കിൽ അങ്ങനെ ചോദിക്കേണ്ട കാര്യമില്ലല്ലോ? കോടതിയുടെ റിക്കാർഡിൽ അതുണ്ട്. ഗവൺമെന്റ് പ്ളീഡർ പറയുന്നു ഞാൻ ഉച്ചകഴിഞ്ഞ് പറയാമെന്ന്. ഉച്ചകഴിഞ്ഞ് ഗവൺമെന്റ് പ്ളീഡർ എഗ്രീചെയ്യുന്നു ഇത് പ്രീ അസസ്മെന്റ് ഓർഡറായി പരിഗണിക്കാമെന്ന്. ധനമന്ത്രാലയത്തോട് ബന്ധപ്പെട്ടു കൊണ്ടാണോ അസസ്മെന്റ് ഓർഡർ പ്രീ അസസ്മെന്റ് ഓർഡറായിട്ട് പരിഗണിയ്ക്കാമെന്ന് ഗവൺമെന്റ് പ്ലീഡർ കോടതിയിൽ സമ്മതിച്ചത് എന്നതാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് എന്റെ രണ്ടാമത്തെ ചോദ്യം. മൂന്നാമത്തേത്, അഡ്ജൂഡിക്കേഷൻ വന്നു. ഈ സ്ഥാപനം ലൈസൻസ് ഫ്രീയായിട്ട് ഓപ്ക്ഷൻ നൽകിയിട്ടുള്ളതാണ്. ലാഭത്തിന്റെ എട്ട് ശതമാനം സെയിൽസ് ടാക്സല്ല കൊടുക്കുന്നത്. ഓരോ നറുക്കെടുപ്പിനും 20,000 രൂപവച്ച് ഓപ്ഷൻ നൽകിയ സ്ഥാപനത്തിന് ഓപ്ഷൻ മാറ്റി ലാഭത്തിന്റെ പ്രൈസ് മണി കഴിഞ്ഞ് ബാക്കി വരുമാനത്തിന്റെ എട്ട് ശതമാനം നികുതി അടച്ചാൽ മതിയെന്ന് എങ്ങനെ ഉത്തരവുവന്നു? എങ്ങനെ നിങ്ങൾ അത് അനുവദിച്ചു? ഇതാണ് മൂന്നാമത്തെ ചോദ്യം. സുപ്രീംകോടതി വിധി 1986-ലേതാണ്. കേന്ദ്രനിയമം 1998-ലേതാണ്. തർക്കമുണ്ടെങ്കിൽ കോടതി തീരുമാനിക്കട്ടെ. സംസ്ഥാന സർക്കാർ 859 കോടി രൂപ അസസ് ചെയ്തത് ഇത്രയായിട്ട് ചുരുങ്ങി. നിങ്ങൾ ഞങ്ങൾക്ക് മറുപടി തന്നിട്ട് 5,06,00,000 രൂപയാണ് പിരിച്ചത്. 859 കോടി രൂപയുടെ അസസ്മെന്റ്. പിരിച്ചത് 5,06,00,000 രൂപ. ഇവിടെ ചോദ്യത്തിന് ഉത്തരമായിട്ട്, കർശനമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട് കേസ്സെടുക്കുവാനെന്നുപറഞ്ഞു. ഞാൻ ചോദ്യത്തിന്റെ ഉത്തരം പൂർണ്ണമായിട്ട് വായിക്കുന്നില്ല. അതിൽ എന്താണ് പറഞ്ഞത്? സെക്ഷൻ 7(3) പ്രകാരം നിയമവിരുദ്ധമായി ഭാഗ്യക്കുറി വിൽക്കുന്നവർക്ക് എതിരെ ജാമ്യമില്ലാത്ത വകുപ്പ് ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് 31/4-ന് നിർദ്ദേശം നൽകിയെന്ന് ചോദ്യത്തിന് മറുപടി നൽകി. വേറൊരു ചോദ്യത്തിന് ഉത്തരം നൽകിയത് 544 പരാതികൾ അങ്ങയുടെ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട് എന്നാണ്. അതിൽ എത്ര കേസ്സെടുത്തു? കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ മാത്രം ഒരു കേസാണ് എടുത്തത്. പൂട്ടി മുദ്രവച്ച പ്ളേവിൻ ഓഫീസുകൾ മുദ്രപൊട്ടിച്ച് ഓഫീസിൽ കയറി നിയമലംഘനം നടത്തിയതു സംബന്ധിച്ച 31 പരാതികളിൽ ആറിനു മാത്രമാണ് കേസ്സെടുത്തത്.

60 കോടി രൂപയുടെ സ്വർണ്ണാഭരണ പരസ്യം വിവിധ ജ്വല്ലറികളുടേതായി കേരളത്തിൽ നിലവിലുണ്ട്. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് പറഞ്ഞതുപ്രകാരം ഒരു ശതമാനമാണ് വരുമാനത്തിന്റേതിൽനിന്ന് പരസ്യത്തിനായിപോകുന്നത്. കേരളത്തിലെ ഗോൾഡ് ടേൺ ഓവർ 4000 കോടി. അങ്ങ് ഈ സഭയിൽ പറഞ്ഞത് കണക്കുപ്രകാരം ആയിരത്തിനുതാഴെ കോടിയാണ് ടാക്സ് വരുന്നതെന്നാണ്. ഈ സാഹചര്യത്തിൽ അങ്ങുതന്നെ 150 ശതമാനമായി 2001-ലും 200 ശതമാനമായി

2002-ലും ഫൈനാൻസ് ആക്ട് പ്രകാരം വർദ്ധിപ്പിച്ച കോമ്പൗണ്ടിംഗ് റേറ്റ് ഇത്തവണ 130 ശതമാനമായി. കുറച്ചതിന് എന്താണ് ന്യായീകരണം? കിട്ടാവുന്ന പണം, പിരിക്കേണ്ട പണം പിരിക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾക്ക് പണമില്ല. അത്തരത്തിലുള്ള സപ്ളിമെന്ററി ഡിമാന്റുകളാണ് ഞങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ ഇതിനെ ശക്തിയായി എതിർക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ അധിക ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ഡോ. തോമസ് ഐസക് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുവാൻ കഴിയില്ലെന്ന് പറഞ്ഞു. 1989-90 കാലം മുതൽ അധികച്ചെലവുവരുത്തിയ ഇനങ്ങളാണിത്. അതുകൊണ്ട് പ്രസംഗത്തിൽ ഇങ്ങനെയൊക്കെ പറഞ്ഞാലും ഇതിൽ കുറേയേറെ അധിക ധനാഭ്യർത്ഥനകൾ പ്രതിപക്ഷം പാസ്സാക്കേണ്ടിവരും. അതിനെ പിന്താങ്ങേണ്ടിവരുമെന്ന ധാർമ്മിക ഉത്തരവാദത്തിൽനിന്ന് അവർക്ക് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഇവിടെ ക്രമപ്രശ്നം എന്തുതന്നെയായിരുന്നാലും നമ്മുടെ ഭരണത്തിന്റേയും സാമ്പത്തിക മാനേജുമെന്റിന്റേയും കാര്യക്ഷമതയിലേയ്ക്കും സുതാര്യതയിലേയ്ക്കും വിരിൽചൂണ്ടുന്ന ഒരുകാര്യമാണ് ഇത്. 10-15 കൊല്ലക്കാല മായുള്ള അധികച്ചെലവുകൾ ഇപ്പോൾ നമ്മൾ പാസ്സാക്കേണ്ടിവരുന്ന സ്ഥിതി ഭൂഷണമാണെന്ന് എനിക്ക് അഭിപ്രായമില്ല. നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ് ഇതെങ്കിലും ഇത്രയേറെ കാലതാമസംവരാമോയെന്നത് നമ്മൾ ആലോചിക്കേണ്ട കാര്യമാണ്. പലപ്പോഴും വികസനപ്രവർത്തനങ്ങളിൽ വരുന്ന കാലതാമസംകൊണ്ടാണ് ഇങ്ങനെയുള്ള സംഭവങ്ങളൊക്കെ ഉണ്ടാകുന്നത്. വികസന പ്രവർത്തനങ്ങളിൽ കാലതാമസവും ഡിപ്പാർട്ടുമെന്റുകളുടെ അലംഭാവവും ഫൈനാൻസ് മാനേജുമെന്റിന്റെ ശ്രദ്ധക്കുറവുമൊക്കെ ഇതിലുള്ള ഘടകങ്ങളാണ്. ഇത് ആവർത്തിക്കാതിരിക്കുവാൻ വേണ്ട മുൻകരുതൽ വേണമെന്നാണ് എനിക്ക് ആമുഖമായി പറയുവാനുള്ളത്.

നമ്മുടേത് ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഇവിടെ വരുമാനം ഏറ്റവുമധികം നികുതിയിനത്തിലാണ് ലഭിക്കുന്നത്. പരമാവധി നികുതിച്ചോർച്ച ഒഴിവാക്കുക യെന്നതാണ് പ്രധാനപ്പെട്ട കാര്യം. കഴിഞ്ഞ കാലങ്ങളിലേക്കാൾ സെയിൽസ് ടാക്സ് ഇനത്തിൽ കളക്ഷൻ വളരെയേറെ വർദ്ധിച്ചിട്ടുണ്ടെന്നത് ശരിയാണ്. അതിൽ ഞാൻ ബന്ധപ്പെട്ടവരെ അഭിനന്ദിക്കുകയാണ്. പക്ഷേ ഇതുമാത്രം മതിയോ? പിരിക്കുവാൻ കഴിയാവുന്ന എല്ലാം പിരിച്ചെന്ന് അവകാശപ്പെടാൻ കഴിയുമോ? ചോർച്ചകൾ ധാരാളമുണ്ട്. റെയിൽവേ സ്റ്റേഷനുകളും എയർപോർട്ടുകളും വഴി കള്ളക്കടത്ത് എത്രയേറെ നടക്കുന്നു. അതിനെ ശ്രദ്ധിക്കുവാനും നികുതി വെട്ടിപ്പ് തടയാനും ശ്രമിക്കണം. വാളയാറിലും കഞ്ചിക്കോടും അമരവിളയിലും ആര്യങ്കാവിലും ശ്രദ്ധിച്ചാൽ വളരെയേറെ മാറ്റങ്ങൾ വരുത്താൻ കഴിയുമെന്ന് കഴിഞ്ഞ കാല അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് നികുതി പിരിവ് സംവിധാനം കൂടുതൽ ഇന്റൻസിഫൈ ചെയ്യാൻ നമുക്ക് കഴിയണം. ആന ചോരുന്നത് നാം അറിയുന്നില്ല. എള്ളു ചോരുന്നതിനെപ്പറ്റിയാണ് നാം വാചാലമായി സംസാരിക്കുന്നത്. ഇവിടെ പാവപ്പെട്ടവന്റെ പിച്ചപ്പാളയിൽ കയ്യിടാനാണ് എല്ലാവർക്കും താൽപ്പര്യം. ഉദ്യോഗസ്ഥന്മാർക്ക് എളുപ്പം കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളാണിവ. കൊച്ചു മീനുകളെ പിടിക്കുന്നു. തിമിംഗലങ്ങൾ രക്ഷപ്പെടുന്നു എന്നതാണ് സത്യം. കോടിക്കണക്കിന് രൂപ നികുതി വെട്ടിപ്പു നടത്തുന്നവരെ പിടിക്കാൻ നാം ശ്രദ്ധാപൂർവ്വം ശ്രമിക്കുന്നുണ്ടോ? ട്രൈബ്യൂണലുകളിൽ പല കാരണങ്ങൾ കൊണ്ട് കോടിക്കണക്കിന് രൂപയുടെ കേസുകൾ നിൽക്കുകയാണ്. ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ഇതിന്റെ കാലതാമസം മാറ്റാൻ, വേണ്ടി വന്നാൽ അദാലത്തുകൾ നടത്തി സമയബന്ധിതമായി അതു പിരിച്ചെടുക്കാൻ നമുക്ക് കഴിയണം. ബാങ്കുകളിൽ വൺ ടൈം സെറ്റിൽമെന്റിന്റെ കാലമാണ്. ഇക്കാര്യത്തിലും അതു സാധിക്കുമോ എന്നു നാം ആലോചിക്കണം. കച്ചവടക്കാർക്ക് അത് ഗുണകരമാണ്, അതുപോലെ ഖജനാവിനും ഗുണകരമാണ്. അതുകൊണ്ട് കഴിയുന്നതും വേഗം കുടിശ്ശിക പിരിക്കാനുള്ള തീവ്രപരിപാടികൾ ആവിഷ്ക്കരിക്കണം. ഇവിടെ പല ഉൽപ്പന്നങ്ങൾക്കും വില കിട്ടി. റബ്ബറിന് വളരെയേറെ വില കിട്ടി. റബ്ബറിന്റെ വിൽപ്പന വളരെയേറെ വർദ്ധിച്ചു. പക്ഷേ അതിനാനുപാതികമായി റബ്ബറിന്റെ വിൽപ്പന നികുതി ഇവിടെ ലഭ്യമാണോ? ആലോചിക്കേണ്ട വിഷയമാണത്. എന്റെ അറിവ് ശരിയാണെങ്കിൽ അതു ലഭ്യമായിട്ടില്ല. പല രംഗങ്ങളിലും സ്ഥിതി അതാണ്. നമുക്ക് പിരിക്കാൻ കഴിയുന്ന നികുതികൾ പരമാവധി പിരിക്കണം. നികുതി ചോർച്ച തടയണം. അതെല്ലാം ആവശ്യമുള്ള കാര്യമാണ്.

മറ്റൊന്ന് നമ്മുടെ ചെലവു ചുരുക്കലാണ്. ചെലവു ചുരുക്കലിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഒരുദാഹരണം ഞാൻ പറയാം. നമ്മുടെ സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ എത്ര വാഹനങ്ങളുണ്ട് എന്നതു സംബന്ധിച്ച് എന്തെങ്കിലും കണക്കുണ്ടോ? ഇൻവെന്ററി ഉണ്ടോ? ആവശ്യത്തിനാണോ അവ ഓടുന്നത്? വർക്കുഷോപ്പുകളിൽ ചെലവഴിക്കുന്ന സംഖ്യ എത്രയാണ്? ഇതിനെപ്പറ്റിയൊക്കെ ശാസ്ത്രീയമായി ഒരു പഠനം നടത്തണം. ആവശ്യമില്ലാത്ത എത്രയെത്ര വാഹനങ്ങളാണ് ഓരോ സ്ഥലത്തും കിടന്ന് കേടു വന്നു പോകുന്നത്? അതുകൊണ്ട് നമ്മുടെ വാഹനങ്ങളെ സംബന്ധിച്ച് ഒരു ഇൻവെന്ററി എടുക്കണം. ആവശ്യമില്ലാത്തവ വിൽക്കണം. ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യണം. റിപ്പയർ ചെയ്യാവുന്നത് റിപ്പയർ ചെയ്യണം. ഇഷ്ടംപോലെ വാഹനങ്ങൾ വാങ്ങിക്കൂട്ടുന്ന രീതി മാറണം. മറ്റൊന്നു പറയാനുള്ളത്, നമ്മുടെ ക്ഷേമപദ്ധതികളുടെ കാര്യമാണ്. ഇത്രയേറെ ക്ഷേമപദ്ധതികളുള്ള സംസ്ഥാനം വേറെയില്ല. നല്ല കാര്യമാണ്. പക്ഷേ ക്ഷേമപദ്ധതികളിൽ പാവപ്പെട്ടവർക്ക്, വിധവകൾക്ക്, വികലാംഗർക്ക്, വൃദ്ധർക്ക്

ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല. ഓണം വരുമ്പോൾ കൈനീട്ടം കൊടുക്കുന്നതുപോലെ, കുടിശ്ശിക തീർക്കുന്നതുപോലെ വർഷാന്ത്യത്തിൽ മാത്രം കൊടുക്കുന്ന ഇടപാടായി ഇതിനെ അധ:പതിപ്പിക്കരുത്. ഉള്ളത് സമയാസമയങ്ങളിൽ ലഭ്യമാക്കാൻ നാം ശ്രദ്ധിക്കണം. തൊഴിലില്ലായ്മാ വേതനം വളരെ നല്ല കാര്യമാണ്. എല്ലാ പാർട്ടിക്കാരും, ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ നാം കയ്യടിച്ചു പാസ്സാക്കിയ കാര്യമാണ്.. പക്ഷേ അതിന്റെ സ്ഥിതി എന്താണ്? മടിയന്മാർക്കുള്ള സമ്മാനമായി അതു മാറരുത്. തൊഴിലില്ലായ്മാ വേതനം വാങ്ങുന്ന എത്രപേർ യഥാർത്ഥത്തിൽ തൊഴിലില്ലാത്തവരാണ്, എത്ര പേർ ഉദ്യോഗത്തിലായി എന്നതിനെപ്പറ്റി ആരെങ്കിലും പഠിച്ചിട്ടുണ്ടോ? അധികാരവികേന്ദ്രീകരണം വഴി അവരുടെ സേവനങ്ങൾ എങ്ങനെ ഉപയോഗിക്കാമെന്നു നോക്കണം. തൊഴിലില്ലായ്മാ വേതനം വാങ്ങുന്ന ചെറുപ്പക്കാരുടെ പ്രവർത്തനം ചുരുങ്ങിയത് മാസത്തിൽ നാലഞ്ചു ദിവസമെങ്കിലും, ഉദ്യോഗസ്ഥന്മാർ വഴി വികസന രംഗത്ത് പ്രയോജനത്തിൽ വരുത്താൻ കഴിയണം. ആ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അവർക്ക് തൊഴിലില്ലായ്മാവേതനം കൊടുക്കാൻ പാടുള്ളൂ എന്ന നിബന്ധന വേണമെന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. തൊഴിലില്ലായ്മാവേതനം മടിയന്മാർക്കുള്ള സമ്മാനമായി മാറരുത്. ഖജനാവിലെ കോടികൾ, വികസനപ്രവർത്തനങ്ങളിൽ ചെലവാക്കേണ്ട സംഖ്യ ഇങ്ങനെ നഷ്ടപ്പെടുത്തരുത് എന്നതാണ് എന്റെ അഭിപ്രായം. ഈ വക കാര്യങ്ങളെക്കുറിച്ച് നാമിരുകൂട്ടരും ആലോചിക്കേണ്ട സമയമായി. നിസ്സാര കാര്യങ്ങളെക്കുറിച്ച് രാഷ്ട്രീയ തലത്തിൽ ചർച്ച ചെയ്ത് സമയം കളയുന്നതോടൊപ്പം അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച്, വികാരപരമല്ലാത്ത, വിചാരപരമായ രംഗത്ത് ചിന്തിക്കേണ്ട സമയമായി. കാരണം, കാലം കുറേ കഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷവും വലതുപക്ഷവും ഇവിടെ ഭരിച്ചിട്ടുണ്ട്. ആർക്കും ഒന്നിനേയും കുറ്റം പറഞ്ഞ് രക്ഷപ്പെടാൻ കഴിയുകയില്ല. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ തന്നെ എടുക്കാം. ആകെയുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ, 112 എണ്ണത്തിൽ 1,10,000 ആളുകളാണ് ജോലി ചെയ്യുന്നത്. അതിൽ കെ. എസ്. ഇ. ബി., കെ. എസ്. ആർ. ടി. സി., വാട്ടർ അതോറിറ്റി എന്നിവയിൽ 71,000 ആളുകളുണ്ട്. ബാക്കി 45,000 ആളുകൾക്ക് വേണ്ടിയാണ് 11,000 കോടി രൂപ നാം ചെലവാക്കുന്നത്. ജോലിക്കാർക്കുവേണ്ടി കോടിക്കണക്കിന് രൂപ നാം ഇങ്ങനെ ചെലവാക്കുന്നു. വ്യവസായങ്ങൾ നശിക്കുന്നു. പ്രയോജനമില്ലാതെ, ഓട്ടക്കലത്തിൽ വെള്ളമൊഴിക്കുന്നതുപോലെ, ദീർഘവീക്ഷണമില്ലാതെ പൊതു പണം ധൂർത്തടിക്കുന്നു എന്നതാണ് സത്യം. അതുകൊണ്ട് ഈ വക കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സമാനസ്വഭാവമുള്ള പൊതുമേഖലാസ്ഥാപനങ്ങൾ, വളരെയേറെ ഭീമമായ സംഖ്യ നഷ്ടം വരുത്തുന്ന സ്ഥാപനങ്ങൾ, അവയെപ്പറ്റി സുതാര്യമായി ചർച്ച ചെയ്യണം. ട്രേഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിയനുകളുമായും രാഷ്ട്രീയപ്പാർട്ടികളുമായും പൊതുജനസംഘടനകളുമായും സുതാര്യമായി ചർച്ച ചെയ്ത് നിലനിർത്തേണ്ടവ നിലനിർത്തുകയും അവസാനിപ്പിക്കേണ്ടതിനെ അവസാനിപ്പിക്കുകയും ചെയ്താൽ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് കോടിക്കണക്കിന് രൂപ നമുക്ക് ലാഭമുണ്ടാക്കാൻ കഴിയും. പലപ്പോഴും പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തു വരുന്നവർ, പ്രൊഫഷണലിസം നാം പറയുന്നുണ്ടെങ്കിലും അതല്ല നടക്കുന്നത്. നെയ്ത്തുകാരനെ പിടിച്ച് കടത്തുകാരനാക്കിയാൽ സ്ഥിതി എന്തായിരിക്കും? വഞ്ചിയിൽ യാത്ര ചെയ്യുന്നവനും കടത്തുകാരനും ഒരുപോലെ വെള്ളത്തിൽ മുങ്ങിച്ചാകുന്ന സ്ഥിതിയാണ്. അതുകൊണ്ട് വ്യവസായരംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സാരഥികളായി പ്രൊഫഷണൽ മാനേജുമെന്റിനെ ഏർപ്പെടുത്തി വ്യവസായങ്ങൾ വളർത്താൻ നമുക്ക് കഴിയണം. വ്യവസായരംഗത്ത് ഇതൊക്കെ ചെയ്യുന്നു, കോടിക്കണക്കിന് രൂപ ചെലവാക്കുന്നു. പക്ഷേ നമ്മുടെ പരമ്പരാഗതവ്യവസായങ്ങളെ നാം അവഗണിക്കുന്നു. കൃഷിക്കാരെ നാം അവഗണിക്കുന്നു. അടിസ്ഥാനപരമായി ഒരു കാർഷിക സംസ്ഥാനമായ കേരളത്തിൽ കൃഷിക്കു വേണ്ടി നാം എത്ര സംഖ്യ ചെലവാക്കുന്നു എന്നത് ആലോചിക്കേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ പാക്കേജിനുവേണ്ടി മാത്രം കാത്തിരിക്കാതെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അടിസ്ഥാനപരമായി കൃഷിക്ക് കൂടുതൽ സംഖ്യ വകയിരുത്താൻ ശ്രമിക്കണം.

ഇന്ന് എല്ലാവരും കമ്പ്യൂട്ടറിന്റെ പിന്നാലെയാണ്. കമ്പ്യൂട്ടറിനെ എതിർത്തവർ വരെ കമ്പ്യൂട്ടർ ഭ്രമത്തിലാണ്. കൊള്ളാം. പക്ഷേ കൃഷിയെ മറന്നുകൊണ്ടുള്ള കമ്പ്യൂട്ടറിന്റെ പുറകേയുള്ള ഓട്ടം, അതിന്റെ ദോഷം ഹൈദ്രാബാദിൽ നാം കണ്ടു, കർണ്ണാടകയിലും കണ്ടു. കമ്പ്യൂട്ടർ നല്ലതു തന്നെ. വ്യവസായങ്ങൾ നല്ലതു തന്നെ. പക്ഷേ അത് കൃഷിയുടെ എക്സ്പെൻസസിൽ ആകരുത് എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് കാർഷിക രംഗത്ത് കൂടുതൽ സംഖ്യ ലഭ്യമാക്കാൻ നമുക്ക് കഴിയണം. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ എവിടെ നിൽക്കുന്നു എന്നുള്ള കാര്യം നാം ആലോചിക്കണം. ഇവിടെ ഖാദി ഉണ്ട്. ഖാദി എന്നത് വെറുമൊരു വ്യവസായം മാത്രമല്ല, നമ്മുടെ ദേശീയത്വത്തിന്റെ ഒരു പ്രതീകമാണ്, സ്വാശ്രയത്വത്തിന്റെ പ്രതീകമാണ്. പക്ഷേ ഖാദിയെ ഈ സർക്കാർ വേണ്ടത്ര പരിഗണിക്കുന്നില്ല. വാർഷിക വിറ്റുവരവ് 25 ലക്ഷം രൂപ 50 ലക്ഷം രൂപയാക്കിയെന്നു പറയുന്നു. അത് ആരെയാണ് സഹായിക്കുന്നത്? തമിഴ്നാട്ടിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഖാദി തുണിത്തരങ്ങൾ കൊണ്ടുവന്ന് തുണിക്കച്ചവടം നടത്തുന്നവരെ സഹായിക്കാൻ മാത്രമേ ഈ 25 ലക്ഷം രൂപ 50 ലക്ഷം രൂപയാക്കിയതുകൊണ്ട് പ്രയോജനപ്പെടുകയുള്ളൂ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി അറിയണം. പക്ഷേ പയ്യന്നൂരും തൃശൂരും വിവിധ സ്ഥലങ്ങളിൽ ആയിരക്കണക്കിന് പെൺകുട്ടികൾ ഉപജീവനത്തിനുവേണ്ടി ഖാദി തുണിയുമായി ബന്ധപ്പെട്ടു ജോലി ചെയ്യുന്നുണ്ട്. അവരെ സഹായിക്കാൻ ഇതുകൊണ്ട് സാദ്ധ്യമല്ല. കേന്ദ്ര ഗവൺമെന്റും

ഖാദി കമ്മിഷനും ഖാദി ഉൽപ്പന്നങ്ങളിൽ 21 ഇനങ്ങളെ നികുതിയിൽ നിന്ന് പാടെ ഒഴിവാക്കി. കേന്ദ്ര ഗവൺമെന്റ് ഒഴിവാക്കിയത്, ഖാദി കമ്മിഷൻ ശുപാർശ ചെയ്ത ആ 21 ഇനങ്ങളെ ഈ സംസ്ഥാനത്തും പാടെ ഒഴിവാക്കിയിരുന്നു. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഉദ്യോഗസ്ഥന്മാരുടെ ചില തെറ്റായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തി, ആ അപാകത ചൂണ്ടിക്കാണിച്ചപ്പോൾ അദ്ദേഹം അതൊഴിവാക്കാൻ സന്മനസ്സു കാണിച്ചു. യാഥാർത്ഥ്യബോധം ഇല്ലാത്ത ചില ഉദ്യോഗസ്ഥന്മാരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഖാദിക്ക് നികുതി ചുമത്താൻ തയ്യാറായത് ഖാദിയേയും ദേശീയത്വത്തേയും രാജ്യസ്നേഹത്തേയും അപമാനമാനിക്കുന്നതിനു തുല്യമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഖാദി കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ഈ രാജ്യത്ത് കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗാന്ധിയൻ ചിന്താഗതിയുടെ പൈതൃകത്തിന്റെ അനന്തരാവകാശികളായ പാവപ്പെട്ട ഖാദി തൊഴിലാളികളെ സംരക്ഷിക്കാൻ അവരെ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നാണ്. ബഡ്ജറ്റിൽ ഖാദിക്ക് മൂന്നു കോടി രൂപ റിബേറ്റ് ഇനത്തിൽ കൊടുക്കാമെന്ന് പ്രഖ്യാപിച്ചിട്ട് മാസങ്ങളേറെയായി, ഓണം വന്നിട്ടും 10 പൈസപോലും അവർക്ക് കൊടുത്തിട്ടില്ല. ബഡ്ജറ്റിൽ വകകൊള്ളിച്ച ആ റിബേറ്റെങ്കിലും ഉടനടി കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം.

11.00 a.m.]

സർ, നമ്മുടെ ബഡ്ജറ്റ് പ്രിപ്പറേഷൻ തന്നെ പ്രയോറിറ്റി നിശ്ചയമില്ലാതെയാണ്. അന്ന് ഗ്രാമീണ വായനശാലകളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ പോലെയാണ്. കാലാകാലമായി എഴുതിപ്പോകും, പരിശോധിച്ചാൽ പല വർക്കുകളും ചെയ്തു. കഴിഞ്ഞുകാണും, കഴിഞ്ഞുപോയ പല വർക്കുകളുടേയും എൻട്രികൾ കാണും, അത് വേണ്ടവയാവില്ല. പ്രയോറിറ്റി നിശ്ചയിക്കാൻ നാം ശ്രദ്ധിക്കാറില്ല. ശരിയായി പ്രയോറിറ്റി നിശ്ചയിച്ച് വേണ്ടതുമാത്രം ചേർക്കാൻ നമുക്ക് കഴിയുന്നില്ല. സാമ്പത്തിക നിയന്ത്രണ വൈദഗ്ദ്ധ്യം ഈ കാര്യത്തിൽ വേണം. നമുക്ക് ചെലവിന് ടാർജറ്റുണ്ട്, വരവിന് ടാർജറ്റുണ്ട്, പക്ഷേ acheivemetnts-ന് ടാർജറ്റില്ല. അതൊരു Healthy Financial Management ആണെന്ന് എനിക്ക് അഭിപ്രായമില്ല. അധികാര വികേന്ദ്രീകരണം വന്നു, ബഡ്ജറ്റിൽ ഗണ്യമായ ഒരു സംഖ്യ പഞ്ചായത്തുകൾക്ക് കൊടുത്തു, ബ്ലോക്കുകൾക്ക് കൊടുത്തു. പക്ഷേ 10 കൊല്ലം കഴിഞ്ഞു, Petitions Committee Report, Local Fund Audit Report, Performance Audit എന്നിവ കാണിക്കുന്നത് ഭീമമായ സംഖ്യ ദുർവിനിയോഗം ചെയ്തു എന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം സബ്ജക്ട് കമ്മിറ്റി ചെയർമാൻ സിനെ അനുകൂലിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ചെലവു ചുരുക്കുന്നതിനെക്കുറിച്ചും ദുർച്ചെലവ് ഒഴിവാക്കുന്നതിനെക്കുറിച്ചുമാണല്ലോ പറഞ്ഞു വരുന്നത്. ഈ അവസരത്തിൽ അങ്ങയുടെ അഭിപ്രായം കൂടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻവേണ്ടി പറയുകയാണ്, ഇപ്പോൾ എം.എൽ.എ.-മാർക്ക് നിയമസഭയിൽ നിന്നും അതുപോലെതന്നെ ഗവൺമെന്റിൽ നിന്നും അയയ്ക്കുന്ന് കത്തുകളാണിത്. (ഒരു കത്ത് ഉയർത്തി കാണിച്ചു.) ഇത് സ്പീഡ് പോസ്റ്റിലാണ് വന്നിരിക്കുന്നത്. ഇന്നലെ എനിക്കു കിട്ടിയ കത്താണ്, അതുപോലെതന്നെ 10-15 കത്തുകൾ ഉണ്ട്. എല്ലാത്തിലും 5 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചിരിക്കുകയാണ്. ഓരോ ദിവസവും എത്രയോ ആളുകൾ എം.എൽ.എ. ഹോസ്റ്റലിൽ വരുന്നു. ഇതൊരു മെസ്സഞ്ചർ വഴി കൊടുത്തുവിട്ടാൽ എത്ര രൂപ ഒരു ദിവസംതന്നെ ലാഭിക്കാം. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതല്ലേ?

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: അങ്ങനെ പലതുമുണ്ട്. അതാണ് ഞാൻ പറഞ്ഞത് ആന ചോർന്നാൽ അറിയില്ല എള്ളു ചോർന്നാൽ വളരെ ഗൗരവമാണെന്ന്. ഏതായാലും ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ഡിമാന്റുകളെ സംബന്ധിച്ചിടത്തോളം, ആസൂത്രണമടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിഗത ആനുകൂല്യ വിതരണം മാത്രമാകാതെ evaluation നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. The stand of a politician depends upon where he sits എന്നു പറയും. പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത് ഇരിക്കുന്ന സ്ഥിതിയനുസരിച്ച് എല്ലാത്തിനേയും എതിർക്കുക എന്ന നിഷേധാത്മകമായ സമീപനം ശരിയല്ല നിങ്ങൾ ഒരു responsible opposition ആയി പെരുമാറണം. ഇതൊരു ചക്കടാവണ്ടിയാണെന്ന് ഇവിടെ ചിലർ പറഞ്ഞു, ശരിയാണ്, കഴിഞ്ഞ 5 കൊല്ലക്കാലം സാമ്പത്തികമായി കാര്യക്ഷമതയില്ലാതെ ധൂർത്തടിച്ച് തകരാറാക്കിയ ഈ വണ്ടിയെ, ഭരണയന്ത്രത്തെ ടയർ പുതുക്കി, ബാറ്ററി വച്ച്, അത്യാവശ്യം റിപ്പെയർ നടത്തി മാന്യമായ രീതിയിൽ കൊണ്ടുപോകുന്ന മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രിയേയും ഭരണ സംവിധാനത്തേയും അനുകൂലിച്ചുകൊണ്ട്, ധീരമായി ഈ രംഗത്ത് മുന്നേറണം, കൂടുതൽ നേടാൻ നമുക്ക് കഴിയണമെന്നുമാത്രം പറഞ്ഞു കൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. ഈ സപ്ലിമെന്ററി ഡിമാന്റിൽ പോലീസിന് വീണ്ടും ആയുധങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ ഏതാണ്ട് 9.56 കോടി രൂപയാണ് ആളുകളെ തല്ലുന്നതിനുവേണ്ടി ആയുധങ്ങൾ വാങ്ങിക്കൂട്ടിയതിനു ചെലവഴിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നാം നാൾ * * * പറഞ്ഞു മൂന്നാം നാൾ സത്യം പറഞ്ഞു. ഞാൻ ആഭ്യന്തര വകുപ്പിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞത് സുപാൽ പറഞ്ഞ കണക്കുകളെല്ലാം പഴയ കണക്കുകളാണ്, കഴിഞ്ഞ സർക്കാരിന്റെ

* * * ബഹു. ഡെ. സ്പീക്കറുടെ 25-8-2004-ലെ 596/EB/2004/leg.-ാം നമ്പർ ഉത്തരവു പ്രകാരം സഭാരേഖയിൽനിന്നു നീക്കം ചെയ്തു.

കാലത്തുള്ള കണക്കുകളാണെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ നൽകിയ ചോദ്യത്തിന്റെ മറുപടിയാണ്. ഈ കണക്കുകൾ വായിച്ചു തീർക്കാൻ യഥാർത്ഥത്തിൽ ഇന്നത്തെ സമയം മുഴുവനെടുത്താലും തീരില്ല, 51,985 കേസുകളാണ് ഈ കാലയളവിലുണ്ടായിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിയമസഭയിൽ *** പറഞ്ഞത്, അദ്ദേഹത്തിന്റെ രേഖാമൂലമുള്ള മറുപടിയാണ്. ഈ മറുപടിയനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങളുണ്ടാകുന്ന സംസ്ഥാനം കേരളമാണെന്നുള്ള കാര്യത്തിൽ ഒരുതർക്കവുമില്ല .....(ബഹളം).....പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 136 പേരാണ് ഈ ഗവൺമെന്റിന്റെ കാലത്ത് കൊലചെയ്യപ്പെട്ടത് .....(ബഹളം)..... 29,029 ആത്മഹത്യകളാണ് നടന്നിട്ടുള്ളത്.....,.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: What is your point of order?

ശ്രീ. കെ. ബാബു: സർ, ഇവിടെ ബഹുമാനപ്പെട്ട പുനലൂർ അംഗം പ്രസംഗിച്ചപ്പോൾ മുഖ്യമന്ത്രി *** പറഞ്ഞു എന്ന് പ്രസംഗിക്കുകയുണ്ടായി. ആ പ്രയോഗം സഭാനടപടികളുടെ രേഖയിലുണ്ടാകാൻ പാടില്ല. സഭയെ തെറ്റിദ്ധരിപ്പിച്ചു എന്നുവേണമെങ്കിൽ അദ്ദേഹത്തിന് പറയാം, പക്ഷേ *** പറഞ്ഞു എന്നുള്ള പ്രയോഗം പാർലമെന്ററിയല്ല, അത് പിൻവലിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. പി. എസ്. സുപാൽ: ശ്രീ. കെ. ബാബു പറഞ്ഞതുപോലെ മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചു എന്ന് ഞാൻ പറയുകയാണ്. മുഖ്യമന്ത്രി ഈ സഭയെ തെറ്റിദ്ധരിപ്പിച്ചു. ഇവിടെ Express highway-യുടെ ആവശ്യമുണ്ടോ? ഇവിടെ പ്രതിപക്ഷനേതാവു പറഞ്ഞു അതിന്റെ ആവശ്യമില്ലെന്ന്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. കെ. മുനീറിനോടും മുസ്ലീംലീഗിന്റെ അംഗങ്ങളോടും പറയാനുള്ളത്, ഇവരെല്ലാം 'Express' എന്നു പറഞ്ഞാൽ മതി ചാടിപ്പിടിക്കാൻ വരികയാണ്, നിങ്ങൾ ഈ ചന്ദ്രിക ആഴ്ചപ്പതിപ്പെങ്കിലും ഒന്ന് വായിക്കണം. ഈ ആഴ്ചയിലെ ചന്ദ്രിക ആഴ്ചപ്പതിപ്പാണിത്. (ആഴ്ചപ്പതിപ്പ് ഉയർത്തി കാണിച്ചു.) അതിൽ എന്താണ് പറയുന്നത്? 'മഹാ പാതകൾ മഹാ പാതകങ്ങൾ' ഇത് വന്ദനാശിവയുടെ റിപ്പോർട്ടാണ്, മുഖപ്രസംഗമായി ഇതിനകത്ത് എഴുതിയിരിക്കുകയാണ്.

*** ബഹു. ഡെ. സ്പീക്കറുടെ 25-8-2004-ലെ 596/EB/2004/leg.-ാം നമ്പർ ഉത്തരവു പ്രകാരം സഭാരേഖയിൽനിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

'ഹൈവേകൾ ഒരിക്കലും നമ്മുടെ കൈരേഖകളല്ല' പ്രത്യുത നമ്മുടെ ഭൂവിതാനത്തിൻമേൽ ബാഹ്യശക്തികൾ കെട്ടിയേൽപ്പിക്കുവാൻ പോകുന്ന പുറം രൂപകൽപ്പനകളുടെ ഇരുണ്ട പാടുകളാണവ' എന്നാണ് ഈ മുഖപ്രസംഗത്തിൽ പറയുന്നത്.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഒരു പദ്ധതിയെക്കുറിച്ച് അനുകൂലമായും പ്രതികൂലമായുമുള്ള എല്ലാ അഭിപ്രായങ്ങളും കേൾക്കാൻ ഞങ്ങൾ തയ്യാറാണ്. അത് ചന്ദ്രികയുടെ അഭിപ്രായമല്ല, വന്ദനാശിവയുടെ അഭിപ്രായമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്കുതന്ന കത്തിൽ പറഞ്ഞിട്ടുള്ളത് ഇതാണ്, ഈ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിനുമുമ്പ് അത് ചർച്ചചെയ്ത് തീരുമാനത്തിലെത്തിയശേഷമേ ചെയ്യാൻ പാടുള്ളൂ. അത് ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണെന്നു പറഞ്ഞു. അദ്ദേഹംപോലും ഈ പദ്ധതി പാടേ ഉപേക്ഷിക്കണമെന്നല്ല പറഞ്ഞത് ജനങ്ങൾക്ക് ദോഷം ചെയ്യാത്ത രീതിയിൽ പദ്ധതിയെ പുനരവലോകനം ചെയ്യണമെന്നാണ്. അതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. പി. എസ്. സുപാൽ: ചന്ദ്രികയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വാർത്തയായിട്ടാണ് അത് കൊടുത്തിരിക്കുന്നത്. സമയപരിമിതിമൂലം ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല.

കഴിഞ്ഞ ദിവസം കേരളത്തിൽ ഉണ്ടായ സംഭവ വികാസങ്ങൾ ആരുടെയും കരളലിയിപ്പിക്കുന്നതാണ്. അടൂർ സ്വാശ്രയ എൻജിനീയറിംഗ് കോളേജിൽ പഠിച്ചിരുന്ന രജനി എന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടി ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനത്തെത്തുടർന്ന് പഠിക്കാൻ കഴിയാതെ അതിദാരുണമായി മരണപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് ഇവിടെയുണ്ടായ വാദകോലാഹലങ്ങൾ, അതിനെ ന്യായീകരിക്കുവാൻ ശ്രമിക്കുന്ന സമീപനമല്ലേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത്? പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി ഡോ. എം. എ. കുട്ടപ്പൻ, ആ കുട്ടിയുടെ വീട്ടിൽ പോയില്ലെന്നു മാത്രമല്ല ആ കുട്ടിയെ സ്വഭാവഹത്യ നടത്താൻ ശ്രമിക്കുകയാണ് ചെയ്തത്. ആ കുട്ടിയുടെ വീട്ടിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പോയില്ല, മുഖ്യമന്ത്രി പോയില്ല. ഇപ്പോൾ കാര്യങ്ങൾ വന്നു നിൽക്കുന്നത് എവിടെയാണ്? ആ കുട്ടിയെ സ്വഭാവഹത്യ നടത്തുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പരാമർശങ്ങളെക്കുറിച്ചു ഞാൻ പറയുന്നില്ല. *** അത് എവിടേയും വെട്ടും. പ്രത്യേകിച്ച് *** ശ്രമത്തിന്റെ ഭാഗമായി

---

* * * ബഹു. ഡെ. സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ രേഖയിൽനിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എന്തും ചെയ്യും. അതിനെക്കുറിച്ചു ഞാൻ ഒന്നും പറയുന്നില്ല. സീനിയറായിട്ടുള്ള കോൺഗ്രസ്സ് നേതാവ് ശ്രീ. ആര്യാടൻ മുഹമ്മദ് എന്താണ് പറഞ്ഞത്?.....(ബഹളം).....

ശ്രീ. കെ. സി. വേണുഗോപാൽ: .....(ബഹളം)..... ബഹുമാനപ്പെട്ട അംഗം പി. എസ്. സുപാലിന്റെ പ്രസംഗത്തിനിടയിൽ, അദ്ദേഹം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ *** എന്നൊക്കെ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ല. അതു രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതു രേഖയിൽ കാണില്ല.

ശ്രീ. പി. എസ്. സുപാൽ: ഈ സഭയിലെ സീനിയർ അംഗമായ ശ്രീ. ആര്യാടൻ മുഹമ്മദ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ, 'രജനി എന്ന പെൺകുട്ടി വീട്ടിൽ നിന്നിറങ്ങി ആത്മഹത്യ ചെയ്യുന്നതിനു മുമ്പുള്ള രണ്ടു ദിവസം എവിടെയായിരുന്നു' എന്നു ചോദിച്ചുകൊണ്ട് ആ പെൺകുട്ടിയുടെ സ്വഭാവശുദ്ധിയെ ചോദ്യം ചെയ്യുകയാണുണ്ടായത് .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ചില ദുരുപദ്ദിഷ്ടമായ പരാമർശങ്ങൾ നടത്തുകയാണ് അദ്ദേഹം. ഏഴു മിനിട്ടുകൊണ്ട് അദ്ദേഹത്തിനു പ്രസംഗിക്കാം. പക്ഷേ ഏഴു മിനിട്ടും തെറി വിളിച്ചുകൊണ്ടിരുന്നാൽ അതു കേട്ടുകൊണ്ടിരിക്കാൻ പറ്റുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത്തരം കാര്യങ്ങളൊന്നും രേഖയിൽ ഉണ്ടാവില്ല.

ശ്രീ. പി. എസ്. സുപാൽ: *** എന്ന് ഒരു ഉപമയായി പറഞ്ഞു വെന്നേയുള്ളൂ. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ചോദ്യമാണ്, ആ കുട്ടി വീട്ടിൽ നിന്നിറങ്ങി ആത്മഹത്യ ചെയ്യുന്നതുവരെയുള്ള രണ്ടു ദിവസം എന്തു ചെയ്തു? എവിടെ പോയിരുന്നു? .....(ബഹളം).....എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുകയാണ്. എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മകളുടെ മകളാകാൻ പ്രായമുള്ള ഒരു പെൺകുട്ടിയെ സംബന്ധിച്ചാണ് ഇത്ര അധിക്ഷേപകരമായിട്ടുള്ള പരാമർശം നടത്തിയത്. ഇതു യു.ഡി.എഫ്.-ന്റെ നയമാണോ? ഇവിടെ ആദിവാസികളെ വെടിവച്ചു കൊന്നിട്ടു പറഞ്ഞതെന്താണ്? അവർക്ക് തീവ്രവാദികളുമായി ബന്ധമുണ്ടെന്നാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടി, പഠിക്കാൻ കഴിയാത്ത സാഹചര്യത്തിന്റെ പേരിൽ, ഈ ഗവൺമെന്റിന്റെ വികലമായ

---

* * * ബഹു. ഡെ. സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ രേഖയിൽനിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസനയത്തിന്റെ ഫലമായി, അതിദാരുണമായി ആത്മഹത്യ ചെയ്തപ്പോൾ, ആ പെൺകുട്ടിയെ സ്വഭാവഹത്യ നടത്താനുള്ള ശ്രമമാണ് നിങ്ങളുടെ ഭാഗത്തു നിന്നുമുണ്ടായത്. ഇതു കോൺഗ്രസ്സ് സംസ്ക്കാരമാണ്, 'മുണ്ടുരിയുന്ന' സംസ്ക്കാരമാണ് സാർ. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പരാമർശം ഇവിടെ നടത്തുന്നത്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ നിയമസഭയോടും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളോടും ക്ഷമചോദിക്കണമെന്നാണ്, മാപ്പു ചോദിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണത്തിനു ഉത്തരവിട്ടു. ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടതിന്റെ അടിസ്ഥാനമെന്താണ്? ഞങ്ങൾ പറയുന്നതിൽ കാര്യമുണ്ടെന്നാണ് ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. മന്ത്രി നാലകത്തു സൂപ്പിയും ഡോ. എം. എ. കുട്ടപ്പനും രാജി വയ്ക്കണം. രജനിയുടെ കുടുംബത്തെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇവിടെ കഴിഞ്ഞ മാസമാണ് സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് ഒരു നിയമം പാസ്സാക്കിയത്. അതു ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താനുള്ള നടപടികൾപോലും ഇതുവരെയുണ്ടായില്ല. അതിന്റെ അർത്ഥമെന്താണ്? അതിന്റെ അർത്ഥമെന്നു പറയുന്നത്, സ്വാശ്രയ മാനേജുമെന്റുകൾക്ക് കോടതിയിൽപ്പോയി മെരിറ്റ് സീറ്റ് അട്ടിമറിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക. .....(ബഹളം).....(മൈക്ക് ഓഫ്) സ്വാശ്രയ മാനേജുമെന്റുകളെ സഹായിക്കുന്ന വഴിവിട്ട സമീപനമാണ് കോൺഗ്രസ്സുകാർ സ്വീകരിച്ചുവരുന്നത്..... യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ കൈക്കൂലി വാങ്ങിയിരിക്കുന്നു. (മൈക്ക് ഓഫ്) ഈ സ്വാശ്രയ മാനേജുമെന്റുകളെ നിയന്ത്രിക്കുവാൻ തയ്യാറായില്ലെങ്കിൽ ഇടതുപക്ഷ യുവജന പ്രസ്ഥാനങ്ങൾ ഇത്തരം സ്ഥാപനങ്ങളെ പ്രവർത്തിപ്പിക്കുവാൻ അനുവദിക്കുകയില്ലെന്നു പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൻമേലുള്ള ഉപധനാഭ്യർത്ഥനകളേയും 1989-90-നും 2001-02-നും ഇടയ്ക്കുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുകയാണ്. മൂന്നു വർഷം പിന്നിട്ട ഈ ഗവൺമെന്റ് വികസന രംഗത്ത് വമ്പിച്ച നേട്ടം കൈവരിച്ചു. അതിന്റെ വിശദാംശങ്ങളിലേയ്ക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിച്ചു. നികുതി കുടിശ്ശികകൾ പൂർണ്ണമായും പിരിച്ചെടുക്കുക, നികുതി ചോർച്ച പൂർണ്ണമായും തടയുക, അതുപോലെ അപ്പലേറ്റ് ട്രൈബ്യൂണലുകളിലുള്ള കേസ്സുകൾക്ക് എത്രയും വേഗത്തിൽ തീർപ്പു കൽപ്പിക്കുക, കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പുകൽപ്പിക്കുക എന്നിവ കൃത്യമായും ചെയ്യുകയാണെങ്കിൽ സർക്കാരിന് നികുതി പിരിവ്

ഊർജ്ജിതപ്പെടുത്താൻ കഴിയും. സമയബന്ധിതമായി നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കർശനമായും നികുതി ചോർച്ച തടയണം. നമ്മുടെ വികസന രംഗത്ത് പ്രവർത്തിക്കുന്ന ഒരു വകുപ്പാണ് പൊതുമരാമത്തു വകുപ്പ്. പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തികളുടെ ഓരോ വർഷത്തേയും എസ്റ്റിമേറ്റ് തുക, റേറ്റ് പുതുക്കുന്നത് അനുസരിച്ച് കൂടിക്കൂടി വരുന്നു. ബഡ്ജറ്റിൽ ഓരോ പ്രാവശ്യവും നീക്കി വയ്ക്കുന്ന തുക വളരെ പരിമിതമാണ്. അതു കുറഞ്ഞു കുറഞ്ഞു വരികയാണ്. നേരെ മറിച്ച് എസ്റ്റിമേറ്റ് തുക കൂടിക്കൂടി വരികയാണ്. ഓരോ വർഷവും ചെലവ് കൂടിക്കൂടി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽത്തന്നെ ഇതിനാവശ്യമായ തുക നീക്കി വച്ച് പി.ഡബ്ല്യൂ.ഡി.-യെ രക്ഷിക്കണമെന്നാണ് എനിക്കു ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടു പറയാനുള്ളത്. ഇവിടെ ഏറ്റവും കൂടുതൽ നിവേദനം നൽകുന്നത് റോഡുകളുടെയും പാലങ്ങളുടെയും കാര്യങ്ങൾക്കാണ്. ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ സമീപം ഈ ആവശ്യങ്ങളുമായി ചെല്ലുമ്പോൾ 'ഫണ്ടില്ലെങ്കിൽ ഞങ്ങൾക്ക് എന്തു ചെയ്യാനാകും'? എന്നുള്ള മറുചോദ്യമാണ് ഞങ്ങളോട് ചോദിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ധനകാര്യവകുപ്പിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. അടങ്കൽ തുക 13 കോടി രൂപയിൽ ആരംഭിച്ച കല്ലട പദ്ധതി, കാലതാമസം കാരണം ഇന്ന് ആയിരം കോടി രൂപ കവിയാൻ പോകുകയാണ്. പദ്ധതികൾക്ക്, എസ്റ്റിമേറ്റ് തുകയ്ക്ക് അനുസൃതമായുള്ള തുക ചെലവഴിക്കത്തക്ക രീതിയിലുള്ള ഫണ്ട് ഓരോ വർഷവും ബഡ്ജറ്റിൽ നീക്കി വയ്ക്കണം. ഇല്ലെങ്കിൽ നമ്മുടെ പദ്ധതികളിൽ പലതും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയില്ല. അതിന്റെയൊക്കെ പ്രവർത്തനം മന്ദീഭവിക്കുന്നതുകൊണ്ട് സാമ്പത്തികമായി വലിയ നഷ്ടമാണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഓരോ വർഷവും പദ്ധതികൾക്ക് രൂപം നൽകിക്കഴിഞ്ഞാൽ ആവശ്യമായ ഫണ്ട് അതാതു വർഷം നീക്കിവയ്ക്കണം. അതുപോലെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കണം. ഇതിനൊരു മുൻഗണനാക്രമം അനിവാര്യമാണ്. പ്ലാനിംഗിലും ഇതിനാവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ഫണ്ട് ദൗർലഭ്യം കാരണം പല പദ്ധതികളും യഥാസമയം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ എത്രയും വേഗത്തിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം.

വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഒന്നു രണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമുക്കറിയാം നാലും അഞ്ചും കിലോമീറ്റർ നടന്നാലും നമ്മുടെ കൊച്ചുകുട്ടികൾക്ക് വിദ്യാലയങ്ങളിലെത്തിച്ചേരാൻ കഴിയുന്നില്ല. വളരെ വർഷങ്ങളായി നമ്മുടെ ഗവൺമെന്റ് പുതുതായി എൽ.പി. സ്കൂളുകൾ അനുവദിക്കുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ആവശ്യമായ സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി എൽ.പി. സ്കൂളുകൾ അനുവദിക്കണം. നിലവിലുള്ള എൽ.പി. സ്കൂളുകൾ യു.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യണം. ഇംഗ്ളീഷ് മീഡിയം വിദ്യാലയങ്ങൾ നമുക്കാവശ്യമാണ്. ഇപ്പോൾ നമ്മുടെ നാട്ടിലുള്ള കുട്ടികൾ സ്വകാര്യ മേഖലയിലുള്ള സ്കൂളുകളിലേയ്ക്കാണ് പോകുന്നത്. സാധാരണക്കാരായ കുട്ടികൾക്ക് അവിടത്തെ ഫീസും മറ്റ് ബാദ്ധ്യതകളും താങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് സർക്കാർ എയിഡഡ് സ്കൂളുകൾ അനുവദിച്ച് അവിടെ എൽ. കെ. ജി., യു. കെ. ജി. ക്ളാസ്സുകൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. ഈ രീതിയിലുള്ള പരിഷ്ക്കരണം വിദ്യാഭ്യാസ രംഗത്ത് അത്യാവശ്യമാണ്. നിലവിലുള്ള എൽ.പി. സ്കൂളുകളോടനുബന്ധിച്ചുതന്നെ എൽ.കെ.ജി., യു.കെ.ജി. ക്ളാസ്സുകൾ ആരംഭിക്കണം. ഒന്നാം ക്ളാസ്സുമുതൽ തന്നെ ഇംഗ്ളീഷ് പഠിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കുവാനുള്ളത്, അഞ്ചാം ക്ളാസ്സുവരെയുള്ള പ്രൈമറി സ്കൂളുകളുണ്ട്. നാലാം ക്ളാസ്സുവരെയുള്ളതിനുപകരം അഞ്ചാം ക്ളാസുവരെയുള്ള പ്രൈമറി സ്കൂളുകളുണ്ട്. അതെല്ലാംതന്നെ യു.പി. സ്കൂളുകളാക്കാനുള്ള നടപടി സ്വീകരിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് അതിപ്പോഴും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അഞ്ചാം ക്ളാസ്സുവരെയുള്ള പ്രൈമറി സ്കൂളുകൾ യു.പി. സ്കൂളുകളാക്കി ഉയർത്തണം. പ്ളസ് ടു ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ പ്ളസ് ടു അനുവദിക്കണം. ഗവൺമെന്റ് ഹൈസ്ക്കൂളുകളും പ്ളസ് ടു-വുമില്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഹൈസ്ക്കൂളും പ്ളസ് ടു സ്കൂളുകളും അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാസർഗോഡ് ഗവൺമെന്റ് കോളേജ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു കോളേജാണ്. അവിടെ വളരെയേറെ പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടില്ല കന്നട ഭാഷ പഠിപ്പിക്കുന്ന, ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ഏക കോളേജാണ് അത്. അവിടെ ബി.എ. മലയാളം കോഴ്സ് ഇതുവരെ അനുവദിച്ചിട്ടില്ല. ഈ കോഴ്സ് ആരംഭിക്കുന്നതിനുവേണ്ടി നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നുവരെ ആ കോഴ്സ് ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ബി.എ. മലയാളം കോഴ്സ് ആരംഭിക്കാനും മറ്റ് വിവിധ കോഴ്സുകൾ ആരംഭിക്കാനുമുള്ള നടപടി സ്വീകരിച്ച് ആ ഗവൺമെന്റ് കോളേജിന്റെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ലാബ് അസിസ്റ്റന്റുമാരുടെ കാര്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചെങ്കിലും അവരെ നിയമിക്കാനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനോ നിയമനം അംഗീകരിക്കാനോ ആ ഗവൺമെന്റ് തയ്യാറായില്ല. ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞതിനുശേഷം ഈ ഗവൺമെന്റ് ലാബ് അസിസ്റ്റന്റുമാർക്ക് നിയമനം നൽകാനും അവർക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുമുള്ള നടപടികൾ സ്വീകരിച്ചതിൽ ഞാൻ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയേയും, ധനകാര്യ വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പുമന്ത്രിയേയും അഭിനന്ദിക്കുകയാണ്. അവരുടെ കുടിശ്ശിക ശമ്പളം പി.എഫ്.-ൽ ലയിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കാസർഗോഡുള്ള ബി.എഡ്. സെന്റർ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. അതിനാവശ്യമായ സ്ഥലം നൽകി കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ പിന്നോക്കം കിടക്കുന്ന വിവിധ ജില്ലകളുണ്ട്. തലസ്ഥാന നഗരവികസനത്തിനുവേണ്ടിയുള്ള ഫണ്ടുപയോഗിച്ച് വിവിധ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും ജില്ലാ ആസ്ഥാനത്തേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി വരുന്ന എത്രയോ ആളുകളുണ്ട്. അപ്പോൾ ആസ്ഥാനം ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ കൂടി വികസിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തി വിവിധ പദ്ധതികളാവിഷ്ക്കരിച്ച് ജില്ലാ ആസ്ഥാനങ്ങൾ വികസിപ്പിക്കാനുള്ള നടപടികളുണ്ടാകണം. കാസർഗോഡ് ജില്ല വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയാണ്. 1984-ൽ കാസർഗോഡ് ജില്ല നിലവിൽ വന്നെങ്കിലും ഇന്നും വളരെ പിന്നോക്കം കിടക്കുകയാണ്. അവിടെ കുടിവെള്ളമില്ല, നല്ല റോഡുകളില്ല, വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. ഇങ്ങനെയുള്ള കാസർഗോഡ് ജില്ലയുടെ സമഗ്രമായ വികസനത്തിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വൈദ്യുതിക്ഷാമമുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഈ ജില്ല അഭിമുഖീകരിക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണം. കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം. അതുപോലെ കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പണി ഉടനെ ആരംഭിക്കണം. വളരെ പിന്നോക്കം നിൽക്കുന്ന ഈ ജില്ലയെ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രസംഗത്തിലേയ്ക്ക് കടക്കുന്നതിനു മുൻപ് എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾ പറയാനുണ്ട്. കേരളം സംസ്ക്കാരസമ്പന്നമാണെന്ന് നമ്മൾ പലപ്പോഴും പറയാറുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടിയാണ് നാം കൂടുതൽ പണം ചെലവാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പ്രതിഫലനം കാണേണ്ടത് സംസ്ക്കാരത്തിലാണ്. അടുത്ത കാലങ്ങളിലായി നമ്മുടെ നാട് 'മുടിഞ്ഞുപോയി' എന്ന വാക്ക് പറയാൻ എനിക്ക് ഇഷ്ടമില്ലാത്തതുകൊണ്ട് ഞാൻ അത് പറയുന്നില്ല. വിദ്യാഭ്യാസത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ട് ഒരു നല്ല പ്രകൃതമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ കുറെ വ്യാപാരങ്ങൾ വന്നു. ആളുകളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഈ രാജ്യത്തെ ഭരിക്കാൻ ശ്രമിക്കുന്നുയെന്ന് പറഞ്ഞുപരത്താൻ ശ്രമിക്കുന്നവരുണ്ട്. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളൊന്നും തെറ്റിദ്ധരിക്കപ്പെട്ടിട്ടില്ല. പാവപ്പെട്ടവനെ നന്നാക്കാൻ വേണ്ടി എന്തൊക്കെ പ്രസംഗങ്ങളാണ് നടത്തുന്നത്. പാവപ്പെട്ടവന്റെ പട്ടിണി കൂടിയതല്ലാതെ, അവന്റെ വിശപ്പ് കൂടിയതല്ലാതെ പട്ടിണി മാറ്റാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഞാൻ ആരേയും പ്രത്യേകം കണ്ട് പറയുകയല്ല. അത് കണ്ടിട്ട് എനിക്ക് സങ്കടമാണ് തോന്നുന്നത്. കുറെക്കാലത്തെ വിദ്യാഭ്യാസത്തിനുശേഷം സംസ്ക്കാരസമ്പന്നമായ ജനതയെ കേരളത്തിൽ കാണാൻ കഴിയുമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷെ കാണാൻ കഴിഞ്ഞിട്ടില്ല. ഓരോ കൊല്ലം കഴിയുന്തോറും കൂടുതൽ കൂടുതൽ അക്രമികളെ, താന്തോന്നികളെ ഉണ്ടാക്കിയെടുക്കാൻ മാത്രമേ നമ്മുടെ സംസ്ക്കാരത്തിന് കഴിഞ്ഞിട്ടുള്ളു. ഇത് വലിയ കഷ്ടമാണ്. ഇത്രയും കഷ്ടപ്പെട്ടിട്ടും സംസ്ക്കാരസമ്പന്നരായ ജനതയെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്നില്ല. ഞാനും ഒരദ്ധ്യാപകനായിപ്പോയതുകൊണ്ട് ഇതൊക്കെ കാണുമ്പോൾ എനിക്ക് വളരെ പ്രയാസമാണ്. ഇതൊക്കെ ഞാൻ ആമുഖമായി പറഞ്ഞെന്നേയുള്ളു. ഞാൻ ഇനി പ്രസംഗത്തിലേയ്ക്ക് കടക്കുകയാണ്.

സർ, നമ്മുടെ രാജ്യത്ത് ശമ്പളം കൊടുക്കാൻ വേണ്ടിയും പെൻഷൻ കൊടുക്കാൻ വേണ്ടിയും മറ്റാനുകൂല്യങ്ങളെല്ലാം കൊടുക്കാൻ വേണ്ടിയും മാത്രമാണ് പണമെല്ലാം ചെലവഴിക്കുന്നത്. ഈ നാടിന്റെ വികസനത്തിനുവേണ്ടി ഒരു പൈസപോലും ചെലവാക്കാൻ കിട്ടുന്നില്ല. 90 ശതമാനം പണവും പെൻഷൻ കൊടുക്കാൻ വേണ്ടിയും ശമ്പളം കൊടുക്കാൻ വേണ്ടിയുമൊക്കെയാണ് ചെലവാകുന്നത്. പിന്നെയെങ്ങനെ ഈ രാജ്യം വികസിക്കും. വികസനം, വികസനം എന്നു പറഞ്ഞാൽ വികസിക്കില്ല. നമ്മുടെ രാജ്യത്ത് വികസനം വരണമെങ്കിൽ പണം വേണം. കിട്ടുന്ന പണം മുഴുവൻ തിന്നാനല്ലാതെ, കിട്ടുന്ന പണം മുഴുവൻ വിഴുങ്ങാനല്ലാതെ ഈ ഭൂമിയിലെ മണ്ണ് ഇളകി ആ ഇളകുന്ന മണ്ണിൽ നിന്നും പൊന്നുണ്ടാക്കി ഈ രാജ്യത്തെ ആളുകളുടെ ആവശ്യം നിറവേറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമുക്ക് ആദർശങ്ങൾ പറയാം. ഇപ്പോൾ എല്ലാം ചാനലിന്റെ മുൻപിൽപോയി നിൽക്കുക, ഫോട്ടോയിൽ വരിക, നാട്ടുകാരെയൊന്ന് കാണിക്കുക, ഇതിനുവേണ്ടി എത്ര സമയംവേണമെങ്കിലും ചെലവഴിക്കുകയും എത്ര പണം വേണമെങ്കിലും ചെലവാക്കുകയും ചെയ്യും. ഇത്തരത്തിൽ പുച്ഛമായിട്ടുള്ള രീതികൾ, വിദ്യാഭ്യാസമുള്ള, വികസിച്ച ഹൃദയത്തിന്റെ ഉടമകളെന്നു പറയുന്ന നമ്മൾ ഒരിക്കലും കാണിക്കാൻ പാടില്ല. നമ്മുടെ നാട് നന്നാകാത്തത് അതുകൊണ്ടാണ്. ഇവിടെ ഒരുപാട് ഒരുപാട് പരിഷ്ക്കാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മൂന്ന് പരിഷ്ക്കാരങ്ങളാണ് ആദ്യം ചെയ്യേണ്ടത്. വെള്ളം, വഴി, വെളിച്ചം ഈ മൂന്നു 'വി'-കളും നമുക്കുണ്ടാക്കിക്കൊടുക്കാൻ സാധിച്ചാൽ ശാപ്പാട് ഇല്ലെങ്കിലും നല്ല വഴിയെ നടന്നുപോയി കാലുതട്ടി മുറിയാതെ വീട്ടിൽപ്പോയി കിടന്നുറങ്ങാമല്ലോ. അപ്പോൾ വെള്ളത്തിനും

LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചത്തിനും വഴിക്കും പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പരിപാടികളാണ് ഈ സർക്കാർ നടത്തേണ്ടത്. തൊണ്ണൂറു ശതമാനം ആളുകളും ജീവിക്കുന്ന നാട്ടിൻപുറത്തെ വഴികൾ നിർമ്മിക്കുന്നതിന് 35,000 രൂപയാണ് ഒരു പഞ്ചായത്ത് മെമ്പർക്ക് ബാക്കി വരുന്നത്. അതിനൊന്നും പണം കൊടുക്കാനില്ല. നഗരങ്ങളിലെ വലിയ തോതിലുള്ള പണികൾക്കു മാത്രമേ പണമുള്ളൂ. പക്ഷേ ഈ പണത്തിന്റെ ഉടമകൾ നാട്ടിൻപുറത്തുകാരുകൂടിയാണ്. അവരുടെ ആഗ്രഹം നാട്ടിൽ ചെറിയ ടാറിട്ട റോഡ് അല്ലെങ്കിൽ വീട്ടിലേയ്ക്ക് പോകാനൊരു വഴി എന്നതാണ്. ഇതുകൂടി നമ്മൾ കാണേണ്ടതാണ്. അതൊന്നും ചെയ്യാനുള്ള ആക്കവും തൂക്കവും നമ്മുടെ സർക്കാരുകൾക്കില്ല. ആരേയും പ്രത്യേകം പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പണം ചെലവഴിക്കുമ്പോൾ പേരും പെരുമയും ഉണ്ടാക്കാൻവേണ്ടി ചെലവഴിക്കുന്ന രീതി ചില നാട്ടിൻപുറങ്ങളിലുണ്ട്. അത് സർക്കാരിന് വേണ്ട. സർക്കാർ അങ്ങനെയല്ല ചെയ്യേണ്ടത്. എല്ലാപേരേയും ഒരുപോലെ കാണണം. നാട്ടിൻപുറത്തെ പാവപ്പെട്ടവന് ആവശ്യം നേടിക്കൊടുക്കുന്നതും വലിയ ആളുകൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതുമൊക്കെ ഒരേ രീതിയിലായിരിക്കണം. അതല്ലാതെ പാവപ്പെട്ടവന്റെ പണമെല്ലാം പിഴിഞ്ഞെടുത്ത് പട്ടണത്തിൽ കൊണ്ടുപോയി ചെലവഴിച്ച് മോടികൂട്ടണമെന്നുള്ള ആഗ്രഹം നടപ്പിലാക്കിക്കൊടുക്കേണ്ട കാര്യമില്ല. പണം എത്രയേറെ ചെലവഴിച്ചാലും അത് നമ്മുടെ നാട്ടിൽ പ്രയോജനപ്പെടുന്നില്ല. പണം അത്രയ്ക്ക് ചെലവഴിക്കാനുണ്ടോ? നൂറിൽ തൊണ്ണൂറും ശമ്പളത്തിനും പെൻഷനും മറ്റുള്ള കാര്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്. ബാക്കി പത്തു രൂപയുടെ വികസനം മാത്രമാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. ആ വികസനംപോലും ശരിയായ രീതിയിൽ നടപ്പിലാക്കാൻ നമുക്ക് കഴിയുന്നില്ല. ഗ്രാമവാസികളുടെ ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് കൂടുതൽ പണം ചെലവഴിക്കണം. അവരെപ്പറ്റി ആർക്കും ഒന്നും പറയാനില്ല. അവർക്ക് ആരും ഒന്നും കൊടുത്തില്ലെങ്കിലും ഇവിടെ ശബ്ദം കേൾക്കുകയില്ലല്ലോ. പ്രമാണിമാരേയും നഗരവാസികളേയും മാത്രം നോക്കി ജീവിക്കുന്ന ഇന്നത്തെ സംസ്കാരവും പരിഷ്കാരവും ഏത് ഗവൺമെന്റ് വന്നാലും അങ്ങനെ തന്നെയാണ്. പാവപ്പെട്ടവന്റെ കാര്യം പേരിനു പറയും. അനുഭവം തിരിച്ചാണ്. ഗ്രാമത്തിലും പട്ടണത്തിലും ഒരേപോലെ കാര്യങ്ങൾ ചെയ്യണമെന്നുള്ള ആ രീതി നമ്മുടെ കാലത്തെങ്കിലും ചെയ്യണം. നമ്മൾ ഇപ്പോഴും പട്ടണവാസി അല്ലെങ്കിൽ ഗ്രാമവാസി എന്നു പറയുന്ന ആ രീതി മാറ്റി കേരളീയരാണെന്ന് പറയണം. കേരളത്തിലുള്ളവർക്ക് ഒരു കുഴപ്പമേയുള്ളൂ. തൊഴിലില്ലായ്മ. എന്താണ് തൊഴിലില്ലായ്മ? വൈറ്റ് കോളർ ജോലിയല്ലാതെ മറ്റൊരു ജോലിയും ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ആളുകൾക്ക് കഴിയുകയില്ല. ക്ളാർക്ക് തൊട്ട് മേലോട്ടുള്ള പണികൾ മാത്രമേയുള്ളൂ. അതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കൊന്നും ഇവിടെ ആളുകളെ കിട്ടാതെ വരുന്നത്. ഇപ്പോൾ തൊഴിലില്ല. പാടങ്ങളെല്ലാം വെറുതേ കിടക്കുകയാണ്. ജോലി ചെയ്യാൻ ആളില്ല. എല്ലാപേർക്കും പണം വേണം, ജോലി വേണം. ആ രീതിയിലേയ്ക്കുപോയാൽ നമ്മൾ പട്ടിണി കിടക്കും. മറ്റുള്ളവരെപ്പറ്റി കുറ്റം പറയാനും വഴിയിലിറങ്ങി പൊതുമുതൽ നശിപ്പിക്കാനും ധാരാളം ആളുകളെ കിട്ടുന്നത് അതിന്റെ കൂടി അടിസ്ഥാനത്തിലാണ്. അതുകൊണ്ട് എന്റെ അഭിപ്രായം, സപ്ളിമെന്ററി ഡിമാന്റ്സ് കൊണ്ടുവരുന്നതിൽ എനിക്ക് പിണക്കമില്ല. പക്ഷേ ആദ്യം ആലോചിക്കണം. എത്ര രൂപ ചെലവാക്കേണ്ടി വരും; ഏതിനൊക്കെ ചെലവാക്കേണ്ടിവരും; അതിനൊക്കെ ചെലവാക്കേണ്ട തരത്തിലായിരിക്കണം. അല്ലാതെ സപ്ളിമെന്ററി ഡിമാന്റ്സിൽ കൂടുതൽ പണം ചോദിക്കാനുള്ള സന്ദർഭം ഉണ്ടാക്കിക്കൊണ്ടുവരുന്നത് ധനതത്വശാസ്ത്രത്തിന്റെ മേൻമയൊന്നുമല്ല. ധനതത്വശാസ്ത്രമെന്നു പറയുകയും ചെലവ് മറ്റു വിധത്തിൽ ചെയ്യുകയും ചെയ്യുന്നത് മോശമാണ്. ധനതത്വ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തിന്റെ വരുമാനം കാണുകയും ചെലവാക്കുകയും ചെയ്താൽ ഒരു നഷ്ടവും ഉണ്ടാകുകയില്ല, സപ്ളിമെന്ററി കൊണ്ടുവരേണ്ട കാര്യവുമില്ല. സപ്ളിമെന്ററി ഗ്രാന്റ്സ് കൊണ്ടുവരാത്ത രൂപത്തിൽ ബഡ്ജറ്റ് രൂപീകരിച്ച് കാര്യങ്ങൾ പഠിച്ച് ഗ്രാമപ്രദേശങ്ങളിലും പട്ടണ പ്രദേശങ്ങളിലും ഒരുപോലെ ഒരു തൂക്കത്തിൽ പണം ചെലവഴിക്കുന്ന അവസ്ഥ ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വെള്ളം, വെളിച്ചം, വഴി എന്നീ മൂന്ന് പ്രധാനപ്പെട്ട 'വി'-കൾക്കു വേണ്ടി ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്? 28 കോടി രൂപ. 28 കോടി രൂപവച്ച് ഈ രാജ്യത്തെ വഴികൾ നന്നാക്കാമെന്ന് ആര് വിചാരിച്ചുവെന്ന് എനിക്ക് അറിയില്ല. അതിന് രണ്ടോ മൂന്നോ കോടി രൂപ കൂട്ടിയാൽ പോരാ. വളരെ കൂടുതൽ തുക, കുറഞ്ഞത് 100 കോടി രൂപയെങ്കിലും മരാമത്ത് പണികൾക്കുവേണ്ടി മാറ്റിവച്ചാൽ മാത്രമേ മനുഷ്യന് വഴിയേ നടക്കാൻ പറ്റുകയുള്ളൂ. സപ്ളിമെന്ററിയിൽ അതില്ല. സപ്ളിമെന്ററി ഗ്രാന്റിനെക്കുറിച്ച് കൂടുതൽ പറയാനുണ്ടെങ്കിലും എന്റെ ആഗ്രഹം പൊതുമരാമത്തുവകുപ്പിന് കൂടുതൽ പണം അനുവദിച്ചുകൊണ്ട് മാത്രമേ ബഡ്ജറ്റ് അവസാനം പാസ്സാക്കാൻ പാടുള്ളൂവെന്നാണ്. ഏതു സ്ഥലത്ത് എന്തു വന്നാലും എം.എൽ.എ. ഫണ്ട്, വഴി വേണമെങ്കിലും ആശുപത്രി വേണമെങ്കിലും തോട് വേണമെങ്കിലും എല്ലാത്തിനും എം.എൽ.എ. ഫണ്ട്. പാവപ്പെട്ട എം.എൽ.എ.-മാർക്ക് അഞ്ചാറു കാശ് കൊടുത്തിട്ട്. പാവപ്പെട്ട ആളുകളെ പിന്നാലെ പറഞ്ഞയയ്ക്കുന്ന രീതി ശരിയല്ല. സർക്കാർ ബഡ്ജറ്റിൽതന്നെ അതിനുള്ള വഴി കാണേണ്ടതാണ്. ഈ ബഡ്ജറ്റിനകത്ത് അപാകതകളുണ്ടോ ശരിയാണോ തെറ്റാണോ എന്നൊന്നും ഞാൻ ഇപ്പോൾ

പറയുന്നില്ല. ഏതായാലും ഒരുപാട് കുറവുകൾ ഉള്ളത് പരിഹരിക്കാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്. .ഇക്കാര്യത്തിൽ ഇടതും വലതുമൊന്നും വലിയ വ്യത്യാസമൊന്നുമില്ല. അല്പമെങ്കിലും ബോധമുണ്ടെങ്കിൽ ഇപ്പുറത്താണെന്ന് ഞാൻ പറയുകയാണ്. അതുകൊണ്ട് ഈ രാജ്യത്ത് നമ്മൾ ചെലവഴിക്കുന്ന പണം ഈ നാട്ടിലുള്ള ആളുകൾക്ക് പ്രയോജനപ്രദമായി തീരത്തക്കതരത്തിൽ ആയിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ സപ്ളിമെന്ററി ഗ്രാന്റ്സിനെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് അത്യാവശ്യ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും കാഴ്ചവയ്ക്കുന്നതിനുവേണ്ടി ചെലവഴിക്കേണ്ട തുകയ്ക്ക് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ പ്രതിപക്ഷത്തുള്ളവർ പ്രതിപക്ഷം എന്ന രീതിയിൽ എതിർക്കുന്നത് മനസ്സിലാക്കാം. അതൊന്നു വായിച്ചു നോക്കിയെങ്കിൽ ഇവർക്ക് എതിർക്കാൻ കഴിയുമോ എന്നാലോചിക്കണം? ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനുവേണ്ടി 13.08. കോടി രൂപ ചെലവായി. ആ തുക എന്തിനുവേണ്ടിയാണ് ചെലവാക്കിയതെന്ന് ന്യായീകരിക്കാൻവേണ്ടി സപ്ളിമെന്ററി ഗ്രാന്റ്സിന് അനുവാദം ചോദിച്ചിരിക്കുകയാണ്. അതിനെ അവർ എതിർക്കുകയാണ്. തെരഞ്ഞെടുപ്പു നടന്നതുകൊണ്ട് കേരളത്തിൽ 18 എൽ.ഡി.എഫ്. എം.പി.-മാരെ ലോക്സഭയിലേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞുവെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി അതിനെയെങ്കിലും എതിർക്കാതിരുന്നുകൂടേ? കണ്ണടച്ച് എന്തിനേയും എതിർക്കുന്ന സമീപനം ശരിയാണോയെന്ന് നാം ആലോചിക്കണം. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. പി. എസ്. സുപാൽ സംസാരിച്ചപ്പോൾ കേസ്സുകൾ കൂടുതലാകുന്നുവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഈ അടുത്ത നാളുകളിൽ കേസ്സുകൾ കൂടുതലുണ്ട്. അതിന് കാരണമെന്താണ്? കഴിഞ്ഞ നാലഞ്ചു ദിവസങ്ങളിൽ കേരളത്തിൽ എന്താണ് നടക്കുന്നത്? സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം തമ്മിൽ അക്രമം നടത്തുന്നതിന് മത്സരമല്ലേ? ആരാണ് മുന്നിൽ; ആരാണ് കൂടുതൽ അക്രമം നടത്തുന്നത്; ആരാണ് കൂടുതൽ സർക്കാർ ആഫീസുകൾ തകർക്കുന്നത്; ആരാണ് കൂടുതൽ വാഹനങ്ങൾ കത്തിക്കുന്നത്; ആരാണ് കൂടുതൽ മർദ്ദനം കാഴ്ച വയ്ക്കുന്നത്? ഇത്തരത്തിൽ വല്യേട്ടനും ചെറിയേട്ടനും തമ്മിൽ മത്സരിക്കുകയാണ്. ഇതല്ലേ നാട്ടിൽ നടക്കുന്നത്? കേസ്സെടുക്കാതിരിക്കാൻ കഴിയുമോ? എന്നിട്ട് കേസ് കൂടിയെന്ന് വിലപിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കേസുകൾ കൂടുന്നതിനെക്കുറിച്ചാണ് അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. എസ്.എഫ്.ഐ.-ക്കാർ ഗുണ്ടാത്തല്ല് തല്ലിയതിനെക്കുറിച്ച് ഒരു വാക്കോ ഒരു പ്രതിഷേധമോ അങ്ങ് ഇവിടെ പറഞ്ഞില്ല; മാത്രമല്ല ഇന്നലെ വൈകുന്നേരം ശ്രീ. കെ. പി. രാജേന്ദ്രനേയും ശ്രീ. ബിനോയ് വിശ്വത്തിനേയും ശ്രീ. വെളിയം ഭാർഗ്ഗവൻ സി.പി.ഐ. ഓഫീസിൽ വിളിച്ചുവരുത്തി ശാസിച്ച വിവരം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. ജോണി നെല്ലൂർ: സർ, അത് പുതുമയൊന്നുമല്ല. കാരണം വലിയേട്ടനെതിരെ ഒന്നും മിണ്ടാൻ കഴിയാത്ത ചെറിയേട്ടൻ. ഇവിടുത്തെ അവസ്ഥ അതാണ്. ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. എത്ര കൊള്ളാവുന്ന ആളുകളാണെങ്കിലും വലിയേട്ടന്റെ കണ്ണുരുട്ടൽ കാണുമ്പോൾ ചൂളിപ്പോകുന്നത് സ്വാഭാവികമാണ്. അത് നടക്കുന്ന കാര്യമാണ്. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, നമ്മുടെ സംസ്ഥാനത്ത് കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക കടങ്ങൾക്ക് യാതൊരു ജപ്തി നടപടിയും പാടില്ല എന്ന് ഗവൺമെന്റ് മാറി മാറി നിർദ്ദേശം കൊടുത്തിട്ടുണ്ട്. നമ്മുടെ സഹകരണ ബാങ്കുകളും അതുപോലെ മറ്റു ബാങ്കുകളും കൃഷിക്കാരെ വേട്ടയാടുകയാണ്. അവർ ജപ്തി നടപടികൾ സ്വീകരിക്കുന്നു. നിത്യേന പരാതികളുമായി കൃഷിക്കാർ വരുന്നുണ്ട്. ഇത് അനുവദിക്കാൻ പാടുണ്ടോ എന്ന് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കണം. ജപ്തി നടപടികൾക്കെതിരെ സഭ ഒന്നാകെ വികാരം പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് യാതൊരു കാരണവശാലും ഇന്നുള്ള ജപ്തി നടപടികൾ തുടരുവാൻ അനുവദിക്കരുത്. സഹകരണ ബാങ്കുകളേയും മറ്റു ബാങ്കുകളേയും ഈ കാര്യത്തിൽ കർശനമായി വിലക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് നാം ധാരാളം പണം ചെലവഴിക്കുന്നുണ്ട്. സംസ്ഥാന സർവ്വീസ് പെൻഷണേഴ്സ് യൂണിയനുകൾ എത്രയോ ആവശ്യങ്ങൾ ഉന്നയിച്ചിരിക്കുന്നു അവർ എത്രയോ സമരങ്ങൾ നടത്തിയിരിക്കുന്നു. ജീവിതത്തിന്റെ നല്ല കാലം മുഴുവനും ഈ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി, സർക്കാരിനുവേണ്ടി, നമ്മുടെ നാടിനുവേണ്ടി സേവനം കാഴ്ചവച്ച് ഇപ്പോൾ ജീവിതത്തിന്റെ അന്ത്യകാലത്ത് വിശ്രമം നയിക്കുന്ന അവർക്ക് പെൻഷൻ അൽപ്പം ഒന്ന് വർദ്ധിപ്പിച്ചു കൊടുക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം കൊടുത്തിട്ട് കാലങ്ങൾ ഏറെയായി. 26-7-2004-ന് ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഭയിൽ ഉത്തരം നൽകിയത് എന്റെ കൈവശമുണ്ട്. 'സർവ്വീസ് പെൻഷണേഴ്സ് യൂണിയന്റെ 12-ാം സമ്മേളനം അംഗീകരിച്ച ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു പെൻഷൻ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങൾ കൈകൊണ്ടിട്ടില്ല' എന്നാണ്. അത് വൈകികൂടാ എന്നാണ് എന്റെ അഭിപ്രായം. അവരുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ ഒട്ടും കാലതാമസം വരുത്തിക്കൂടാ. അവരുടെ കണ്ണുനീർ നമുക്ക് ശാപമായി മാറും. അതുകൊണ്ടാണ്

ഞാൻ പറയുന്നത്. അവർ വളരെ കുറച്ചു മാത്രമേയുള്ളൂ. ഈ നാടിനുവേണ്ടി സേവനം കാഴ്ചവച്ചശേഷം വിശ്രമിക്കുന്ന അവർക്ക് അവരുടെ പെൻഷൻ കൂട്ടിക്കൊടുക്കുന്നത് തെറ്റല്ല. മെഡിക്കൽ എയ്ഡ് ഉൾപ്പെടെ, റീ ഇംബേഴ്സ്മെന്റ് ഉൾപ്പെടെ വർദ്ധിപ്പിച്ച് സമയബന്ധിതമായി പെൻഷൻ വർദ്ധിപ്പിച്ചു കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ഫയർ സ്റ്റേഷന്റെ കാര്യം; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതാനും ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപമനമുണ്ടായി. അതിൽ ഒന്ന് എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് എന്ന് പറയുന്ന ഗ്രാമത്തിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും പ്രഖ്യാപനങ്ങൾ ഉണ്ടായി. അന്ന് അതിന് എ.എസ്. കിട്ടാത്തതുകൊണ്ട് തുടങ്ങാൻ കഴിഞ്ഞില്ല. പ്രഖ്യാപനം ഒരു വശത്തുകൂടി. അതിന് ഭരണാനുമതി വേണ്ടേ? എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, പുതിയതായി തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഫയർ സ്റ്റേഷനുകൾ അടിയന്തിരമായി തുടങ്ങണം. അതിന് ആവശ്യമായ ഭരണാനുമതി നൽകുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകണം എന്നാണ്. അല്ലെങ്കിൽ അത് കൊടുത്തു എന്ന് പേരു വരികയേയുള്ളൂ; തുടങ്ങാൻ കഴിയുകയില്ല. ആ വിധത്തിൽ എന്തിനാണ് ഞങ്ങൾക്കൊക്കെ ബുദ്ധിമുട്ടുണ്ടാക്കുന്നത്? ഏതാണ്ട് മൂന്ന് വർഷം കഴിഞ്ഞിരിക്കുന്നു. ഒന്ന് കണ്ണടച്ച് തുറക്കുന്നതിനുമുൻപ് തെരഞ്ഞെടുപ്പിലേയ്ക്ക് പോവുകയാണ്. അതുകൊണ്ട് പ്രഖ്യാപിച്ച കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തിരമായി നിർദ്ദേശം കൊടുക്കണം എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന് നമ്മുടെ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യം. വ്യാജമദ്യം തടയണമെന്ന് എല്ലാവരും ആവശ്യപ്പെടുന്നതാണ്. അവിടെ കാര്യങ്ങൾ കുറേക്കൂടി കർശനമായി പോകണം. എക്സൈസ് ഡിപ്പാർട്ടുമെന്റിന് ആവശ്യത്തിനുള്ള വാഹനങ്ങൾ കൊടുക്കണം. ഉള്ള വാഹനങ്ങൾ ഓടാത്തതാണ്. അവർക്ക് കുറേ വാഹനങ്ങൾ കൂടി കൊടുക്കണം. ഈ സംസ്ഥാനത്തെ എല്ലാ വിഭാഗം ആളുകളും ഒരുപോലെ ആവശ്യപ്പെടുന്നതാണ്; ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കുറേക്കൂടി ശക്തമാക്കുന്നതിന് ഗാർഡുമാർക്കും ഇൻസ്പെക്ടർമാർക്കും പ്രിവന്റീവ് ഓഫീസർമാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഒക്കെ കുറച്ചുകൂടി മെച്ചപ്പെട്ട പരിശീലനം കൊടുക്കണമെന്നത്. അതിന് പണം ആവശ്യമെങ്കിൽ അത് അനുവദിക്കണം. പുതിയ എക്സൈസ് മന്ദിരങ്ങൾ ഉണ്ടാകണം. സർവ്വോപരി അവർക്ക് റെയ്ഡിനും മറ്റും ഉപയോഗിക്കുന്നതിന് നല്ല വാഹനങ്ങൾ കൊടുക്കണം. ഇന്ന് ഷാപ്പ് കോൺട്രാക്ടർമാരുടെ വാഹനങ്ങളിലാണ് നമ്മുടെ ഉദ്യോഗസ്ഥൻമാർ പോകുന്നത്; അത് ഒരിക്കലും അനുവദിച്ചുകൂടാ. അവർക്ക് സഞ്ചരിക്കുവാൻ നല്ല വാഹനങ്ങൾ കൊടുക്കണം. അതിന് ഒട്ടും അമാന്തിച്ചുകൂടാ. എന്റെ അഭിപ്രായം അതാണ്. അതിനുകൂടി പണം നീക്കി വയ്ക്കണം എന്നുകൂടി ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ ഇവിടെ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ ഞാനും ഉണ്ടായിരുന്നതാണ്. അന്ന് പൊതുമരാമത്ത്

LIBRARY ARCHIVES Kerala Legislative Assembly

വകപ്പുമന്ത്രിയായിരുന്ന ശ്രീ. പി.ജെ. ജോസഫ് അപ്പുറത്തിരുന്നുകൊണ്ട് പറഞ്ഞത് നാമെല്ലാം കേട്ടതാണ്. ഈ എക്സ്പ്രസ് ഹൈവേ എന്ന് പറയുന്നത് കേരളത്തിന്റെ സ്വപ്നമാണ്, നമ്മുടെയെല്ലാം സ്വപ്നമാണ് ഈ ഗവൺമെന്റിന്റെ സ്വപ്നമാണ് എന്നൊക്കെ പറഞ്ഞു. എന്നിട്ട് പറഞ്ഞു. കാസർഗോഡ് നിന്നും ചുരുങ്ങിയത് ആറേഴു മണിക്കൂർ കൊണ്ട് തിരുവനന്തപുരത്ത് എത്താൻ സാധിക്കുമെന്നും അതിനുവേണ്ടി ഇതാ ഞങ്ങൾ മുന്നോട്ടു പോകുന്നു എന്നും അന്ന് അതെല്ലാം അദ്ദേഹത്തെക്കൊണ്ട് പറയിപ്പിച്ച ആളുകളാണ് ഇപ്പോൾ ഇരുന്ന് എക്സ്പ്രസ് ഹൈവേ ആവശ്യമാണോ എന്ന് ചോദിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. പി. എസ്. സുപാലും മറ്റു ചില ആളുകളും ഇവിടെ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറഞ്ഞു. ഇത് ഇരട്ടത്താപ്പ് നയമല്ലേ? അവർ ഇപ്പുറത്തിരിക്കുമ്പോൾ എക്സ്പ്രസ് ഹൈവേ വേണം; അപ്പുറത്തിരുന്നാൽ പാടില്ല. ഈ നിലപാടല്ലേ ഇരട്ടത്താപ്പ്? ഈ ഇരട്ടത്താപ്പിനോട് യോജിപ്പുണ്ടോ? അന്ന് ആ ഗവൺമെന്റിനുവേണ്ടി അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് നിയമസഭയിൽ പറയുന്നു എല്ലാവരും അതിനെ അംഗീകരിക്കുന്നു. ഇപ്പോൾ എങ്ങനെയാണ് അതിനെ എതിർക്കുന്നത്? അപ്പോൾ അവരുടെ കാലത്ത് ഏത് നടപടി വന്നാലും നല്ലത്. അവർ കൊണ്ടു വന്ന നടപടി തന്നെ തുടർന്നു കൊണ്ടുപോയാൽ യു.ഡി.എഫ്. ആണ് എന്നുള്ള കാരണത്താൽ അതിനെ എതിർക്കുന്നു. ഈ സമീപനം മാറാതെ നമ്മുടെ കേരളം രക്ഷപ്പെടില്ല.

സാമ്പത്തികമായി വളരെയേറെ പരാധീനതകൾ ഉള്ള സംസ്ഥാനമാണ് നമ്മുടേത്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ശ്രീ. സി. ടി. അഹമ്മദ് അലി ഇവിടെ സൂചിപ്പിച്ചു. എല്ലാ സ്കൂളുകളും അപ്ഗ്രേഡ് ചെയ്യാൻ ഒരു പക്ഷേ സാമ്പത്തിക ബുദ്ധിമുട്ട് കാണും. നമ്മുടെ സംസ്ഥാനത്ത് 1-ാം ക്ലാസ് മുതൽ 5-ാം ക്ലാസ് വരെയുള്ള വളരെ ചുരുക്കം സ്കൂളുകൾ ഉണ്ട്. 8-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ളവയും ഉണ്ട്. 6-ഉം 7-ഉം ക്ലാസുകൾ മാത്രം ഇല്ലാത്ത വളരെ ചുരുക്കം സ്കൂളുകൾ ഉണ്ട്. അവിടെ 5-ാം ക്ലാസിലെ പഠനം കഴിഞ്ഞ് കുട്ടികൾ മറ്റു സ്കൂളുകളിൽ പോകണം. വീണ്ടും തിരിച്ചെത്തണം. 6-ഉം 7-ഉം ക്ലാസിൽ പഠിക്കാൻവേണ്ടി മാത്രം പഠിക്കുന്ന സ്കൂളിൽ നിന്ന് മറ്റൊരു സ്കൂളിൽ പോകേണ്ടി വരുന്ന സ്ഥിതിക്കുമാറ്റം വരുത്താൻ കഴിയണം. വിദ്യാഭ്യാസത്തിനുവേണ്ടി ഭാരിച്ച തുക ചെലവഴിക്കുന്ന നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ വളരെ ദീർഘവീക്ഷണമുള്ള ആളാണ്. ഞാൻ അങ്ങയോട് അഭ്യർത്ഥിക്കട്ടെ. അങ്ങനെയുള്ള സ്കൂളുകൾ എണ്ണത്തിൽ വളരെ കുറവാണ്. ആ സ്കൂളുകളിലെങ്കിലും 6-ഉം 7-ഉം ക്ലാസുകൾ കൂടി എത്രയും പെട്ടെന്ന് തുടങ്ങുവാനുള്ള നടപടി ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ ഉണ്ടാകണം. സമയക്കുറവുകൊണ്ട് ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട ജോണി നെല്ലൂർ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പ്രസംഗിക്കുമ്പോൾ പ്രതിപക്ഷ നേതാവിനെ കുറ്റപ്പെടുത്തി പറഞ്ഞു. എക്സ്പ്രസ് ഹൈവേ വേണ്ട എന്നല്ല പ്രതിപക്ഷ നേതാവ് പറഞ്ഞത്. വലിയ ആക്ഷേപങ്ങൾ അതേക്കുറിച്ച് വന്നിട്ടുണ്ട്. അതുകൊണ്ട് ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും അതിനെക്കുറിച്ച് വിശദീകരണം തേടണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ ശ്രീ. എം. കെ. മുനീർ അൽപ്പം മുൻപ് ചർച്ചയിൽ ഇടപെട്ട് സംസാരിച്ചപ്പോൾ പറഞ്ഞത് പ്രതിപക്ഷ നേതാവിന്റെ കത്ത് അദ്ദേഹം വായിച്ചു. അദ്ദേഹം പറഞ്ഞത് ചർച്ചകൾക്ക് ശേഷമേ തീരുമാനം എടുക്കാനാവൂ; ചർച്ചയ്ക്ക് തയ്യാറാണെന്നാണ്. അത് മന്ത്രി തന്നെ വെളിപ്പെടുത്തിയതാണ്. എക്സ്പ്രസ് ഹൈവേയെക്കുറിച്ച് അൽപ്പം മുൻപ് ഇവിടെ പ്രസംഗിക്കുന്നത് കേട്ടപ്പോൾ അവർ കൊണ്ടു വന്ന കാര്യമാണല്ലോ ഇത് എന്നോർത്ത് പറഞ്ഞു പോയതാണ്. ഇവിടെ സാമ്പത്തിക പരാധീനതകൾക്ക് നടുവിലും ഒട്ടേറെ ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൈത്തറിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സംഖ്യ പോലും നൽകാത്തതിന്റെ ഫലമായി കൈത്തറി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റ് മനസ്സിലാക്കണം. അതുപോലെ ഓണക്കാലത്ത് കൈത്തറിക്ക് റിബേറ്റ് നൽകാൻ സർക്കാർ സന്നദ്ധമാകണം. കൈത്തറിക്ക് റിബേറ്റ് നൽകുന്നില്ലെങ്കിൽ ലക്ഷക്കണക്കിന് പാവപ്പെട്ട കൈത്തറിത്തൊഴിലാളികളുടെ കുടുംബങ്ങളെ രക്ഷപ്പെടുത്താൻ സാധിക്കില്ല. അതുകൊണ്ട് ഗൗരവമായി ഈ വിഷയം കൈകാര്യം ചെയ്യണം. ബഹുമാനപ്പെട്ട ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഖാദിയുടെ കാര്യം പറഞ്ഞു, ഖാദിത്തൊഴിലാളികളുടെ ദയനീയാവസ്ഥ നമുക്കെല്ലാവർക്കും അറിയാം. സ്വാതന്ത്ര്യ സമരകാലത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ വന്ന ബഹുജനപ്രസ്ഥാനം ഇന്ന് അവഗണിക്കപ്പെടുന്നു. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഖാദിക്കും കൈത്തറിക്കും ഈ സംസ്ഥാനത്ത് ഇന്നുള്ളതിനേക്കാൾ കൂടുതൽ പ്രോൽസാഹനം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഉദാഹരണത്തിന് മൺച്ചട്ടിയുടെ വിപണനത്തിനുവേണ്ടി റെയിൽവെ മന്ത്രി ശ്രീ. ലാലുപ്രസാദ് യാദവ് ചെയ്തതുപോലെ ഖാദിക്കും കൈത്തറിക്കും കൂടുതൽ അംഗീകാരം ലഭിക്കുന്നതിന് ഫലപ്രദമായ നടപടികളെക്കുറിച്ച് ആലോചിക്കണം.

ഇവിടെ ഗവൺമെന്റ് കോളേജുകളിൽ കഴിഞ്ഞ മൂന്നു കൊല്ലമായി ഒരു പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സും അനുവദിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, പിന്നോക്ക വിഭാഗക്കാർ, ന്യൂനപക്ഷത്തിൽപ്പെട്ടവർ ഇവർക്കൊക്കെ കാശ് കൊടുക്കാതെ ഉന്നത കോഴ്സിന് പഠിക്കണമെങ്കിൽ ഗവൺമെന്റ് കോളേജുകളിൽക്കൂടി മാത്രമേ സാധിക്കൂ. അതിന് എന്തുകൊണ്ടാണ് ഫണ്ട് അനുവദിക്കാത്തത്? മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട മടപ്പള്ളി കോളേജ്, ബ്രണ്ണൻ കോളേജ്, പേരാമ്പ്ര കോളേജ് അതുപോലുള്ളിടത്ത് പുതുതായി കോഴ്സുകൾ തുടങ്ങണം. ഈ ഗവൺമെന്റ് രണ്ടു മൂന്നു കൊല്ലമായി ഗവൺമെന്റ് കോളേജിനെ അവഗണിക്കുകയാണ്. പുതുതായി ഒരു കോഴ്സും ഇല്ല. എൽ.ഡി.എഫി.-നെ സംബന്ധിച്ച് നിങ്ങൾ മറ്റെന്തു പറഞ്ഞാലും ഓരോ വർഷവും ഓരോ ഗവൺമെന്റ് കോളേജിലും പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്ത്, കോഴ്സ് അനുവദിച്ചു. പാവപ്പെട്ട ആളുകളുടെ കുട്ടികൾ അവിടെ പഠിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടേയും സാധാരണക്കാരുടേയും കുട്ടികൾക്ക് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കാൻ സാധിക്കണമെങ്കിൽ അതിന് സൗകര്യം ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ച് ആലോചിക്കണം. അതുപോലെ ഡഫ് ആന്റ് ഡംബ്, സംസാരിക്കാനും കേൾക്കാനും സാധിക്കാത്ത കുട്ടികൾക്കുവേണ്ടി പലയിടത്തും റോട്ടറിക്ളബും മറ്റും അവരുടേതായ മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. ആ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്രവരെ ക്ളാസുകൾ അവിടെ ഉണ്ടോ ആ ക്ലാസുകൾക്ക് അംഗീകാരം നൽകാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് സാധിക്കേണ്ടതാണ്.

അതുപോലെ വളരെ പ്രധാനപ്പെട്ടതാണ് കടലോരത്തെ മൽസ്യ തൊഴിലാളികളുടെ പ്രശ്നം. അവർ മഴക്കാലത്ത് അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് കടലാക്രമണം. കടലാക്രമണം തടയാൻ കടൽഭിത്തി നിർമ്മാണം നടത്തണം. കടൽഭിത്തി നിർമ്മാണത്തിനാവശ്യമായ ഫണ്ട് ഇറിഗേഷൻ വകുപ്പിന് അനുവദിക്കാൻ സർക്കാർ സന്നദ്ധമാകണം. എന്റെ നാട്ടിലെ ചോമ്പാൽ ഫിഷിംങ് ഹാർബറിന്റെ ഒരു ഭാഗത്തുള്ള പുലിമുട്ട് വലിയ കടലാക്രമണത്തിന്റെ ഫലമായി തകർന്നിരിക്കുകയാണ്. അത് തകർന്നാൽ ആയിരക്കണക്കിന് പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ അവരുടെ വള്ളം അടുപ്പിക്കാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടും. അവിടെനിന്ന് മണൽ വാരാനും അവിടത്തെ പുലിമുട്ട് വീണ്ടും കെട്ടാനും ആവശ്യമായ പണം അനുവദിക്കണം; ഈ സംസ്ഥാനത്തിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നത്തിനു പരിഹാരം കാണണം. ബഹുമാനപ്പെട്ട ശ്രീ. നാരായണക്കുറുപ്പ് ഇവിടെ റോഡിന്റെ പ്രശ്നത്തെപ്പറ്റി പറഞ്ഞു. നമ്മുടെ നാട്ടിൽ പി.ഡബ്ള്യൂ.ഡി. റോഡുകൾക്ക് ആവശ്യത്തിന് ഫണ്ട് ലഭിക്കുന്നില്ല. ഈ വർഷം ഉണ്ടായ വമ്പിച്ച മഴയുടെ ഫലമായി തകർന്ന റോഡുകൾ റിപ്പെയർ ചെയ്യാൻ വേണ്ടി എം.എൽ.എ.-മാർക്ക് ജനങ്ങൾ നിവേദനം നൽകുന്നു. എം.എൽ.എ.-മാർ മന്ത്രിക്ക് നിവേദനം കൊടുക്കുന്നു. എന്നാൽ ഫലപ്രദമായി അത് നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഇത്തരം ആവശ്യങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. തൊഴിലില്ലായ്മാ വേതനത്തിന്റെ കാര്യം. നമ്മുടെ നാട്ടിൽ തൊഴിൽ ഇല്ലാത്ത ആളുകൾ ഉണ്ടെങ്കിൽ അവർക്ക് തൊഴിലില്ലായ്മാവേതനം ലഭിക്കണം. പാവപ്പെട്ട ആളുകൾക്ക് അവശ്യസാധനങ്ങൾ വാങ്ങിക്കാനുള്ള കഴിവ് എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കും അത് പരിശോധിക്കലാണ് ന്യായമായ രൂപത്തിൽ ഒരു ഗവൺമെന്റിന്റെ ചുമതല. അത് തകർക്കരുത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. വളരെയധികം സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്ന കേരളത്തിൽ നികുതി പിരിവിൽ നല്ല പുരോഗതി ഉണ്ടാക്കിയ ഒരു വകുപ്പാണ് ധനകാര്യവകുപ്പ് എന്നുള്ള കാര്യം സന്തോഷത്തോടുകൂടി എടുത്തുപറയട്ടെ, വിൽപ്പന നികുതി സമാഹരണത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ വർദ്ധനവ് 14 ശതമാനമാണ്. 6200 കോടി രൂപ ലക്ഷ്യമിട്ടതിൽ 6080.80 കോടി രൂപ പിരിച്ചു. ഈയിടെ നമ്മുടെ നിയമസഭയുടെ മേശപ്പുറത്തുവച്ച കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2002-2003 വർഷത്തിലെ റിപ്പോർട്ടിൽ നിന്ന് വ്യക്തമാക്കുന്നത്. സമ്പത്തികരംഗം കൂടുതൽ മെച്ചപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഇനിയും ഗൗരവപൂർവം കാണണമെന്നാണ് . റവന്യൂകമ്മിയും, കടവും ചെലവും കുതിച്ചുയരുകയാണ്. 1998-99 ധനവർഷത്തിൽ 17,367 കോടി രൂപയായിരുന്ന സർക്കാരിന്റെ കടബാദ്ധ്യത നാല് വർഷത്തിനകം 33,782 കോടി രൂപയായി വർദ്ധിച്ചു. 2002-2003- ൽ മാത്രം 2947 കോടി രൂപ പലിശയായി നൽകി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റവന്യു വരവിലെ വർദ്ധനവ് 17.4 ശതമാനമായിരുന്നു. റവന്യൂ ചെലവാകട്ടെ 26.5 ശതമാനം കണ്ട് വർദ്ധിക്കുകയും ചെയ്തു. ഇതുകൊണ്ട് സാമ്പത്തിക അച്ചടക്കത്തിന് കേന്ദ്രം നൽകുന്ന 44.31 കോടി രൂപ കേരളത്തിന് നഷ്ടമായതായി സി. ആന്റ് എ. ജി. പറഞ്ഞിരിക്കുകയാണ്. സാമ്പത്തിക അച്ചടക്കം എന്നുള്ളത് നമ്മുടെ സംസ്ഥാനം പരമപ്രധാനമായി കണക്കാക്കി ഈ രംഗത്ത് ഗൗരവപൂർവമായ ഒരു നിരീക്ഷണം ധനകാര്യവകുപ്പിന്റേതായി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി അധികാരത്തിലേറുമ്പോൾ 24,000 കോടി രൂപയായിരുന്ന കടബാദ്ധ്യത രണ്ടു വർഷം പിന്നിടുമ്പോൾ 33,782 കോടി രൂപയായി എന്നാണ് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറയുന്നത്. 2004 മാർച്ച് ആയപ്പോഴേയ്ക്കും കടം നാൽപ്പത്തോരായിരം കോടി രൂപയിൽ ഏറെയായി എന്നുള്ളതാണ് സത്യം. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 90 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കാണ് ചെലവാക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് കേവലം 10 ശതമാനം മാത്രമാണ് ചെലവാക്കുന്നത്. സംസ്ഥാനത്തിന്റെ ഈ നില അതീവ ഗൗരവായിട്ട് കാണണം.ഈ പത്ത് ശതമാനം പണം കൊണ്ട് വിസനമെന്തെങ്കിലും നടക്കുമോ? അതുകൊണ്ട് ചെലവ് ചുരുക്കുന്നതിന് വേണ്ടിയുള്ള വളരെ അടിയന്തിരമായ, ശാസ്ത്രീയമായ സമീപനം ഉണ്ടാകണം. ചില വകുപ്പുകൾ ചെലവ് ചുരുക്കാൻവേണ്ടി ഏർപ്പെടുത്തിയ നിബന്ധനകൾ വെറും കടലാസിൽ മാത്രം ഒതുങ്ങുകയാണ്. അതുകൊണ്ട് ചെലവ് ചുരുക്കാനുള്ള നിബന്ധനകൾ കടലാസിൽ മാത്രം ഒതുക്കിയിട്ടുള്ള വകുപ്പുകളുടെ കാര്യം പരിശോധിച്ച് ഇക്കാര്യത്തിൽ ഒരു മോണിട്ടറിംഗ് സംവിധാനം ഉണ്ടാക്കി അവിടെ ചെലവ് ചുരുക്കാൻവേണ്ടിയുള്ള ഗൗരവപൂർവമായിട്ടുള്ള ഇടപെടൽ വേണം. 35 പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ഒരു വർഷം സംസ്ഥാന ഖജനാവിന് ഉണ്ടാകുന്ന നഷ്ടം 1376.53 കോടി രൂപയാണ്. സംസ്ഥാനത്ത് വായ്പയെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം സമൂഹത്തിലെ താഴേത്തട്ടിലുള്ളവർക്ക് വേണ്ടപോലെ കിട്ടുന്നില്ല എന്നുള്ളതാണ് പച്ചയായ സത്യം. നമ്മുടെ വായ്പകൾ പോലും ശമ്പളത്തിനും മറ്റ് കുടിശ്ശികയ്ക്കുമായി ചെലവഴിച്ചു പോകുകയാണ്. സാധാരണക്കാർക്ക് ചികിൽസ കൊടുക്കേണ്ട ആശുപത്രികളിലെ സ്ഥിതി പോലും ഇതാണെങ്കിൽ നമ്മുടെ സംസ്ഥാന സർക്കാരിന് എത്രമാത്രം മുന്നോട്ടുപോകാൻ പറ്റും? ഈയിടെ പാർലമെന്റിൽ ഒരു സാമ്പത്തിക സർവെ റിപ്പോർട്ട് ചെയ്തത്, രാജ്യത്തെ ഏറ്റവും കുറഞ്ഞ തൊഴിൽ വളർച്ചയുള്ളത് കേരളത്തിലാണെന്നാണ്. തൊഴിലില്ലായ്മയിലും കേരളം തന്നെയാണ് മുൻപിൽ. ഏറ്റവും തൊഴിൽ വളർച്ചയുള്ള ഹരിയാനയിൽ തൊഴിൽ വളർച്ച 2.43 ശതമാനം ഉള്ളപ്പോൾ ഏറ്റവും കുറവുള്ള നമ്മുടെ സംസ്ഥാനത്ത് അത് 0.07 ശതമാനമാണ്. നമ്മൾ എല്ലാപേരെയും ചിന്തിപ്പിക്കേണ്ട കാര്യമാണിത്. ഈ നാട്ടിൽ നാം തൊട്ടതിനൊക്കെ—എന്തിനും ഏതിനും—രാഷ്ട്രീയം പറയുന്നവരാണ്. ഈ നാട്ടിലെ തൊഴിലില്ലായ്മ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ ഏറ്റവും കൂടുതൽ അവസരം ഉണ്ടാക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ പുഷ്ടിപ്പെടുത്താനുള്ള നടപടികൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പതിനോരായിരത്തി അറുപത് രൂപയ്ക്ക് കടക്കാരനായിട്ടാണ് ഓരോ കുഞ്ഞും പിറന്നുവീഴുന്നത്. അതാണ് കേരളത്തിന്റെ സ്ഥിതി. കേരളത്തിന്റെ കടം ഇന്ന് 36,234 കോടി രൂപയായി. 3.18 കോടി വരുന്ന ജനങ്ങൾ ഓരോ ആളും പതിനോരായിരത്തി അറുപത് രൂപയ്ക്ക് കടക്കാരനായിട്ട് മാറുകയാണ്. അതുകൊണ്ട് നമ്മുടെ സമ്പദ്ഘടനയുടെ ഇന്നത്തെ സ്ഥിതിക്കു പരിഹാരം കാണുന്നതിന് ഗൗരവപൂർവമായിട്ടുള്ള ഇടപെടൽ ഉണ്ടാകണം. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ തോമസ് ഐസക്കും സുപാലും അടക്കമുള്ള ആളുകൾ അപ്പുറത്തുനിന്ന് സംസാരിച്ചു. ശ്രീ. സുപാലിന്റെ പ്രസംഗത്തിൽ ഇവിടെ 'പോലീസിന് കൂടുതൽ ആയുധങ്ങൾ കൊടുക്കരുത്, അതു വാങ്ങിക്കുന്നതിന് പണം നീക്കിവച്ചത് ശരിയായില്ല' എന്നൊക്കെ പറഞ്ഞു. പോലീസിന് കൂടുതൽ ആയുധങ്ങൾ വാങ്ങണം. പോലീസിനെ നവീകരിക്കണം. പോലീസിനെ നവീകരിച്ചാൽ മാത്രമേ രക്ഷയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത് എന്താണ്? പൊതുമുതൽ നശിപ്പിക്കുകയാണ്. പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത എവിടെനിന്ന് ഉണ്ടായാലും അതു തടയാൻ തയ്യാറാകണം. എനിക്ക് ഒരു കാര്യം പറയാനുള്ളത്, ജനാധിപത്യത്തിൽ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും അതിന്റെതായ സ്ഥാനം ഉണ്ട്. സമരം വേണം. പ്രക്ഷോഭങ്ങൾ വേണം. അതിനൊക്കെ അതിന്റെതായ സ്ഥാനം ഉണ്ട്. അത് ആരും ഒരിക്കലും കുറച്ചു കാണുന്നില്ല. കേരളത്തിൽ ഇന്നു നടക്കുന്ന സമരങ്ങൾ, അത് ഏത് മുന്നണിയായാലും, ആരായാലും പ്രതിപക്ഷത്ത് ആയിക്കഴിഞ്ഞാൽ സമരം നടത്തുമ്പോൾ പൊതുമുതൽ നശിപ്പിക്കുക എന്നതാണ് ഇപ്പോഴത്തെ ശൈലി. സാധാരണക്കാരന്റെ നികുതിപ്പണം കത്തിച്ചുതീർക്കുന്ന ഈ സമരംകൊണ്ട് സി.പി.എം.-ന് യാതൊരു നഷ്ടവുമില്ല, സി.പി.ഐ.യ്ക്കും യാതൊരു നഷ്ടവുമില്ല. കോൺഗ്രസിനും നഷ്ടമില്ല, ബി.ജെ.പി.-ക്കും നഷ്ടമില്ല. പിന്നെ നഷ്ടം ആർക്കാണ്? നമ്മുടെ പാവപ്പെട്ട ജനങ്ങൾക്ക്.

സർ, ഇൻഡ്യൻ എക്സ്പ്രസ് പത്രത്തിന്റെ ഫ്രണ്ട് പേജിൽ ഒരു വാർത്തയുണ്ട്, നമ്മുടെ സംസ്ഥാനത്തുണ്ടായ അക്രമ സംഭവങ്ങളിൽ കത്തിച്ച, നശിപ്പിച്ച പൊതുമുതലിനെക്കുറിച്ച്. അതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയ
[12.00 Noon] പാർട്ടികൾക്കുണ്ട്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നമ്മൾ തർക്കവിതർക്കങ്ങൾ നടത്തിയാൽ, അതുകൊണ്ട് ഫലമില്ല. പാവപ്പെട്ട ജനങ്ങളുടെ നികുതിപ്പണമാണ് കത്തിച്ചു കളഞ്ഞത്. അതുകൊണ്ട് ഈ സമരം വേണോ, ഇത്തരം ശൈലി വേണോയെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ്, പ്രിയപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുമ്പോൾ പറയണം. അങ്ങ് പാർട്ടി സെക്രട്ടേറിയറ്റിൽ ഈ സമരത്തിന്റെ ശൈലി മാറ്റണം എന്നു പറഞ്ഞ ആളാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ പൊതുമുതൽ നശിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന സമരം, അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമായ നമ്മൾ നോക്കണം. ഈ അക്രമകാരികളെ വിചാരണ ചെയ്യുന്നതിനു വേണ്ടി ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണം. ഈ ഗവണ്മെന്റിനെതിരെ ഇപ്പോൾ നടത്തുന്ന സമരങ്ങളിലെ പ്രതികൾ ഡി.വൈ.എഫ്.ഐ.-ക്കാരായാലും, എ.ഐ.എസ്.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ആയാലും എസ്.എഫ്.ഐ. ആയാലും നാളെ വേറെ ഒരു ഗവണ്മെന്റ് വരുമ്പോൾ അവരുടെ കേസ് പൊതുതാൽപര്യം മറന്ന് പിൻവലിക്കുകയാണ്. ഇപ്പുറത്തെ സ്ഥിതിയും മോശമൊന്നുമല്ല. അതുകൊണ്ട് പൊതുമുതൽ നശിപ്പിക്കുന്ന അക്രമകാരികളായ ആളുകൾക്കെതിരെയുള്ള കേസുകൾക്കുവേണ്ടി ഒരു ഫാസ്റ്റ് ട്രാക്ക് കോടതി സംസ്ഥാനത്ത് ഉണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ നിയമമുണ്ട്. അത് ശക്തമായി നടപ്പിലാക്കിയാൽ മതി.

ശ്രീ. ടി. എൻ. പ്രതാപൻ: ആ നിയമത്തിലിന്ന് പഴുതുകൾ ഏറെയാണ്. അത് അപര്യാപ്തമാണ്. ആ പഴുതുകളുപയോഗിച്ച് പ്രതികൾ രക്ഷപ്പെടും. ഇത്തരത്തിൽ എടുത്തിട്ടുള്ള നിരവധി കേസുകൾ, വർഷങ്ങൾ കഴിഞ്ഞാലും ശിക്ഷിക്കപ്പെടുന്നില്ല. അത്തരം കേസുകൾ ആറ് മാസത്തിനകം തീർപ്പാക്കണം. സി.പി.എം.-ന്റെ തൊഴിലാളി സംഘടനയായ സി.ഐ.ടി.യു. പറഞ്ഞത് കെ.എസ്.ആർ.ടി.സി.-യെ കല്ലെറിഞ്ഞ് കൊല്ലരുതെന്നാണ്. മാർക്സിസ്റ്റ് പാർട്ടിയെ അനുകൂലിക്കുന്ന ബാങ്ക് എംപ്ലോയീസ് യൂണിയനും ഇതല്ലേ പറഞ്ഞത്? അതുകൊണ്ട് അപ്പുറത്തുള്ള ആളുകളും ഇപ്പുറത്തുള്ള ആളുകളും പൊതുമുതൽ നശിപ്പിക്കുന്ന സമ്പ്രദായം മാറ്റണം. പാവപ്പെട്ട ജനങ്ങളുടെ നികുതിപ്പണമാണ് നശിച്ചു പോകുന്നത്.

ശ്രീ. കെ. ബാബു: അങ്ങ് പൊതുമുതൽ നശിപ്പിക്കുന്ന കേസ് വേഗത്തിൽ അവസാനിപ്പിക്കാൻ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണമെന്ന് പറഞ്ഞു. ബോംബെയിൽ അടുത്ത കാലത്ത് സ്വകാര്യ സ്വത്തുക്കൾ നശിപ്പിച്ചതിന്, നശിപ്പിച്ചവരിൽനിന്നും നഷ്ടം ഈടാക്കണമെന്നാണ് തീരുമാനമുണ്ടായത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അങ്കമാലിയിലെ ഒരു ഹോസ്പിറ്റൽ ആക്രമിച്ചതിന് ഗവണ്മെന്റാണ് നഷ്ടപരിഹാരം കൊടുത്തത്. അക്രമകാരികളിൽനിന്നും പണം വസൂലാക്കുന്നതിന് നിയമ ഭേദഗതി വേണം, എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പൊതുമുതൽ നശിപ്പിച്ചവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നിയമമുണ്ട്; നിലവിലുള്ള നിയമത്തിലെ പഴുതുകൾ അടച്ചാൽ മതി. അതിന് കർശനമായ നടപടി സ്വീകരിക്കണം. ഇത്തരം കേസുകൾ ആറ് മാസത്തിനകം തീർപ്പ് കൽപിക്കാൻ ആവശ്യമായ ഫാസ്റ്റ് ട്രാക്ക് കോടതികൾ ഉണ്ടാകണം. ദയവു ചെയ്ത് പാവപ്പെട്ട ജനങ്ങളുടെ നികുതിപ്പണം.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു. ഇനി പറയുന്നതൊന്നും രേഖയിൽ ഉണ്ടാകില്ല.

ശ്രീ. വി. സി. കബീർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുന്നു. ഈ ഗവണ്മെന്റ് ജനങ്ങളുടെ മീതെ മൃഗയാ വിനോദം നടത്തുകയാണ്. പൂച്ച എലികളെ കൊല്ലാൻ സമയം എടുക്കുന്നതുപോലെ. എലികളെ കടിച്ചിട്ട് വലിച്ചെറിയും. പിന്നെയും കടിച്ചിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വലിച്ചെറിയും. അങ്ങനെ എലികളെ കൊല്ലുന്നതിനു മുമ്പ് കളിപ്പിക്കും. ഈ ഗവണ്മെന്റ് കേരളത്തിലെ ജനങ്ങളെ കളിപ്പിക്കുന്ന ക്രൂരവിനോദമാണ് നടത്തുന്നത്. നമ്മുടെ കുഞ്ഞുപെങ്ങളായ രജനിയുടെ മരണത്തിന്റെ ദു:ഖം അലയടിക്കുന്ന ഈ സന്ദർഭത്തിൽ വീണ്ടും ജനങ്ങളുടെ മീതെ ഈ ഗവണ്മെന്റ് നായാട്ടു നടത്തുകയാണ്. ബസ് സമരം വളരെവേഗം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഡീസലിന്റെ വില കൂടിക്കൂടി വരികയാണ്. ഇനിയും കൂടാൻ പോകുന്നു എന്നാണ് ഡൽഹിയിൽ നിന്നുള്ള വാർത്തകൾ. ആ നിലയിൽ ക്യാബിനറ്റ് ആവശ്യമായ ഗൗരവം കൊടുത്ത് ബസ് ഉടമസ്ഥന്മാരെ വിളിച്ചുചേർത്ത് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ഇപ്പോൾ ബസ് ഉടമസ്ഥർ ഉപവാസം കിടക്കുകയാണ്. അതുകൊണ്ട് ജനങ്ങളെ ദ്രോഹിക്കാതെ വേഗംതന്നെ ബസ് സമരം അവസാനിപ്പിക്കണമെന്നാണ് എന്റെ നിർദ്ദേശം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): ബസ് സമരത്തിൽ അഭിപ്രായവ്യത്യാസം നമ്മൾ തമ്മിലൊന്നുമില്ല. ചാർജ് കൂട്ടണമെന്നതാണ് അവരുടെ ആവശ്യം.

ശ്രീ. വി. സി. കബീർ: അതിനെക്കുറിച്ച് അവരല്ലേ പറയേണ്ടത്. ബസ് ചാർജ് വർദ്ധിപ്പിക്കണം. ഡീസലിന്റെ വില കൂടിക്കൊണ്ടിരിക്കുന്നു. അപ്പോൾ എന്താ ചെയ്യേണ്ടതെന്ന് നിങ്ങൾ ആലോചിക്കുക. പെൻഷൻകാരുടെ കാര്യം. അവരെ വിളിച്ച് ചർച്ച ചെയ്തതല്ലേ; വയസായ ആളുകൾ വടിയും കുത്തിയല്ലേ നിങ്ങളുടെ മുമ്പിലേയ്ക്ക് ചർച്ചയ്ക്ക് വരുന്നത്. അവർക്ക് ചികിൽസയ്ക്കുള്ള സഹായം അനുവദിക്കേണ്ടതല്ലേ? അവരുടെ പെൻഷൻ വർദ്ധിപ്പിച്ച് കൊടുക്കണം. അനുകമ്പാപൂർവ്വം അവരുടെ ആവശ്യങ്ങൾ പരിഗണിക്കണം. സ്വാതന്ത്ര്യ സമര സേനാനികളുടെ ശാപമുണ്ട് ഈ ഗവണ്മെന്റിന്. അവരുടെ ചികിൽസയ്ക്കായി അഞ്ചുലക്ഷം രൂപ ബഡ്ജറ്റിൽ മാറ്റിവച്ചു. ആ അഞ്ചു ലക്ഷംരൂപതന്നെ അവർക്ക് കിട്ടാറില്ല. പാവങ്ങൾ ചുമച്ചുചുമച്ചു മന്ത്രിമാരുടെ ഓഫീസുകളിലും വീടുകളിലും 'തേരാപ്പാരാ' നടക്കുന്നു. 10 ലക്ഷം രൂപ സ്വാതന്ത്ര്യ സമര സേനാനികളുടെ ചികിൽസാച്ചെലവിനായി മാറ്റി വയ്ക്കണം. അത് ചെയ്താൽ അങ്ങേയ്ക്ക് പുണ്യം കിട്ടും. ഖാദി തൊഴിലാളികളുടേയും, കൈത്തറി തൊഴിലാളികളുടേയും കാര്യം എല്ലാപേരും പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശങ്കരനാരായണനെ 1964-ൽ കാണുമ്പോൾ മുതലുള്ള വേഷം ഇങ്ങനെയാണ്; പൂവൻപഴംപോലെ. നീളൻ കുപ്പായവും ഷൂസും ഉണ്ടാകും. അദ്ദേഹത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഖാദി തൊഴിലാളികളെ കണ്ണീർ കുടിപ്പിക്കരുത്; കൈത്തറി തൊഴിലാളികളെ കണ്ണീർ കുടിപ്പിക്കരുത് എന്നാണ്. അവർക്ക് സബ്സിഡി കൊടുക്കണം; അവർക്ക് പെൻഷൻ കൊടുക്കണം; റിബേറ്റ് കൊടുക്കണം. ഒറ്റപ്പാലത്ത് ഫയർസ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. പത്തിരി ചുട്ട് അട്ടത്ത് വെച്ചാൽ വിശപ്പ് മാറുമോയെന്ന് കുട്ടികൾ പാടാറുണ്ട്. അതു പോലെ തീ പിടിച്ചാൽ സഹായത്തിന് ഫയർസ്റ്റേഷൻ ഇല്ല. അതുകൊണ്ട് ഒറ്റപ്പാലത്ത് അടിയന്തിരമായി ഫയർസ്റ്റേഷൻ ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു, ഈ അധിക ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ഈ അധിക ധനാഭ്യർത്ഥനകളേയും ഉപ ധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുന്നു. ആലിബാബയും 40 കള്ളൻമാരും എന്ന് പറഞ്ഞതുപോലെയാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണിയും 19 മന്ത്രിമാരും എന്നുപറയുന്നത്. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ എന്താണെന്ന് നിങ്ങൾക്കുതന്നെ അറിയില്ല. കൊള്ളയടിക്കുന്നവർക്ക് കൂട്ടുനിൽക്കുന്ന നാണംകെട്ട ഗവണ്മെന്റാണിത്. അതുകൊണ്ടാണ് ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ഇന്നലെ, 26-7-2004-ൽ ഉത്തരം നൽകുന്നതിന്, ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചോദിച്ചു. 11 ചോദ്യമുണ്ട്. ഒന്നിനും മറുപടിയില്ല. വിവരം ശേഖരിച്ചു വരുന്നു എന്നാണ് തന്നിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റിന്റെ 33 കോടി രൂപ, കൊള്ളയടിക്കുന്ന നടപടിയാണ്. അതിന് ഉത്തരം പറയാൻ കഴിഞ്ഞിട്ടില്ല. അതുപോലെ 30-10-2001-ൽ ഉത്തരം നൽകുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ ഒരു ചോദ്യം ചോദിച്ചു, അത് റ്റാറ്റാ ടീ ലിമിറ്റഡിന്റെ കൈവശം മൂന്നാർ മേഖലയിൽ എത്രമാത്രം അനധികൃത ഭൂമിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ? എന്നായിരുന്നു ഉത്തരം: ഉണ്ട്. റ്റാറ്റാ അനധികൃതമായിട്ട് ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടോ എന്നതിന് ഉത്തരം ഉണ്ട്: വീണ്ടും ഞാൻ ഇന്നലെ, 26.7-ന് ചോദിച്ചു, റ്റാറ്റാ ടീ കമ്പനി സംസ്ഥാനത്ത് സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടോ എന്ന്? 2001 ഒക്ടോബറിൽ ചോദിച്ചതിന് തുല്യമായ ചോദ്യം. ഉത്തരം റ്റാറ്റാ ടീ കമ്പനി സർക്കാർ ഭൂമി കൈവശപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നായിരുന്നു. സാർ, എന്താണ് ഇതിന്റെ അർത്ഥം? 2001-ൽ പറയുന്നു, ഉണ്ട് എന്ന് ഞാൻ ഇന്നലെ ചോദിച്ച ചോദ്യത്തിന് ഉത്തരമായി പറയുന്നു, ഇല്ല എന്ന്. ഇത് എന്ത് ഗവൺമെന്റാണ്? അതുപോലെ ബഡ്ജറ്റിൽ കള്ളത്തരം കാണിച്ച ഒരു ഗവൺമെന്റ് ഇതല്ലാതെ വേറെയുണ്ടാകുമോ? ബഹുമാനപ്പെട്ട ശങ്കരനാരായണൻ മാന്യമായ കുടുംബത്തിൽ പിറന്നവനാണ്. പക്ഷേ അങ്ങ് ചെയ്യുന്ന പരിപാടി എന്താണ്? അങ്ങ് ഇതിനൊക്കെ കൂട്ടുനിൽക്കുന്നു. അതാണ് എനിക്ക് പറയാനുള്ളത്.

പാട്ടത്തുക കുറയ്ക്കുന്നത് സംബന്ധിച്ച് ഇവിടെ രണ്ട് അംഗ കമ്മിറ്റിയിൽ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു, 188 കോടി രൂപ ഈ സംസ്ഥാനത്തിന് നഷ്ടം വരുത്തിയ കാര്യം. ആ 188 കോടി രൂപയിൽ എത്ര കീശയിൽ വന്നുവെന്ന് റവന്യൂ മന്ത്രിയോട് ചോദിച്ചു. അദ്ദേഹം അതിന് മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട ശങ്കരനാരായണനുംകൂടി കൂടികൊണ്ടാണല്ലോ അത് കുറയ്ക്കാനുള്ള കച്ചവടം ഉറപ്പിച്ചത്. അങ്ങയുടെ കീശയിൽ എന്തെങ്കിലും വന്നോ? അങ്ങനെ ഒരു പാരമ്പര്യമുള്ള ആളല്ലല്ലോ അങ്ങ്? പിന്നെ എന്തുകൊണ്ടാണ് അതിന് കൂട്ടുനിൽക്കുന്നത്? കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടന മുഴുവൻ കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്ന തെറ്റായ ഈ പ്രവണത അങ്ങ് നിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ പ്രിവിലേജ് കൊണ്ടുവരുന്നുണ്ട്. 1999-ലെ ബഡ്ജറ്റ് ഡോക്യുമെന്റിൽ 67 പേജുണ്ട് ഈ രാജ്യത്ത് പാട്ടം വാങ്ങുന്ന ഭൂമിയുടെ ലിസ്റ്റ്. ഈ വർഷത്തെ ബഡ്ജറ്റ് ഡോക്യുമെന്റ് ഞാൻ പരിശോധിച്ചു. ഒന്നര പേജുണ്ട്. എങ്ങനെ അത് ഒഴിവായി? അതിന്റെ അർത്ഥമെന്താണ്? കഴിഞ്ഞ രണ്ട്, മൂന്ന് വർഷമായി ഈ പാട്ടത്തുക കുറച്ചുകൊണ്ട് കൊള്ളയടിക്കാനുള്ള ശ്രമം നടത്തുകയായിരുന്നു.

ബഡ്ജറ്റ് ഡോക്യുമെന്റിൽ forgery നടത്തിയിരിക്കുന്നുവെന്നാണ് എന്റെ ആരോപണം. അംഗീകരിക്കാൻ പറ്റുമോ? ബഡ്ജറ്റ് ഡോക്യുമെന്റ് അതിന് തെളിവല്ലേ? എന്തിനാണ് ഈ ഗവൺമെന്റ്? ധനകാര്യമന്ത്രിക്ക് ഉത്തരവാദിത്വമില്ലേ? ഇന്നലെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ പ്രസംഗം, മരിച്ച രജനി എന്ന കുട്ടിയുടെ ചരിത്രത്തിലേക്ക് കടക്കുന്നില്ല. ഈ സഭയിലെ ഒരു അംഗമെന്ന നിലയിൽ വിനയത്തോടുകൂടി ചോദിക്കുന്നു; ഈ സംസ്ഥാനത്ത് എത്രയോ ആത്മഹത്യകൾ നടക്കുന്നുണ്ട്. പോസ്റ്റുമോർട്ടം നടക്കുമ്പോൾ പോലീസുകാരൻ പോയി ഡോക്ടറോട് പരിശോധിക്കാൻ പറഞ്ഞ ചരിത്രമുണ്ടോ? ഇത് പത്രത്തിൽ വന്നിരിക്കുന്ന വാർത്തയാണ്. അതിൽ പറയുന്നത്, 'പോലീസിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ് രജനിയുടെ മൃതദേഹത്തിൽ ഫോറൻസിക് സർജൻ കന്യകാത്വ പരിശോധന നടത്തിയത് എന്നാണ്. സാധാരണ ആത്മഹത്യ കേസുകളിൽ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ടർമാർക്ക് പോലീസ് നിർദ്ദേശം നൽകാറില്ല. എന്നാൽ.....(ബഹളം).....

Mr. Deputy Speaker: Your time is over. Please conclude.....Please.

ശ്രീ. പി. സി. ജോർജ്: ഇത്രമാത്രം നിരുത്തരവാദപരമായി കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്ന, മനുഷ്യത്വരഹിതമായി പെരുമാറുന്ന, ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന മുഴുവൻ ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ എന്തിനാണ് ഇതിനെ എതിർക്കുന്നതെന്ന് ഇനിയും മനസ്സിലാകുന്നില്ല. നാടിന്റെ ജനക്ഷേമകരമായിട്ടുള്ള ഒട്ടേറെ പദ്ധതികൾക്കാവശ്യമായിട്ടുള്ള ധനാഭ്യർത്ഥനകളാണ് ഗവ: കൊണ്ടു വന്നിട്ടുള്ളത്. നിങ്ങൾ ഇവിടെ സംസാരിക്കുന്നത് കേട്ടപ്പോൾ വളരെ അത്ഭുതം തോന്നുന്നു. നാടിന്റെ നാനാമുഖമായ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകളിൽ പ്രധാനമായും പണം കണ്ടെത്താൻ പറഞ്ഞിട്ടുള്ളത്. വളരെ പ്രതികൂല സാഹചര്യത്തിൽ അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണിത്. ആ സാഹചര്യങ്ങൾക്കിടയിലും നമ്മുടെ സാമ്പത്തിക സ്ഥിതി പതുക്കെ ആരോഗ്യകരമായ നിലയിൽ മുന്നോട്ട് പോകുന്നു. പൂർണ്ണമാണെന്നൊന്നും ഈ ഗവൺമെന്റ് അവകാശപ്പെടുന്നില്ല. വികസന പ്രവർത്തനങ്ങൾ കൂടുതൽ ഏറ്റെടുക്കാൻ കഴിഞ്ഞു. അതിനനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ തുറകളിൽ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. ഈ അവസരത്തിൽ പ്രധാനമായും എനിക്ക് പറയാനുള്ളത്, വയനാട്ടിലെ കൃഷിക്കാരെക്കുറിച്ചാണ്. ഈ ഗവൺമെന്റ് വയനാട്ടിലെ കൃഷിക്കാരുടെ ദുരിതങ്ങളും പ്രയാസങ്ങളും പരിഹരിക്കാനുള്ള അടിയന്തിര നടപടികൾ എടുക്കേണ്ടതുണ്ട്. കാർഷിക മേഖല വളരെ ഗുരുതരമായിട്ടുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. മറ്റ് ജില്ലകളിൽ റബ്ബർ, നാളികേരം, നെല്ല്, അടയ്ക്ക എന്നിവയ്ക്ക് വില വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് മറ്റ് ജില്ലകളിലെ കാർഷിക മേഖലയിൽ വലിയ പ്രശ്നങ്ങളില്ല. പക്ഷേ വയനാട് ഒരു ദു:ഖഭൂമിയായി മാറിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ചാണ് ഈ നിയമസഭയ്ക്ക് മുൻപാകെ എനിക്ക് പറയാനുള്ളത്. കാപ്പി, കുരുമുളക്, തേയില

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ വിലത്തകർച്ച വയനാട്ടിലെ കർഷകരുടെ നട്ടെല്ല് ഒടിച്ചിരിക്കുകയാണ്. അഞ്ചെട്ട് വർഷങ്ങളായി തുടങ്ങിയ ഈ വിലത്തകർച്ച ഇന്നും തുടരുകയാണ്. കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവും കർഷകർക്ക് ലഭിക്കുന്ന വിലയും തമ്മിൽ വളരെയേറെ അന്തരമുണ്ട്. ഈ അന്തരം കാരണം ഓരോ ദിവസവും കർഷകർ കടക്കെണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വരൾച്ച വന്നു. അത് കർഷകർക്ക് കൂനിൻമേൽ കുരു പോലെയാണ് അനുഭവപ്പെടുന്നത്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത കടം തിരിച്ചടയ്ക്കാൻ കഴിയാതെ കർഷകർ ഓരോ ദിവസവും കടക്കെണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് വയനാട്ടിൽ കാണുന്നത്. അതുകൊണ്ട് ചില കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങളുണ്ടായി. കുറച്ച് വർഷങ്ങളായി ഈ പ്രതിഭാസം തുടരുകയാണ്. ഏറ്റവും കൂടുതൽ ആത്മഹത്യ നടന്നത്, 291 അസ്വാഭാവിക മരണങ്ങളിൽ 131 കർഷകർ ആത്മഹത്യ ചെയ്തത് 1998-ലാണ്. ഈ വർഷം 172 ആത്മഹത്യകൾ നടന്നു. അതിൽ 32 പേർ കർഷകരാണ്. കർഷക മരണങ്ങൾ ഒരു പ്രചരണമാക്കി മാറ്റി ആത്മഹത്യ ഒരു 'മാനിയ'യാക്കി മാറ്റാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. വളരെ ദൗർഭാഗ്യകരമായിട്ടുള്ള സ്ഥിതിയാണ് അവിടെയുള്ളത്. ഒറ്റക്കെട്ടായി നിന്ന് നമുക്ക് പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ഇത് നമ്മുടെ സംസ്ഥാനത്ത് പൊതുവായിട്ടുള്ള ഒരു ദുരന്തമാണ്. ഈ ദുരന്തത്തിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താനല്ല ശ്രമിക്കേണ്ടത്. കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ ആ പ്രദേശങ്ങളിൽ വന്ന് രാഷ്ട്രീയമായ മുതലെടുപ്പ് നടത്താനുള്ള ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ശ്രമം വളരെ ദൗർഭാഗ്യകരമാണ്. നമുക്ക് കാര്യങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായി പരിശ്രമിക്കാം. ഒന്നായി ആലോചിച്ചുകൊണ്ട്, ഈ കാര്യങ്ങളിൽ നമുക്ക് കർഷകരെ സഹായിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച്, ചർച്ച ചെയ്ത് തീരുമാനമെടുക്കാം. ഇത് ഏതെങ്കിലും നയത്തിന്റെ ഫലമായിട്ടല്ല. കാർഷികോൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നത് ഈ സംസ്ഥാന ഗവൺമെന്റല്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ നയത്തിന്റെ ഫലമായിട്ടാണ് കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞതെന്നൊന്നും നമുക്കാർക്കും പറയാൻ സാധിക്കില്ല. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ദുരന്തമാണ്. ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സർക്കാർ സഹായങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ അതുകൊണ്ടൊന്നും കർഷകർ തൃപ്തരല്ല. ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണാൻ, വയനാട് ജില്ലയിലെ കാർഷിക പ്രശ്നങ്ങളിൽ സമഗ്രമായ പഠനം നടത്തി വളരെ താമസിയാതെ കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഒരു പാക്കേജുണ്ടാക്കണം. ആ പാക്കേജിൽ കാർഷിക കടങ്ങളെക്കുറിച്ചും പലിശയെക്കുറിച്ചും ഭാവിയിൽ കർഷകർക്ക് കൃഷി നടത്താനാവശ്യമായ ധനസഹായത്തെക്കുറിച്ചുമൊക്കെ വ്യക്തമായ ഒരു തീരുമാനമുണ്ടാകണം. അതിന് ഗവൺമെന്റ് ഇനി ഒരു നിമിഷം പോലും വൈകിക്കൂടാ. വളരെ വേഗം വയനാട്ടിലെ കർഷക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള വളരെ സത്വരമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതായിട്ടുണ്ട്. ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിച്ച് സ്വന്തം ജീവൻ ബലിയർപ്പിച്ച വയനാട്ടിലെ പാവപ്പെട്ട കർഷകരുടെ ആത്മാവിന് ഞാൻ നിത്യശാന്തി നേരുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, അങ്ങ് വയനാട്ടിലെ കർഷകർക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുകയാണല്ലോ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർക്കുവേണ്ടി പ്രവർത്തിച്ചിരുന്ന ഇൻഫാം-ന്റെ പ്രതിനിധികളും കൃഷിക്കാരും ചേർന്ന്, വയനാട്ടിലുള്ള മൂന്ന് എം.എൽ.എ.-മാരും കൃഷിക്കുവേണ്ടി ഒന്നും ചെയ്യുന്നില്ലായെന്ന് പരസ്യമായി അവിടെ പ്രസംഗിക്കുകയും കളക്ടറേറ്റ് മാർച്ച് നടത്തുകയും എം.എൽ.എ.-മാരുടെ രാജി ആവശ്യപ്പെടുകയും ചെയ്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ: എം.എൽ.എ.-മാരെ കാട്ട് ചെയ്യാൻ പറ്റിയ അതോറിട്ടിയാണോ അദ്ദേഹം ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, വയനാട്ടിലെ കൃഷിക്കാരുടെ കാര്യങ്ങൾ നിയമസഭയ്ക്കകത്തും മന്ത്രിമാരുടെ ശ്രദ്ധയിലുംപെടുത്തുകയാണ് ഞങ്ങൾ ചെയ്യുന്നത്. ഞാൻ ഇതിനു മുമ്പ് പല നിയമസഭാ സമ്മേളനത്തിലും പറഞ്ഞിരുന്നു. ശ്രീ. അപ്പച്ചൻ ഇവിടെ പറഞ്ഞു, ശ്രീമതി രാധാരാഘവൻ ഇവിടെ പറഞ്ഞു. ഞങ്ങൾ കർഷകരുടെ ദുരിതങ്ങളും പ്രയാസങ്ങളും അവസാനിപ്പിക്കുന്നതിനുവേണ്ടി നിരന്തരമായി സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. സർക്കാർ, അതിന്റെ ഫലമായി കുറെ കാര്യങ്ങൾ ചെയ്തു. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. റൂൾ 300 പ്രകാരമുള്ള പ്രസ്താവനയിൽ വയനാട്ടിലെ കർഷകർക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് ഒന്നും പോകുന്നില്ല. വളരെയധികം ദുരിതങ്ങൾ അനുഭവിക്കുന്ന വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്നും അതിനുവേണ്ടി പ്രത്യേക പാക്കേജ് ഉണ്ടാക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപിച്ചത് വളരെ താമസിയാതെ നടപ്പിലാക്കണം. അതാണ് ഞങ്ങൾ, മൂന്ന് നിയമസഭാ സാമാജികന്മാർക്കും അതുപോലെ വയനാട്ടിലെ ജനങ്ങൾക്കും ഈ ഗവൺമെന്റിനോട് പറയാനുള്ളത്.

ഡോ: തോമസ് ഐസക്ക് രജനിയുടെ ആത്മഹത്യയെക്കുറിച്ച് ഇവിടെ പറഞ്ഞു. രജനിയുടെ മരണം ഒരു കാരണമാക്കി രാഷ്ട്രീയ ഗുണ്ടകളുടെ അഴിഞ്ഞാട്ടമാണ് ഇവിടെ നടക്കുന്നത്. അതിനെ ഗവൺമെന്റ് ശക്തിയായി നേരിടണം. കേരളത്തിലെ ജനങ്ങളോടുള്ള യുദ്ധമാണ് സി.പി.എം. നടത്തുന്നത്. പാവപ്പെട്ട ജനങ്ങൾ എന്ത് കുറ്റമാണ് ചെയ്തത്? ഈ സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് ഏതാനും രാഷ്ട്രീയ ഗുണ്ടകളാണെന്നു വന്നാൽ അത് ഈ സംസ്ഥാനത്ത് അനുവദിക്കാൻ കഴിയുന്ന കാര്യമാണോ? കുടത്തിൽ നിന്ന് ഭൂതത്തെ ഇറക്കിവിട്ട മാതിരി നിങ്ങൾക്കു തന്നെ നിയന്ത്രിക്കാൻ കഴിയാത്ത വിധത്തിലായിരിക്കുന്നു അക്രമങ്ങൾ. സി.പി.എം. നേതാക്കന്മാർ അക്രമം അഴിഞ്ഞാടുന്നതിൽ ദു:ഖിച്ചിട്ട് കാര്യമില്ല. നിങ്ങൾ ആഹ്വാനം ചെയ്യുമ്പോൾ ആലോചിക്കേണ്ടതായിരുന്നു. നിങ്ങൾ എന്തും ചെയ്യാൻ മടിക്കാത്തവരാണ്. നിങ്ങൾ തോട്ടത്തിൽ രവീന്ദ്രനെ ചുട്ടുകൊല്ലാൻ ശ്രമിച്ചവരാണ്. നിങ്ങളുടെ പാർട്ടിയുടെ കോഴിക്കോട്

കോർപ്പറേഷൻ മേയറാണ് അദ്ദേഹം. അദ്ദേഹം ഓടി രക്ഷപ്പെടാതിരുന്നെങ്കിൽ ആ കാറിൽ കിടന്ന് വെന്തു മരിക്കുമായിരുന്നു. നിങ്ങൾ എന്തും ചെയ്യാൻ മടിയില്ലാത്തവരാണ്. സർ, ഞാൻ ഒരു വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 'രാഷ്ട്രീയ വൈരിയെ സി.പി.എം.-കാർ ചുട്ടു കൊന്നതു തന്നെ എന്ന് മുഖ്യമന്ത്രി. പശ്ചിമ മിഡ്നാപൂർ ജില്ലയിലെ ഗോപിവല്ലാപൂരിൽ ആദികാന്ത ദുലൂഗി എന്ന ആളെ സി.പി.എം. പ്രവർത്തകർ തീവെച്ച് കൊല്ലുകയായിരുന്നുവെന്ന്' പശ്ചിമബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചര്യ നിയമസഭയിൽ സമ്മതിച്ചു. നിങ്ങൾ പ്രാകൃതന്മാരാണ് എന്നതിന് പ്രകടമായ തെളിവാണ് അത്. നിങ്ങൾ ശിലായുഗത്തിലാണ് ജീവിക്കുന്നത്. നിങ്ങൾ എ.കെ.ജി. സെന്ററിൽ ഇരുന്നു കൊണ്ടാണ് ഈ അക്രമത്തിനൊക്കെ പ്ലാൻ ചെയ്യുന്നത്. ബഹുമാനപ്പെട്ട സമാരാധ്യനായ നേതാവ് എ.കെ.ജി. ജീവിച്ചിരുന്നെങ്കിൽ നിങ്ങൾ അദ്ദേഹത്തെ ചുട്ടുകൊല്ലുമായിരുന്നു. നിങ്ങൾ എന്തും ചെയ്യാൻ മടിക്കാത്തവരാണ് എന്നാണ് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നത്. നിങ്ങളുടെ നേതാവ് തോട്ടത്തിൽ രവീന്ദ്രനെ ചുട്ടുകൊല്ലാൻ ശ്രമിച്ചവരാണ്. അദ്ദേഹത്തിന്റെ സ്യൂട്ട്കേയ്സ് കത്തിപ്പോയി, അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ കത്തിപ്പോയി.....

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, എറണാകുളത്തെ ഒരു വിദ്യാർത്ഥിനിയായിരുന്ന സൗമ്യാ വാസുദേവൻ മാർക്സിസ്റ്റ്/ഡി.വൈ.എഫ്.ഐ. പ്രവർത്തകരുടെ പീഡനംമൂലം ആത്മഹത്യ ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെക്കുറിച്ച് നടപടി വേണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, അതിനെക്കുറിച്ചടക്കം ഇവിടെ ചർച്ചാ വിഷയമായതാണ്. അങ്ങ് ഇന്നലെ ഇവിടെ വന്നില്ല എന്നു തോന്നുന്നു. മുഖ്യമന്ത്രി അത് പരിശോധിക്കും എന്ന് പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ച് കേരളത്തിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് മേഖലകളിൽ അതുപോലെ തന്നെ മെഡിക്കൽ മേഖലകളിൽ മറ്റ് മേഖലകളിൽ ഒക്കെ പഠിക്കാൻ അവസരം ഉണ്ടാക്കിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു. അതു കൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. രജനിയുടെ മരണവുമായി ബന്ധപ്പെട്ടുകൊണ്ടാണല്ലോ നിങ്ങൾ സമരം തുടങ്ങിയത്. നിങ്ങൾ ഏറ്റവും ഒടുവിൽ ആവശ്യപ്പെട്ടത് രജനിയുടെ മരണത്തെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ്. സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നു പറഞ്ഞല്ലോ. നിങ്ങൾ വീണ്ടും സമരവുമായി മുന്നോട്ട് പോവുകയാണല്ലോ. ഇപ്പോൾ ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറയുന്നത് മന്ത്രിമാരായ ശ്രീ. സുപ്പിയും ശ്രീ. കുട്ടപ്പനും രാജിവയ്ക്കണമെന്നാണ്. എന്തേ കോടിയേരി എ.കെ.ജി. സെന്ററിൽ നിന്നാണോ ഞങ്ങളുടെ മന്ത്രിമാരെ തീരുമാനിക്കുന്നത്. യു.ഡി.എഫ്. മന്ത്രിമാരെ തീരുമാനിക്കുന്നത് എ.കെ.ജി. സെന്ററിൽ നിന്നാണോ? ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. വി.എസ്. അച്ചുതാനന്ദനുമാണോ ഞങ്ങളുടെ മന്ത്രിമാരെ തീരുമാനിക്കുന്നത്? ഞങ്ങളുടെ മന്ത്രിമാരെ ഞങ്ങൾ തീരുമാനിക്കും. അതിൽ നിങ്ങൾക്ക് എന്താ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങളുടെ മന്ത്രിമാരെ ഞങ്ങൾ തീരുമാനിക്കുന്ന ഒരു അവസരം തന്നാൽ ശ്രീ. രാമചന്ദ്രൻമാസ്റ്ററെ ഏതായാലും മന്ത്രിയാക്കാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, എന്തായാലും ആ സൗകര്യം എനിക്ക് വേണ്ട. നിങ്ങൾ നന്നാകാൻ പോകുന്നില്ല. 'എന്നെ തല്ലണ്ട അമ്മാവാ ഞാൻ നന്നാവുകയില്ല' എന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങളുടെ പഴയ മുദ്രാവാക്യത്തിൽ തന്നെ നിങ്ങൾ ഇപ്പോഴും നിൽക്കുകയാണ്. 'തകരട്ടങ്ങനെ തകരട്ടെ', 'നശിക്കട്ടെ', 'തുലയട്ടെ' എന്നിങ്ങനെയുള്ള നിങ്ങളുടെ പഴയ മുദ്രാവാക്യങ്ങളിൽ തന്നെയാണ് കേരളത്തിലെ സി.പി.എം.-കാർ ഇന്നും നിൽക്കുന്നത്. നിങ്ങൾ ഈ സംസ്ഥാനത്തെ ഗതിപിടിക്കാൻ സമ്മതിക്കുകയില്ലേ? ഈ സംസ്ഥാനം നിങ്ങൾ ചുടലക്കളമാക്കിയല്ലേ അധികാരത്തിൽ നിന്നിറങ്ങി പോയത്. ഈ ഗവൺമെന്റ് വന്നപ്പോൾ സംസ്ഥാനത്തെ കരകയറ്റാൻ ആസൂത്രിതമായ ശ്രമം നടത്തി; അതിനു വേണ്ടിയുള്ള തീരുമാനങ്ങൾ എടുത്തു. സംസ്ഥാനത്തിന്റെ പുരോഗതിക്ക് നിർമ്മാണ മേഖലയിലും ഉൽപ്പാദന മേഖലയിലും ധാരാളം നിക്ഷേപങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചു. നിക്ഷേപങ്ങൾ ക്ഷണിക്കുന്നതിനാണ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്താൻ തീരുമാനിച്ചത്. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നു. എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്തു. ഇന്ത്യക്ക് അകത്തു നിന്നും പുറത്തു നിന്നും നിക്ഷേപകരെ ആകർഷിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് 'മീറ്റ്' നടത്തിയത്. പക്ഷേ നിങ്ങൾ എന്താണ് ചെയ്തത്? ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി കേരളത്തിലേയ്ക്ക് ധാരാളം നിക്ഷേപകർ കടന്നു വരാനുള്ള സാഹചര്യം ഒരുക്കിയപ്പോൾ നിങ്ങൾ പെട്ടെന്നു സമരവുമായി മുന്നോട്ട് വരികയാണ് ചെയ്തത്. മുത്തങ്ങയിലെ ആദിവാസി സമരക്കാർക്കെതിരെ നടപടികൾ വൈകിക്കുന്നതുമൂലം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ നേതാക്കളും ഇടതുപക്ഷ മുന്നണിയിലെ നേതാക്കളും അവിടുത്തെ ജനങ്ങളെയൊന്നാകെ സംഘടിപ്പിച്ചു മുത്തങ്ങയിലേയ്ക്ക് മാർച്ച് ചെയ്യാൻ തീരുമാനിച്ചപ്പോഴാണ് അവിടെ പോലീസ് നടപടി ഉണ്ടായത്. അതിന്റെ പേരിൽ നിങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം സമരം അഴിച്ചുവിട്ടില്ലേ? ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമല്ല കേരളമെന്നു വരുത്തിത്തീർക്കാൻവേണ്ടിയുള്ള ശ്രമം അല്ലേ നിങ്ങൾ നടത്തിയത്? അതിനുശേഷം ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ ലോകപ്രശസ്ത കാർ കമ്പനിക്കാരനായ ബി.എം.ഡബ്ല്യൂ. കേരളത്തിൽ കോടികൾ മുടക്കാൻ തയ്യാറായി വന്നു. അങ്ങനെ കോടികൾ മുതൽമുടക്കാൻ തയ്യാറായി. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വന്നപ്പോഴാണ് നിങ്ങളുടെ ഈ അസാധാരണ സമരം കണ്ടത്. നിങ്ങൾ കേരളത്തെ കത്തിക്കാനല്ലേ ശ്രമിക്കുന്നത്? കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ "ഇവിടെ കടന്നു വരുന്ന ആളുകളുടെ ഒരു നിക്ഷേപവും ഇവിടെ വേണ്ട, ഞങ്ങൾ ഈ രാജ്യത്തെ അങ്ങോളമിങ്ങോളം കുട്ടിച്ചോറാക്കും, ഞങ്ങൾ ഈ രാജ്യം കത്തിക്കും,

ഈ സംസ്ഥാനം കത്തിക്കും'' എന്ന സന്ദേശമല്ലേ അവർക്ക് നൽകിയത്. ഇത് കാരണം ഈ സംസ്ഥാനത്തേയ്ക്ക് വ്യവസായികൾ ആരെങ്കിലും കടന്നു വരുമോ? നിങ്ങൾ ഈ സംസ്ഥാനം തുലയ്ക്കാൻ ശ്രമിക്കുന്ന ആളുകളാണ്. നിങ്ങൾ ഈ സംസ്ഥാനം പുരോഗതിയിലേയ്ക്ക് പോകരുത് എന്ന് ആഗ്രഹിക്കുന്ന ആളുകളാണ്. ഈ സംസ്ഥാനത്ത് നടക്കുന്ന അക്രമസമരങ്ങൾ അതാണ് തെളിയിക്കുന്നത്. ഏതാനും ആഴ്ചകൾക്ക് മുമ്പ് ഇവിടെ ശ്രീ. അച്ചുതാനന്ദന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു കേരളത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ചുമതല സി.പി.എം. പ്രവർത്തകർ ഏറ്റെടുക്കും. അവർ സംരക്ഷിക്കും എന്ന്. ജനങ്ങളുടെ സ്വത്തും ജീവനും സംരക്ഷിക്കാനുള്ള ചുമതല സി.പി.എം. പ്രവർത്തകർ ഏറ്റെടുക്കണമെന്നാണ് പറയുന്നത്. ഇപ്പോൾ നാട്ടിൽ അതാണ് കാണുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുമ്പോൾ ഇതേക്കുറിച്ച് പറയണം. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രസ്താവനയും നിങ്ങളുടെ പ്രവർത്തനവും തമ്മിൽ എന്തു ബന്ധമാണുള്ളത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ജീവനും സ്വത്തും രക്ഷപ്പെടുത്താൻ, അവർക്ക് സംരക്ഷണം നൽകാൻ അതിനുള്ള ചുമതല പോലീസിനെ ഏൽപിച്ചിട്ട് കാര്യമില്ല, അത് സി.പി.എം. പ്രവർത്തകർ ഏറ്റെടുക്കണമെന്നാണ്. അതേസമയം സി.പി.എം.-കാരും. സി.പി.ഐ.-കാരും മൽസരിച്ച് ജനങ്ങളുടെ നേരെ മൃഗീയ അക്രമം അഴിച്ചുവിടുന്ന കാഴ്ചയല്ലേ ഈ കേരളത്തിൽ കാണുന്നത്. നമുക്ക് ഒരു കാര്യം പരീക്ഷിക്കാം. ഇവരെ ചുമതല ഏൽപ്പിക്കുന്നതായിരിക്കും നല്ലത്. സി.പി.എം. പ്രവർത്തകർ ക്രമസമാധാനച്ചുമതല ഏറ്റെടുക്കണം. ശ്രീ. അച്ചുതാനന്ദൻ പറഞ്ഞപ്പോൾ എനിക്ക് തോന്നി, ശ്രീ. അച്ചുതാനന്ദന് പോലീസിന്റെ ചുമതല കൊടുത്ത് അദ്ദേഹത്തിനെ ഡി.ജി.പി.-യും ശ്രീ. കോടിയേരി ബാലകൃഷ്ണനെ അഡീഷണൽ ഡി.ജി.പി.-യും ആക്കിയാൽ കേരളത്തിലെ ക്രമസമാധാന പ്രശ്നത്തിന് വലിയ പരിഹാരം ഉണ്ടാകുമെന്ന്. സ്കൂളിൽ സാധാരണ കുഴപ്പമുണ്ടാക്കുന്ന കുട്ടികളെ പിടിച്ച് സ്കൂൾ ലീഡറാക്കുന്നില്ലേ? അതുപോലെ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഡി.ജി.പി.-യും ശ്രീ. കോടിയേരി ബാലകൃഷ്ണനെ അഡീഷണൽ ഡി.ജി.പി.-യും ഒക്കെ ആക്കിയാൽ അക്രമത്തിന് പരിഹാരം ആകുമെന്നാണ് എന്റെ പ്രതീക്ഷ. നിങ്ങൾ ഈ സംസ്ഥാനത്തെ ഗതിപിടിക്കാൻ സമ്മതിക്കണം. നിങ്ങളുടെ കാലത്ത് ഒന്നും ചെയ്യുകയില്ല. പുല്ലുകൂട്ടിൽ കിടക്കുന്ന ചില ജീവികളെ പോലെയാണ്. തിന്നുകയുമില്ല. തീറ്റിക്കുകയുമില്ല. അതുപോലെ നിങ്ങൾ ഒന്നും ചെയ്യുകയുമില്ല. വേറെ ഏതെങ്കിലും ഗവൺമെന്റ് വന്ന് ഗതിപിടിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സമ്മതിക്കുകയുമില്ല. ഇങ്ങനെ എത്രകാലം നിങ്ങളെ സഹിക്കണം? കേന്ദ്രത്തിൽ ഭരിക്കുന്ന പാർട്ടിയുടെ ഭാഗമാണ് നിങ്ങൾ; നിങ്ങൾ കേന്ദ്രഗവൺമെന്റിനെ പിന്താങ്ങുന്ന ആളുകളാണ്. നിങ്ങൾക്ക് കുറേക്കൂടി ഉത്തരവാദിത്ത്വമുണ്ട്. ആ ഉത്തരവാദിത്ത്വം മനസ്സിൽ വച്ചുകൊണ്ട് കേരളത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുമായി സഹകരിക്കാൻ മുന്നോട്ട് വരണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇങ്ങനെ അധിക ധനാഭ്യർത്ഥനകൾ വരുന്നതുകൊണ്ട് നികുതി പിരിവ് ശക്തമാക്കണമെന്നാണ് എന്റെ അഭിപ്രായം. നികുതി പിരിവിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി ഒരു അദാലത്ത് തന്നെ സംഘടിപ്പിച്ചാൽ തെറ്റില്ല എന്ന അഭിപ്രായമെനിക്കുണ്ട്. എൽ.ഡി.എഫ്.-ന്റെ സമരം ഇങ്ങനെ മുന്നോട്ട് പോകുമ്പോൾ കൂടുതൽ കൂടുതൽ പൊതുമുതൽ നശിച്ചുകൊണ്ടുവരുകയാണ്. ഇനിയും പോലീസിന് ജീപ്പ് വാങ്ങേണ്ടിവരും. ഡിപ്പാർട്ടുമെന്റുകൾക്ക് വാഹനം വാങ്ങേണ്ടിവരും ദൈനംദിനം ഇവർ ഇങ്ങനെ കത്തിച്ചുകൊണ്ടിരിക്കും. അക്രമങ്ങൾ നടത്തുന്നതിൽ സി.പി.ഐ.-യും സി.പി.എം.-ഉം മൽസരിച്ചുകൊണ്ടിരിക്കുകയാണ്. അനിയൻ ബാവയേയും ചേട്ടൻ ബാവയേയും പോലെയാണ്. രണ്ടുമൂന്ന് ദിവസമായി കാണുന്നത്, സി.പി.എം. ഒരു വണ്ടി കത്തിച്ചാൽ സി.പി.ഐ. രണ്ടുവണ്ടി കത്തിക്കും. ഇങ്ങനെ കത്തിച്ച് കത്തിച്ച് മേയർ തോട്ടത്തിൽ രവീന്ദ്രനെ വരെ കത്തിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് ഇവർ പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പോലീസിന് എത്രത്തോളം ജലപീരങ്കികൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമോ അത്രത്തോളം ജലപീരങ്കികൾ ഉണ്ടാക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. സി.പി.എം.-കാരും സി.പി.ഐ.-കാരും നനഞ്ഞ കോഴികളെപ്പോലെയാകണമെങ്കിൽ, രക്തസാക്ഷികൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കണമെങ്കിൽ ഒറ്റ മാർഗ്ഗം ജലപീരങ്കിയാണ്. കുറേ നാളായി സ്വാശ്രയ കോളേജ് സമരത്തിന്റെ പേരിൽ രക്തസാക്ഷികളെ ഉണ്ടാക്കാൻ മാർക്സിസ്റ്റ് പാർട്ടി അന്വേഷിച്ച് നടക്കുകയാണ്. കേരളത്തിലെമ്പാടും അന്വേഷിച്ചു നടന്നു. സ്വാശ്രയ കോളേജുകളെ അടിച്ചുതകർത്ത് തരിപ്പണമാക്കിക്കൊണ്ട് അയൽ സംസ്ഥാനങ്ങളിലെ സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് സമ്പത്തുണ്ടാക്കിക്കൊടുക്കാനുള്ള ഏജന്റായി പ്രവർത്തിക്കണമെങ്കിൽ ഒരു രക്തസാക്ഷിയെ കിട്ടണം. അങ്ങനെ രക്തസാക്ഷിയെ കിട്ടാതിരുന്നപ്പോഴാണ് ഒരു പാവം പെൺകുട്ടിയെ കിട്ടിയത്. ആ പാവം പെൺകുട്ടിയുടെ വിദ്യാഭ്യാസ പ്രശ്നങ്ങളിൽ എസ്.എഫ്.ഐ.-യോ, എൽ.ഡി.എഫ്-ഓ ഇന്നുവരെ തിരിഞ്ഞുനോക്കിയിട്ടില്ല. മരിക്കുന്നതുവരെ രജനിയെക്കുറിച്ച് അന്വേഷിക്കാത്തവരാണ് മരിച്ചതിനുശേഷം രജനിയുടെ രക്തസാക്ഷിത്വവുമായി പൊതുമുതൽ നശിപ്പിക്കുവാനിറങ്ങിത്തിരിച്ചിരിക്കുന്നത്. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ ശക്തമായ നടപടികളുമായി മുന്നോട്ട് പോകണം. ഓരോ വില്ലേജിലും ഒക്കുമെങ്കിൽ ജല പീരങ്കികൾ കൊടുക്കുവാൻ ധനമന്ത്രി തയ്യാറാകണം. ഇവരെ നനഞ്ഞ കോഴികളെപ്പോലെ കേരളത്തിൽ അങ്ങോളമിങ്ങോളം ഓടിക്കുവാൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും മുൻ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുകയാണ്. എനിക്ക് പറയാനുള്ളത്, കേരളത്തിൽ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന യഥാർത്ഥ സാമൂഹ്യ പ്രശ്നം സി.പി.എം.-ലെ ഗ്രൂപ്പ് പോരാട്ടമാണ്. സി.പി.എം.-ൽ ഇപ്പോൾ നടക്കുന്നത് ചക്കളത്തി പോരാട്ടമാണ്. വി. എസും, പിണറായിയും തമ്മിലുള്ള പോരാട്ടമാണ്. അടുത്ത

ദിവസമുണ്ടായ ഒരു കുട്ടിയുടെ ദാരുണമായ മരണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിയമസഭയിൽ ആവശ്യപ്പെട്ടു. ശ്രീ. വി. എസ്. ആവശ്യപ്പെട്ടതുകൊണ്ട് ശ്രീ. പിണറായി വിജയൻ ചോദിക്കുന്നത് അത് ആവശ്യപ്പെടാൻ ശ്രീ. വി. എസ്. ആരാണെന്നാണ്. ശ്രീ. വി. എസ്. ആവശ്യപ്പെട്ടതുകൊണ്ട് അംഗീകരിക്കാതെ അണികളെക്കൊണ്ട് കുട്ടിക്കുരങ്ങിനെക്കൊണ്ട് തള്ളക്കുരങ്ങ് ചുടു ചോറ് വാരിക്കുന്നതുപോലെ, തെരുവുകളിൽ അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. അടുത്ത കാലത്ത് രാജ്യസഭാ സീറ്റിന്റെ ചെറിയ പ്രശ്നമുണ്ടായി. അപ്പോഴും അന്വേഷണമാവശ്യപ്പെട്ടുകൊണ്ട് വി.എസ്. മുന്നോട്ടുവന്നപ്പോൾ "തമ്പ്രാന്റെ കല്യാണവീട്ടിൽ പാണനെന്ത് കാര്യം" എന്നാണ് ശ്രീ. പിണറായി ചോദിച്ചത്. ടി.വി. മാധ്യമങ്ങളിലൂടെ കേരളത്തിൽ നടക്കുന്ന കാര്യങ്ങൾ നമ്മളെല്ലാം കണ്ടതാണ്. എന്തെല്ലാം പ്രശ്നങ്ങളുടെ നടുവിലാണ് കേരള സംസ്ഥാനം? കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ അവസാന നാളുകളിലാണ് എന്റെ മണ്ഡലത്തിൽ, കല്ലുവാതുക്കൽ മദ്യദുരന്തം ഉണ്ടായത്. മുപ്പത്തിരണ്ടുപേർ പുഴുക്കളെപ്പോലെ പിടഞ്ഞുവീണ് മരിച്ചപ്പോൾ അന്നത്തെ ഗവൺമെന്റിന്റെ ഒറ്റ മന്ത്രി പോലും തിരിഞ്ഞു നോക്കുവാനോ എന്തെങ്കിലും തരത്തിൽ ആശ്വസിപ്പിക്കുവാൻ പോകുവാനോ സമയം കണ്ടെത്തിയില്ല. ഇവിടെ ഒരു പാവം പെൺകുട്ടിയുടെ ദാരുണമായ മരണത്തിൽ നമ്മളെല്ലാം ദു:ഖം രേഖപ്പെടുത്തുമ്പോൾ സത്യത്തിൽ ഇവർ ആഹ്ലാദിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടിയെന്നു പറഞ്ഞാൽ ആനന്ദൻമാരുടെ പാർട്ടിയാണ്. അച്ചുതാനന്ദനും, ബാലാനന്ദനും, ചന്ദ്രാനന്ദനും, പോരെങ്കിൽ ആനത്തലവട്ടം ആനന്ദനും ആനന്ദം. എന്നുവച്ചാൽ ഈ നാട്ടിലെ ഇതുമാതിരിയുള്ള വീണുകിട്ടുന്ന മനുഷ്യന്റെ ജീവിത പ്രശ്നങ്ങളെയെല്ലാം ആഘോഷിക്കുന്നതിനുവേണ്ടി കൂടിയാട്ടം നടത്തിക്കൊണ്ട് തെരുവുകളെ ചുടലക്കളമാക്കിമാറ്റിക്കൊണ്ട് ഇവിടെ ഈ നാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും തന്നെ ഭീഷണി ഉയർത്തിക്കൊണ്ട് ക്രമസമാധാനം തകർക്കുന്നു. സെക്രട്ടേറിയറ്റിന്റെ ഉള്ളിലേക്ക് തള്ളിക്കയറുന്നു; മന്ത്രിമാരെപ്പോലും ആക്രമിക്കുന്നു. എനിക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറെക്കുറിച്ച് ഒരു ആരോപണം ഉന്നയിക്കാനുണ്ട്. ഇത് ജൂലൈ 27-ാം തീയതിയിലെ മംഗളം ദിനപ്പത്രമാണ്. ഒരു ജുവല്ലറി ഉടമയ്ക്കായി സി.പി.എം. നേതാവ് സ്വർണ്ണം കടത്തിയെന്നതാണ് ഇതിലെ ആരോപണം. മാർക്സിസ്റ്റ് പാർട്ടിയിലെ കണ്ണൂർ സ്വദേശിയായ ഒരു സെക്രട്ടേറിയറ്റ് അംഗവും, ഭാര്യയും ഒരു ജുവല്ലറി ഉടമയ്ക്കായി സ്വർണം കടത്തിയെന്ന് പാർട്ടിക്കുള്ളിൽ പാട്ടായി എന്നുള്ളതാണ് വാർത്ത. ഈ സെക്രട്ടേറിയറ്റ് അംഗത്തിന്റെ മകനാണ് തിരുവനന്തപുരത്തെ എല്ലാ അക്രമത്തിനും നേതൃത്വം കൊടുക്കുന്നതെന്ന് പത്രദ്വാര നമ്മളെല്ലാം ധാരാളം വായിച്ചു കഴിഞ്ഞിരിക്കുന്നു. അതുപോലെ ഡി.വൈ.എഫ്.ഐ.-യുടെ അഖിലേന്ത്യ പസിഡന്റ് കെ. എൻ. ബാലഗോപാലന്റെ ഉടമസ്ഥതയിലുള്ള പള്ളിക്കൽ സ്കൂളിലെ പി.ടി.എ. ഫണ്ടെന്നു പറഞ്ഞ് പതിനായിരക്കണക്കിന് രൂപയാണ് പിരിക്കുന്നത്. പത്തുകോടി രൂപയുടെ ആസ്തിയാണ് ആ സഖാവിനുള്ളത്. ബെൻസ് കാറിലാണ് ആ സഖാവ് യാത്ര ചെയ്യുന്നത്. അത് പോരെങ്കിൽ നമ്മുടെ തന്നെ വകുപ്പിന്റെ കാര്യമെടുക്കാം. ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ, സെയിൽടാക്സ് ഓഫീസർ ശങ്കരൻ പോറ്റിയെന്നുപറഞ്ഞാൽ ഐഷാ പോറ്റിയെന്നു പറയുന്ന കൊല്ലം ജില്ലാ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡന്റിന്റെ ഭർത്താവാണ്. ഇവിടെ മാമ്പുഴത്തറ സലീം എന്നു പറയുന്ന സി.പി.എം.-ന്റെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഏരിയ കമ്മിറ്റിയംഗം 'ഗുണ്ടാ പിസ്ത് 'എന്നുപറയുന്ന ആ പണം കൊടുക്കാത്തതിന്റെ പേരിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഭർത്താവിനെ അടിച്ച് മൂക്കാമണ്ട പൊട്ടിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാതിയുമായി പാർട്ടി ഓഫീസിൽ കയറി ഇറങ്ങുകയാണ്. ഇതല്ലേ ഇവിടെ നടക്കുന്നത്. മുൻപിവിടെ മുൻ മുഖ്യമന്ത്രി നായനാർ ശ്രീ. രാഘവനെക്കൊണ്ട് ബദൽരേഖ ഉണ്ടാക്കിയതുമാതിരി ഡോ. തോമസ് ഐസക് ചില പാവങ്ങളെക്കൊണ്ട് ജനകീയാസൂത്രണത്തെ മൊത്തം അടിച്ചുമാറ്റാൻവേണ്ടി റിച്ചാർഡ് ഫ്രാങ്കി, ജോയി ഇളമൺ, അങ്ങനെ കുറേ പേരുമായിട്ട് ഒരു പരിപാടിയുണ്ടാക്കി. അവസാനം എന്തു സംഭവിച്ചു? ശ്രീ. രാഘവനെ പുറത്താക്കിയതുപോലെ ഡോ. തോമസ് ഐസക്കിനെ പുറത്താക്കേണ്ടതിനുപകരം ഡോ. ഇക്ബാലിനേയും, ശ്രീ. ഇളമണ്ണിനേയും ശ്രീ. പരമേശ്വരനേയുമാണ് പുറത്താക്കുന്നത്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 3147 കോടി രൂപയായിരുന്നു റവന്യൂ കമ്മി. 24,000 കോടി രൂപ പൊതുകടം. 3500 കോടി രൂപ ഉടനെ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇപ്പോൾ നമ്മൾ എല്ലാം കൊടുത്തു തീർത്ത് ഭദ്രമായ സാമ്പത്തിക നിലയിലെത്തി. വിൽപ്പന നികുതി പിരിവിൽ റിക്കോർഡ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2003-04-ൽ വിൽപ്പന നികുതി 6080 കോടി രൂപയാണ് പിരിച്ചെടുത്തത്. സംസ്ഥാനത്തിന്റെ റവന്യൂ പിരിവ് 2003-04-ൽ 11,733.10 കോടി രൂപയായി വർദ്ധിച്ചു. ഇത് മുൻ സർക്കാർ പിരിച്ചെടുത്തതിനേക്കാൾ 5204 കോടി രൂപ അധികമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന കൊടുക്കുന്നു. കിഡ്നി സംബന്ധമായ അസുഖങ്ങൾക്കുള്ള മരുന്നുകളെ നികുതിയിൽ നിന്നും ഒഴിവാക്കി. കുടിവെള്ളത്തിന് 30-12-03-ൽ നികുതി ഒഴിവാക്കി. ഇഞ്ചിയുടെ നികുതി പിൻവലിച്ചു. അതുപോലെ ഏവിയേഷൻ ടർബൈൻ ഫ്യുവൽ നികുതി കുറച്ചു. കശുവണ്ടിയുടെ നികുതി നാല് ശതമാനമായി കുറച്ചു. ബ്ലഡ് ബാങ്കിന്റെ നികുതി 15% ൽ നിന്ന് 4% മായി കുറച്ചു. അതുപോലെതന്നെ കേരളത്തിൽ കർഷകർക്കും തൊഴിലാളികൾക്കും ആശ്വാസം നൽകുന്നതിനു വേണ്ടി നാൽപ്പതു കോടി രൂപയുടെ ഇളവുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ കൈകൊണ്ടുണ്ടാക്കുന്ന സോപ്പിനേയും ചന്ദനത്തിരിയേയുമെല്ലാം നികുതിയിൽനിന്ന് ഒഴിവാക്കി. പരാതി പരിഗണിച്ച് ദിമുഖ നികുതിയിലും ഒട്ടേറെ ഇളവുകളും പ്രഖ്യാപിച്ചു. ഓൺലൈൻ ലോട്ടറി നിയന്ത്രിക്കാൻ ഇൻഡ്യയിൽ ആദ്യമായി ചട്ടങ്ങൾക്ക് രൂപം നൽകിയത് ഈ സർക്കാരാണ്. ഇപ്പോൾ സുപ്രീം കോടതിയിൽ അതു സംബന്ധിച്ച് ഒരു പ്രശസ്ത അഭിഭാഷകനെ വച്ച് കേസ് നടത്തുവാൻ കേരള സർക്കാർ തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചു. മൂന്നു വർഷംകൊണ്ട് പന്ത്രണ്ടായിരം കോടി രൂപ കടമെടുത്തതിൽ പതിനായിരത്തി അൻപത് കോടി രൂപ ചെലവഴിച്ചു. അങ്ങനെ ആഭ്യന്തര കടങ്ങളിൽ 5627 കോടി രൂപ വായ്പയും ബാക്കി ചെറുകിട നിക്ഷേപങ്ങൾ ജീവനക്കാരുടെ പി.എഫ്. തുടങ്ങിയവയുമാണ്. അങ്ങനെ എന്തായാലും ഈ സർക്കാർ പുരോഗതിയുടെ പാതയിൽ മുന്നോട്ട് പോകുകയാണ്. ഈ ബഡ്ജറ്റിലെ അധികനിർദ്ദേശങ്ങളെ ഞാൻ ഒരിക്കൽക്കൂടി പിൻതുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ്—തകർത്തിട്ട് ഒളിച്ചോടിപ്പോയ, അല്ലെങ്കിൽ ജനങ്ങൾ പിടിച്ചു പുറത്താക്കിയ—പുറത്തുപോയ അവസരത്തിൽ നമുക്ക് കിട്ടിയ കാലിയായ ഖജനാവ് വച്ചുകൊണ്ട് വളരെ ദീർഘ വീക്ഷണത്തോടുകൂടി നടത്തിയ സാമ്പത്തികാസൂത്രണ നടപടികളുടെ ഫലമായി നമ്മുടെ സാമ്പത്തിക നില അല്പം മെച്ചപ്പെട്ടിരിക്കുകയാണ്. നികുതി പിരിവിൽ നമ്മൾ ഒരുപാട് വർദ്ധനവുണ്ടാക്കി. പല നിയന്ത്രണങ്ങളും ചില വിഷമതകളൊക്കെ സൃഷ്ടിച്ചിട്ടുണ്ട്. പക്ഷേ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താനും ഇനിയും നമുക്ക് വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും കഴിയുന്ന ഒരു അവസ്ഥയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ ഈ ഗവൺമെന്റ് എത്തിച്ചിരിക്കുകയാണ്. ഒരുപാട് നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. അത് ആർക്കും നിഷേധിക്കാൻ കഴിയില്ല. വികസന രംഗത്ത് സാമ്പത്തികമായി പരാധീനതകൾ ഉണ്ടായിട്ടുപോലും കേരളത്തിന്റെ വികസന രംഗത്ത് മുന്നേറ്റം ഉണ്ടാക്കാനുള്ള ആദ്യത്തെ പടവുകൾ നമ്മൾ കയറിക്കഴിഞ്ഞിരിക്കുകയാണ്. എനിക്ക് പറയാനുള്ളത് കീറ്റ്സിന്റെ കവിതയിൽ പറഞ്ഞതുപോലെ Heard melodies are sweet. Those unheard are sweetest. (കേട്ട ഗാനം മധുരമാണ് ഇനിയും കേൾക്കാത്ത ഗാനമാണ് അതിമധുരം.) ചെയ്ത കാര്യങ്ങൾ വളരെ മഹത്തരമാണ്. ഇനിയും ചെയ്യാനുള്ള കാര്യങ്ങൾ കൂടുതൽ മഹത്തരമായിരിക്കും. നമ്മുടെ മുഖ്യമന്ത്രിയൊക്കെ ഇപ്പോൾ പ്രഖ്യാപിക്കുന്നത് പ്രയോറിറ്റി ഒക്കെ മാറ്റുമെന്നാണ്. ഇതുവരെ സാമ്പത്തിക വിനിയോഗത്തിന്റെ കാര്യത്തിൽ നമ്മൾ സ്വീകരിച്ചിരുന്ന മുൻഗണന മാറ്റി വികസനത്തിന് ഊന്നൽ നൽകുന്ന, കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള മുൻഗണനാക്രമങ്ങൾ ഉണ്ടാകുമെന്നാണ് പറയുന്നത്. കേന്ദ്ര ഗവൺമെന്റ് വികസനത്തിന് ഊന്നൽ നൽകുന്ന, മാനുഷിക മുഖമുള്ള സാമ്പത്തിക പരിഷ്കരണ നടപടികളുമായി മുന്നോട്ട് നീങ്ങുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് നമുക്കും വേണ്ടേ ഒരു മാനുഷിക മുഖം. മാനുഷിക മുഖവും മനുഷ്യ ഹൃദയവുമുള്ള സാമ്പത്തിക പരിഷ്ക്കരണ നടപടികളും വികസന സമീപനങ്ങളുമായി നമ്മൾ മുന്നോട്ടു നീങ്ങേണ്ടതുണ്ട്. ശ്രീ. മൻമോഹൻ സിംഗ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ വികസന നടപടി ഫലപ്രദമാണോ എന്ന് പരിശോധിക്കാനുള്ള ഏക മാർഗ്ഗം—ഗാന്ധിജിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്.—'ദരിദ്രരിൽ ദരിദ്രരായ ആളുകൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ടോ എന്ന പരിശോധനയാണ്. നമ്മൾ മുൻഗണനാ ക്രമം മാറ്റുമ്പോൾ സാധാരണക്കാർക്ക് ഉപയോഗപ്പെടുന്ന രീതിയിൽ നമ്മുടെ വികസന സമീപനവും നമ്മുടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ഇവിടെ സാമ്പത്തികമായി കഴിവില്ലാത്തതിന്റെ പേരിൽ, സ്വാധീനം ഇല്ലാത്തതിന്റെ പേരിൽ തെരുവോരത്ത്, പുറമ്പോക്കുകളിലേയ്ക്ക് തള്ളപ്പെട്ടുപോയ പാവപ്പെട്ടവരാകണം വികസനത്തിന്റെ കേന്ദ്രബിന്ദു. ആ രീതിയിലേയ്ക്ക് നമ്മുടെ വികസന പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കേണ്ടതുണ്ട്. അതിനനുസൃതമായ രീതിയിൽ, പാവപ്പെട്ടവർക്ക് ഗുണം ചെയ്യുന്ന രീതിയിൽ

ഗവൺമെന്റിന്റെ ഖജനാവിലെ കാശ് ചെലവഴിക്കാൻ തയ്യാറാകേണ്ടതുണ്ട്. സാമൂഹ്യ നീതിക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. ഒരുകാര്യം ചൂണ്ടിക്കാണിക്കുകയാണ്. പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഇവിടെ തീരുമാനം ഉണ്ടായിരുന്നു. പക്ഷേ സാമ്പത്തിക പരാധീനതകളുടെ പേരിൽ നമ്മുടെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് നീട്ടിവച്ചു. ഇപ്പോഴും പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആയിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ഞാൻ ക്ഷണിക്കുകയാണ്. പിന്നോക്ക ക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തുന്നത് എസ്.സി./എസ്.ടി. വകുപ്പാണ്. പിന്നോക്ക ക്ഷേമ സമിതിയുടെ ചെയർമാൻ എന്ന നിലയിൽ ഞങ്ങൾ പിന്നോക്ക ക്ഷേമ സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് എസ്.സി./എസ്.ടി. വകുപ്പിനോട് അന്വേഷിച്ചപ്പോൾ "ഞങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. നിങ്ങളുടെ കാര്യങ്ങൾ നോക്കാൻ ഞങ്ങൾക്ക് സമയമില്ല" എന്ന മറുപടിയാണ് ലഭിക്കാറുള്ളത്. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച് ഉത്തരവായ പിന്നോക്ക ക്ഷേമ വകുപ്പ് നിലവിൽ വരുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന സമീപനങ്ങൾ ഉണ്ടാകണം.

ഈ ഉപധനാഭ്യർത്ഥനകളിൽ ആർ.ഐ.ഡി.എഫ്-ൽ നിന്നുള്ള ഫണ്ടിനെക്കുറിച്ച് പറയുന്നുണ്ട്. കാർഷിക മേഖലയിലെ ആർ.ഐ.ഡി.എഫ്. ഫണ്ട് വിനിയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പിലും അതുപോലെ മറ്റ് വകുപ്പുകളിലും സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഒരുപാട് സമയം എടുക്കുന്നുണ്ട്. അതുകൊണ്ട് വളരെ ദ്രുതഗതിയിൽ, നമ്മുടെ സംസ്ഥാന സർക്കാരിന് പണമില്ലാത്ത അവസ്ഥയിൽ, ഇത്തരത്തിൽ ആറ്, ആറര ശതമാനം പലിശയ്ക്ക് പണം കിട്ടുമെങ്കിൽ അത് വാങ്ങുന്നതാണ് നല്ലത്. സാങ്കേതിക നൂലാമാലകളിൽപ്പെട്ട് അത് താമസിപ്പിക്കാൻ പാടില്ല. ഇപ്പോൾ കൃഷി വകുപ്പിന്റെ ഒട്ടേറെ പ്രോജക്ടുകൾ ആർ.ഐ.ഡി.എഫ്-10-ൽ പെൻഡിംഗ് ആയിക്കിടപ്പുണ്ട്. അതൊക്കെ വളരെ പെട്ടെന്ന് ക്ളിയർ ചെയ്ത് കേരളത്തിന്റെ കാർഷിക മേഖലയിൽ ദ്രുതഗതിയിലുള്ള വികസന ചലനങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ ഒരു കാര്യം എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്, ഓൺലൈൻ ലോട്ടറികൾ നിർത്താനുള്ള നടപടി സ്വീകരിക്കണം എന്നാണ്. അത് നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ഒരാഴ്ചയിൽ ഒരു ഡ്രോ ഉണ്ടാകുമെന്നാണ് പറയുന്നത്. പക്ഷേ ഓരോ മണിക്കൂറും ഡ്രോ ഉണ്ടാകുന്നുണ്ട്. അത് അധാർമ്മികമാണ്. ഈ ചൂതാട്ടം നമ്മൾ അംഗീകരിക്കാൻ പാടില്ല. അത് നിർത്താനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ ഒരു പാവപ്പെട്ട പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവമുണ്ടായി. അതിൽ നമുക്കൊക്കെ ദുഃഖമുണ്ട്. മനുഷ്യത്വത്തിന്റെ കണിക മനസിൽ അവശേഷിക്കുന്ന ആർക്കും അതിൽ സന്തോഷമില്ല. പക്ഷേ പ്രതിപക്ഷത്തിന്, പലരും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അത് വീണു കിട്ടിയ ഒരു നിധിയാണ്. ആഹ്ളാദമാണ് അവർക്ക്. അവരുടെ രാഷ്ട്രീയ സങ്കുചിതലാഭത്തിനുവേണ്ടി ആ പെൺകുട്ടിയുടെ മൃതദേഹവുമായി നടക്കുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ആ കുട്ടിയുടെ ആത്മാവിനെങ്കിലും ശാന്തി നൽകാനുള്ള ശ്രമങ്ങളാണ് ഇനി ഉണ്ടാകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കഴിഞ്ഞ ഗവൺമെന്റ് ഭരിച്ചു മുടിച്ച ഒരു സംസ്ഥാനമാണ് ഏറ്റെടുക്കേണ്ടി വന്നത്. അവർ ഭരിച്ച് ഈ സംസ്ഥാനം മുടിച്ചു. അതിനുശേഷം നമ്മൾ ഇത് നന്നാക്കിയെടുക്കാൻ ശ്രമിച്ചപ്പോൾ അവർ സമ്മതിച്ചില്ല. മുത്തങ്ങയുടെ പേരിൽ നാടാകെ ചോരക്കളമാക്കി. കേരളത്തിന്റെ പ്രത്യേക വികസന സാഹചര്യം മനസ്സിലാക്കി പുതിയൊരു ദിശാബോധം വികസനത്തിന് നൽകുന്നതിനുവേണ്ടി ഈ ഗവൺമെന്റ് 'ജിം' കൊണ്ടുവന്നപ്പോൾ ഇവരത് തകർക്കാൻ വേണ്ടി ശ്രമിച്ചു. വിദ്യാഭ്യാസ രംഗത്തും ഈ ശ്രമങ്ങൾ നടക്കുകയാണ്. രജനി മരിച്ചതിൽ നമുക്കെല്ലാം ദുഃഖമുണ്ട്. അത്തരത്തിലൊരു സാഹചര്യം ഇനി ഇവിടെ ഉണ്ടാകാൻ പാടില്ല. ഇത്തരം ആത്മഹത്യകൾ ഇനി ആവർത്തിക്കാൻ പാടില്ല. അതിനുള്ള ശ്രമങ്ങളാണ് നമ്മൾ നടത്തേണ്ടത്. ആത്മഹത്യ ഒരു സാമൂഹ്യ പ്രശ്നമാണ്. കേരളത്തിൽ ആത്മഹത്യകൾ വർദ്ധിച്ചു വരികയാണ്. ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ആത്മഹത്യകളെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സഭയിൽ ഞാൻ ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നു. അന്ന് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, "എന്ത് ആത്മഹത്യയാടോ? ഇവിടെ ആത്മഹത്യകളൊന്നും നടക്കുന്നില്ല. ആത്മഹത്യ ചെയ്യുന്നെങ്കിൽ, ഓരോരുത്തർ വിവരമില്ലാതെ ചെയ്യുന്നുണ്ടെങ്കിൽ ഞാൻ എന്തു ചെയ്യാനാണ്?" എന്നാണ്. നമ്മുടെ മുഖ്യമന്ത്രി എന്താണ് ചെയ്തത്? അതിന്റെ ദുഃഖം ഉൾക്കൊണ്ടുകൊണ്ട് അടിയന്തിരപ്രമേയം അനുവദിച്ചു; ചർച്ച അനുവദിച്ചു. ആത്മഹത്യ വർദ്ധിച്ചു വരുന്നത് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു. ഈ സാമൂഹ്യ പ്രശ്നം ഇല്ലാതാക്കാൻ ശ്രമിക്കുന്നതിനു പകരം ഇത് മുതലെടുത്തുകൊണ്ട് ഇവിടെ ചോരക്കളം സൃഷ്ടിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. രജനി ആത്മഹത്യ ചെയ്തതിന് ജനങ്ങൾ എന്തു പിഴച്ചു? ഇവർക്ക് എന്നും ജനങ്ങളോടാണ് എതിർപ്പ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 100 സീറ്റ് നേടി ഞങ്ങൾ ജയിച്ചു. അതിന്റെ പേരിൽ ജനങ്ങളോട് ശത്രുതയിൽ പെരുമാറുകയാണ്. ഇവരുടെ ശല്യം സഹിക്കാതെ, ജനങ്ങളെ ആക്രമിക്കേണ്ട എന്നുവച്ച് പാർലമെന്റിൽ 18 സീറ്റ് കൊടുത്തു.

Mr. Speaker: Please conclude. Your time is over. എന്നിട്ടും അവർ അധികമൊന്നും ചെയ്തിട്ടില്ല.

Mr. Speaker: Please resume your seat. Your time is over.

ഇത്തരത്തിൽ ജനങ്ങളെ ആക്രമിച്ചുകൊണ്ട് ..... (മൈക്ക് ഓഫ്) .....രജനി ആത്മഹത്യ ചെയ്തതിന് കോഴിക്കോട് മേയർ എന്തു പിഴച്ചു? (മൈക്ക് ഓഫ്)..... ഇതുപോലെ ജനങ്ങളെ ആക്രമിക്കുകയാണെങ്കിൽ.....(മൈക്ക് ഓഫ്) .....

Mr. Speaker: Shri K. C. Venugopal.....

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കുന്ന കാര്യത്തിൽ തികഞ്ഞ അച്ചടക്കം പാലിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ എങ്ങനെയാണ് വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നത് എന്ന് ഞാൻ നോക്കിക്കാണുകയാണ്. ഇവിടെ എല്ലാപേർക്കുമറിയാം

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറിക്ക് സ്പെഷ്യൽ റിബേറ്റ് കൊടുക്കുന്നതിനുവേണ്ടിയാണ് ഈ വോട്ട് ഓൺ അക്കൗണ്ടിലെ ഒരു ഭാഗം മാറ്റി വച്ചിരിക്കുന്നത്. കശുവണ്ടി തൊഴിലാളികൾക്ക് റിലീഫ് ഫണ്ട് കൊടുക്കുന്നതിനുവേണ്ടിയാണ് വോട്ട് ഓൺ അക്കൗണ്ടിൽ ഒരു ഭാഗം മാറ്റി വച്ചിരിക്കുന്നത്. റോഡുകളുടേയും പാലങ്ങളുടേയുമൊക്കെ ലിസ്റ്റ് എടുത്തുനോക്കിയാൽ മിക്കവാറും പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളുടെ മണ്ഡലങ്ങളിലെ പ്രവൃത്തികൾ നടത്താൻ വേണ്ടിയാണ് ഈ വോട്ട് ഓൺ അക്കൗണ്ടിൽ തുക മാറ്റിവച്ചിരിക്കുന്നത് എന്നു കാണാം. പിന്നെ എങ്ങനെയാണ് ഇതിനെ എതിർക്കുന്നത് എന്നറിയില്ല. എതിർക്കാൻ വേണ്ടി എതിർക്കുന്നു, സ്വാഭാവികമായും അങ്ങനെയാണ്. ഈ ഗവണ്മെന്റ് മികച്ച സാമ്പത്തിക അച്ചടക്കത്തോടുകൂടി മുന്നോട്ടു പോകുകയാണ് എന്ന കാര്യം അംഗീകരിക്കേണ്ടതാണ്. ഇവിടെ വലിയ വിമർശനങ്ങളാണ്, അധികച്ചെലവിന്റെ കാര്യത്തിൽ, ധൂർത്തിന്റെ കാര്യത്തിൽ, വിദ്യാഭ്യാസച്ചെലവിന്റെ കാര്യത്തിൽ ഒക്കെ പറയുന്നത്. കഴിഞ്ഞ ദിവസം ഒരു ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചായസൽക്കാരത്തിന്റെ ചെലവിനെക്കുറിച്ചുപോലും പറഞ്ഞു. ഇത് ചർച്ച ചെയ്യുമ്പോൾ കഴിഞ്ഞ കാലഘട്ടത്തെക്കുറിച്ചുകൂടെ ഓർക്കേണ്ടതാണ്. ഈ നിയമസഭയിൽ തന്നെ ശ്രീ. കെ. എ. ചന്ദ്രന്റെ ഒരു ചോദ്യത്തിന് ഉത്തരമായി തന്നിരിക്കുന്നത് പ്രകാരം അന്നത്തെ മുഖ്യമന്ത്രി 16,75,636 രൂപയാണ് 5 വർഷംകൊണ്ട് ചായസൽക്കാരത്തിനു വേണ്ടി ചെലവഴിച്ചത്. ഈ മുഖ്യമന്ത്രി 1 ലക്ഷം രൂപ ചെലവഴിച്ചപ്പോൾ അത് ചർച്ചയായി. കഴിഞ്ഞ മുഖ്യമന്ത്രി 16 ലക്ഷംരൂപ ചെലവഴിച്ചപ്പോൾ അതേക്കുറിച്ച് ചർച്ചയില്ല. അതുപോലെ മന്ത്രിമാരുടെ യാത്രാച്ചെലവിന്റെ കാര്യത്തിലായാലും മറ്റുള്ള കാര്യത്തിലായാലും ചെലവൊക്കെയുണ്ടാകും. പ്രതിപക്ഷ നേതാവിന്റെ യാത്രാച്ചെലവെടുത്ത് നോക്കിയപ്പോഴും ഒരു കുറവുമില്ല. പക്ഷെ, ഞാൻ അതിനെ കുറ്റപ്പെടുത്തുകയില്ല. എന്നാൽ നിങ്ങൾ വിമർശിക്കാൻ വേണ്ടി വിമർശിക്കുകയാണ്. അത് ശരിയല്ല.

ഇവിടെ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി വന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ നിർഭാഗ്യകരമായ ഒരു സംഭവത്തെക്കുറിച്ചാണ്. ആ മരണം ഏറെ വേദനാജനകമാണ്. പ്രത്യേകിച്ച് പട്ടികജാതി സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടി എൻജിനീയറിംഗ് കോളേജ് വിദ്യാഭ്യാസത്തിനുവേണ്ടി ജീവിതത്തിലെ ഏറ്റവും വലിയ പ്രതീക്ഷയുമായി, ഒരു കുടുംബത്തിന്റെ പ്രതീക്ഷയുമായി ജീവിച്ച ഒരു പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവം ഏറെ നിർഭാഗ്യകരമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. രജനിയുടെ മരണം നമുക്ക് നൽകുന്ന പാഠം എല്ലാവരും ഉൾക്കൊള്ളണം. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നമ്മൾ കരുതലോടെ മുന്നോട്ടുപോകുകയാണ് വേണ്ടത്. അതിനു പകരം എന്താണ് ഇവിടെ ചെയ്യുന്നത്? തമിഴ്നാട്ടിൽ കുംഭകോണത്ത് സ്കൂൾ കെട്ടിടത്തിനു തീപിടിച്ച് 92 പിഞ്ചു കുഞ്ഞുങ്ങൾ പിടഞ്ഞു മരിച്ചു. തമിഴ് ജനത ഒരിക്കലും അസഹിഷ്ണുത കാണിച്ചില്ല. അവരാരും സമനില തെറ്റി പെരുമാറിയിട്ടില്ല. അത്തരം ദുരന്തം ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള കരുതൽ നടപടി സ്വീകരിക്കുകയാണ് അവർ ചെയ്തത്. പ്രതിപക്ഷവും ഭരണപക്ഷവും ഇന്ത്യൻ ഭരണകൂടവും തമിഴ്നാട് ഗവണ്മെന്റും എന്താണ് ഇക്കാര്യത്തിൽ ചെയ്തതെന്ന് ശ്രദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നോക്കണം. ഇവിടെ ഒരു കുട്ടിയുടെ ദാരുണമായ മരണമുണ്ടായപ്പോൾ അതിന്റെ കാര്യകാരണങ്ങളിലേയ്ക്ക് യഥാർത്ഥമായി പോകുന്നതിനു പകരം ഒരു സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താൻ, ഇല്ലാത്ത കേസുണ്ടാക്കി വിചാരണ നടത്താൻ ആയിരുന്നു കേരളത്തിലെ പ്രതിപക്ഷം ശ്രമിച്ചിരുന്നത്. നമുക്ക് അത് വിസ്മരിക്കാൻ കഴിയുമോ? അതിലേയ്ക്കു തന്നെ കടക്കാം. രജനിക്ക് പഠിക്കാൻ അവസരം കൊടുത്ത ഐ.എച്ച്.ആർ.ഡി. കോളേജ് തുടങ്ങിയത് ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്താണ്. ഐ.എച്ച്.ആർ.ഡി. സ്വാശ്രയ കോളേജിൽ രജനിക്ക് പേയ്മെന്റ് സീറ്റിലാണ് അഡ്മിഷൻ കിട്ടിയത്. ആ പേയ്മെന്റ് സീറ്റിനുവേണ്ടി 1,14,407 രൂപ കേരള ഗവണ്മെന്റ്, പട്ടികജാതിവകുപ്പ് കൊടുക്കുന്നു. ഹോസ്റ്റൽ ഫീസിനത്തിൽ 315 രൂപ കൊടുക്കാൻ മാത്രമേ നിലവിൽ നിയമമുള്ളൂ. അത് ഇന്നുണ്ടാക്കിയ നിയമമല്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുള്ള നിയമമാണ്. ഇവിടെ മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ രജനിയുടെ മരണത്തോടുകൂടി ആയിരം രൂപയായി ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിച്ചു. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഹോസ്റ്റൽ ഫീസ് കുറഞ്ഞതിന്റെ പേരിൽ ആ പെൺകുട്ടി ബുദ്ധിമുട്ടനുഭവിച്ചിരിക്കാം. സാമ്പത്തിക പരാധീനതകൾ ഉണ്ടായിരിക്കാം. ഞാൻ ചോദിക്കട്ടെ, ഇവിടെ നമുക്കെല്ലാപേർക്കും അതിൽ ഉത്തരവാദിത്വമില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ ശ്രദ്ധിക്കണം, ആ ഗ്രാമ പഞ്ചായത്തിലെ മെമ്പർമാരിൽ സി.പി.എം.കാരില്ലേ? പഞ്ചായത്ത് പ്രസിഡന്റ് ആരാണ്? അവിടെ ഗ്രാമ പഞ്ചായത്തുകൾ കൂടാറില്ലേ? അവിടെ അയൽകൂട്ടങ്ങൾ കൂടാറില്ലേ? ഇവിടെ ഫെബ്രുവരി മാസം 23-ാം തീയതി ആ പെൺകുട്ടി അമ്മയ്ക്കയച്ച കത്ത് ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. 5 മാസം കഴിഞ്ഞു, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ എനിക്ക് ഏറെ ബഹുമാനമുള്ള ആളാണ്. ഞാൻ ചോദിക്കട്ടെ, അവിടെ ജനാധിപത്യ മഹിളാ അസോസിയേഷൻ യൂണിറ്റില്ലേ; ബ്രാഞ്ച് കമ്മിറ്റിയില്ലേ; അവർ ഇതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ? ഇത്രയും വികാരപരമായി ഈ കാര്യം ഇവിടെ ഉന്നയിക്കുന്നുണ്ടല്ലോ? നമ്മുടെ നാട്ടിൽ നടക്കുന്ന ദാരിദ്ര്യവും പട്ടിണിയും അറിയേണ്ടവരല്ലേ ജനപ്രതിനിധികൾ? നിങ്ങളിപ്പോൾ ടൂറിസം പ്രോജക്ടുകളും വീഗാലാന്റ് മാതിരിയുള്ള പ്രോജക്ടുകളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവന്റെ പാർട്ടിയല്ല ഇപ്പോൾ. എങ്കിലും നിങ്ങൾ അന്വേഷിക്കണ്ടേ? നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? ഇവിടെ ഗവണ്മെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഒന്നും ചെയ്യാതിരുന്നിട്ടില്ല. എന്നിട്ടും മന്ത്രിമാർ രാജി വയ്ക്കണം എന്ന് പറഞ്ഞ് രാജ്യത്ത് വ്യാപകമായി പ്രതിപക്ഷം സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. സമരം നേരത്തെ തീരുമാനിച്ചു. പിന്നീട് കാരണം കണ്ടെത്തുകയായിരുന്നു. കഴിഞ്ഞ രണ്ടാഴ്ച മുമ്പ് എ.കെ.ജി. സെന്ററിൽ കൂടിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ യോഗം വിദ്യാഭ്യാസ മേഖലയിൽ സമരം നടത്താൻ തീരുമാനിച്ചു. ശ്രീ. കോടിയേരിക്ക് നിഷേധിക്കാൻ കഴിയുമോ? അന്ന് മുഴുവൻ വിദ്യാർത്ഥി യൂണിയൻ സംഘടനകളേയും വിളിച്ചുകൂട്ടാൻ എൽ.ഡി.എഫ്. തീരുമാനിച്ചു. കർഷക സമരത്തിനു വേണ്ടി കർഷകരെ വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. അങ്ങനെ നിങ്ങൾ സംഘടനകളെ വിളിച്ച് മുൻകൂട്ടി സമരത്തിന് തീരുമാനിച്ചു. നിർഭാഗ്യവശാൽ കേരളത്തിന്റെ ഏറ്റവും വലിയ ശാപമായി രജനി എന്ന പെൺകുട്ടിയുടെ ആത്മഹത്യകൂടെ കഴിഞ്ഞപ്പോൾ ഒരു വലിയ രക്തസാക്ഷിയെ കിട്ടിയ പരിവേഷത്തോടുകൂടി നിങ്ങൾ പാവപ്പെട്ട രജനിയുടെ ആത്മഹത്യ സമരത്തിനുവേണ്ടി ആഘോഷിക്കുകയായിരുന്നു. നിഷേധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമോ? രജനിയുടെ മരണത്തിന് എത്രയോ മുമ്പാണ് നിങ്ങൾ സമരം തീരുമാനിച്ചത്. ഇവിടെ ഇക്കാര്യത്തിൽ ഒരു കാര്യമേ ചോദിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഒരു കൊച്ചു ഗ്രാമത്തിൽ നിന്നും പഠിക്കാൻപോയ ഒരു കൊച്ചു പെൺകുട്ടിക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായപ്പോൾ അത് അന്വേഷിക്കാൻ ഇവിടെ ഗ്രാമ സഭകളും പഞ്ചായത്തുകളുമില്ലേ? എം.എൽ.എ.-യുടെ കാര്യം ഇവിടെ പറഞ്ഞു. എം.എൽ.എ.-ക്ക് പരാതി കിട്ടിയപ്പോൾ എം.എൽ.എ. ബാങ്കിലേയ്ക്ക് പഠന വായ്പ നൽകുന്നതിന് വിളിച്ചു പറഞ്ഞു, കത്തു കൊടുത്തു. ആ റോൾ പോലും ഗ്രാമ പഞ്ചായത്ത് എടുത്തോ? നിങ്ങളുടെ പാർട്ടിയിലെ നേതാക്കന്മാരെടുത്തോ? എടുത്തിട്ടില്ല. എന്നിട്ട് നിങ്ങളിപ്പോൾ ഈ ഗവണ്മെന്റിനെ പ്രതിക്കൂട്ടിലാക്കി സംസാരിക്കുന്നു. ഇത് ഇവിടെ ചെലവാകുകയില്ല. ചെരുപ്പിന് അനുസരിച്ച് കാല് മുറിക്കുന്ന പരിപാടിയാണിത്. സമരം നേരത്തെ തീരുമാനിച്ചു. ആത്മഹത്യ പിന്നീട് കിട്ടി. സ്വാശ്രയ കോളേജ് നയവും കുട്ടിയുടെ ആത്മഹത്യയും തമ്മിൽ എന്താണ് ബന്ധമെന്ന് ശ്രീ. കോടിയേരി വിശദീകരിക്കണം. സ്വാശ്രയ കോളേജിൽ മാനേജ്മെന്റ് സീറ്റിലെ പ്രവേശനത്തിന് ഇഷ്ടംപോലെ ഫീസ് തീരുമാനിക്കുന്നതിനെതിരായിട്ടാണ് നിങ്ങളുടെ കേസ്, നിങ്ങളുടെ സമരം അതിനുവേണ്ടിയാണ്. ഇവിടെ അതല്ലല്ലോ പ്രശ്നം. ഇവിടെ ഐ.എച്ച്.ആർ.ഡി. കോളേജിൽ മുഴുവൻ ഫീസും ഗവൺമെന്റ് കൊടുത്ത് പഠിപ്പിക്കുന്ന ഒരു കുട്ടിക്ക് ഹോസ്റ്റൽ ഫീസിന് പണമില്ലാതെ വന്നപ്പോൾ ബാങ്ക് ലോണിന് അപേക്ഷ കൊടുത്തെങ്കിലും ബാങ്ക് ലോൺ കിട്ടാതെ പോയി. അതിന്റെ പേരിൽ ആത്മഹത്യ ഉണ്ടായപ്പോൾ ഇത് കേരള ഗവണ്മെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഫലമാണ്; അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിമാർ രാജി വയ്ക്കണമെന്നും പറയുന്നു. ഞാൻ ചോദിക്കുന്നു, ബഹുമാനപ്പെട്ട കോടിയേരി, ഞാൻ ഈ നിയമസഭയിൽ രണ്ടാമത്തെ പ്രാവശ്യം വന്നയാളാണ്. അങ്ങ് സീനിയറാണല്ലോ. അവിടെയിരുന്നുകൊണ്ട് ഞങ്ങൾ ആവശ്യപ്പെട്ടു.....പി. ബാലേട്ടൻ ഇന്ന് ജീവിച്ചിരിപ്പില്ല, മൺമറഞ്ഞുപോയി. അദ്ദേഹത്തെ പാലക്കാട് കളക്ടറേറ്റിനു മുമ്പിൽ വച്ച് നിഷ്ഠൂരമായി മർദ്ദിച്ച സംഭവത്തെക്കുറിച്ച് ചർച്ച വേണമെന്നാവശ്യപ്പെട്ട് ഞങ്ങൾ അടിയന്തിരപ്രമേയ നോട്ടീസ് അവതരിപ്പിച്ചുവെങ്കിലും നിങ്ങളുടെ മുഖ്യമന്ത്രി അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നൽകിയില്ലെന്നു മാത്രമല്ല നിഷ്ഠൂരമായി ആ ആവശ്യം തള്ളിക്കളഞ്ഞു. ഇവിടെ ഇന്നലെ എന്തായിരുന്നു നടന്നത്? നിങ്ങളുടെ ആളുകളെ, നിങ്ങളുടെ രണ്ട് എം.എൽ.എ.മാരെയടക്കം സമരത്തിന്റെ പേരിൽ ലാത്തിച്ചാർജ്ജ് നടത്തിയെന്ന് പറഞ്ഞ് നിങ്ങൾ പെൺകുട്ടിയുടെ മരണമല്ല അടിയന്തിര പ്രമേയത്തിന് വിഷയമാക്കിയത്. നിങ്ങൾക്കുണ്ടായ ഏറ്റവും വലിയ അക്രമത്തെയാണ് അടിയന്തിര പ്രമേയ വിഷയമാക്കിയത്. ദുരഭിമാനം കാണിക്കാതെ മുഖ്യമന്ത്രി ചർച്ച അനുവദിച്ചു; ചർച്ച ചെയ്തു. കേരളത്തിന്റെ ചരിത്രത്തിലെ ഒരു റിക്കാർഡല്ലേ അത്? നിങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും അംഗീകരിച്ചു. നിങ്ങൾ പറഞ്ഞു ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ സിറ്റിംഗ് ജഡ്ജിയെ വേണമെന്ന്. ഗവൺമെന്റ് സിറ്റിംഗ് ജഡ്ജിയെ കിട്ടാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞു. പിന്നീട് സിറ്റിംഗ് ജഡ്ജിയെ നിയോഗിക്കുന്ന കാര്യവും അംഗീകരിച്ചു. ഹോസ്റ്റൽ ഫീസ് കൂട്ടി. ഇതെല്ലാം ചെയ്തിട്ടും അവസാനം സമരം നിർത്താൻ പോകുന്നില്ല. ഇവിടെ നേരത്തെ ശ്രീ. തമ്പാൻ സൂചിപ്പിച്ചതുപോലെ ശ്രീ. വി. എസ്. നിർത്താൻ പറഞ്ഞാലും ശ്രീ.പിണറായി സമ്മതിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരിക്കറിയാമല്ലോ? ഞങ്ങൾക്കുമറിയാം. അതിനു വേണ്ടി, നിങ്ങൾ തമ്മിലുള്ള പ്രശ്നത്തിനുവേണ്ടി ഇതു നിങ്ങൾ അംഗീകരിക്കാതെ നിൽക്കുന്നതിൽ എന്താണ് പറയാനുള്ളത്. നിങ്ങൾക്ക് സമരം നടത്തണം. നേരത്തെ തീരുമാനിച്ചു. ഇത്ര വാഹനങ്ങൾ കത്തിക്കണം. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സിൽ ഒരു സ്റ്റോറിയുണ്ട്. അതിലെ ഒരു വാചകം ഞാൻ വായിച്ചുനോക്കി Quality professional training getting a beating. Instead of acting as a constructive Opposition, the CPM and other LDF outfits are currently engaged in an all-out attack on institutions run by the minority communities which have made significant contributions to the State's educational sector. The present crisis reminds one of the violent agitation by the LDF over the pre-degree board when the UDF was in power between 1982 and 1987. T. M. Jacob was the Education Minister then. Later, the LDF Government itself delinked the pre-degree course from colleges and introduced the Plus-Two system. ഇത് ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നതാണ്. ഇന്ത്യൻ എക്സ്പ്രസിൽ പറഞ്ഞ വാചകം നിങ്ങൾ വായിച്ചു നോക്കണം. സ്വാശ്രയ കോളേജുകളെ/ഇൻസ്റ്റിറ്റ്യൂഷനുകളെ തകർക്കാൻ പ്രതിപക്ഷത്തിന്റെ കടമയും ധർമ്മവും വിനിയോഗിക്കാതെ നിങ്ങൾ നടത്തുന്ന സമരത്തിനെതിരായിട്ടാണ് ഇന്ത്യൻ എക്സ്പ്രസ്സിലെ സ്റ്റോറി. അത് നിങ്ങൾ വായിക്കണം. ഇവിടെ 18 വണ്ടികളാണ് കത്തിച്ചത്. കത്തുന്ന വണ്ടിയുടെ ചിത്രമാണ് നമ്മൾ കണ്ടത്. നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്. കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ തകർത്തു. കെ. കെ. ദിവാകരൻ സി.ഐ.ടി.യു. സെക്രട്ടറിയല്ലേ. പ്രസ്താവന വന്നിരിക്കുന്നു, കെ.എസ്.ആർ.ടി.സി. വാഹനങ്ങളെ തകർക്കുന്നത് ജീവനക്കാരെ തകർക്കുമെന്ന്. ബാങ്ക് എംപ്ലോയീസ് യൂണിയൻ ആരുടെ കൈയിലാണ്. സി.പി.ഐ.-യുടേയും സി.പി.എം.-ന്റേയും യൂണിയനുകളല്ലേ ബാങ്കുകളിലുള്ളത്? അവർ എന്ത് പിഴച്ചു? ഇന്നലെ അമ്പലപ്പുഴയിലെ ബാങ്ക് ആക്രമിച്ചിട്ട് രണ്ട് സ്ത്രീ ജീവനക്കാരെയാണ് മൃഗീയമായി മർദ്ദിച്ചത്. അവർ ആശുപത്രിയിലാണ്. കേരളത്തിലെ മുഴുവൻ ബാങ്കുകളും പ്രവർത്തിക്കുന്നില്ല. ബാങ്ക് മേധാവികൾ ആണ് ഈ പ്രശ്നത്തിന്റെ ഉത്തരവാദിത്വം എടുക്കേണ്ടത്. അതിനു പകരം താഴെക്കിടയിലുള്ള ബാങ്കുകളെ അടിച്ചു തകർക്കുക, കൗണ്ടറുകൾ അടിച്ച് തകർക്കുക, തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതു ശരിയല്ല. നിങ്ങൾ സംസ്ഥാനത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? നിങ്ങൾ നാളെ ഭരിക്കുമെന്ന് പറയുന്നവരാണല്ലോ; മുൻനിരയിലിരിക്കുന്നവർ മന്ത്രിമാരാകുമെന്ന് പറയുന്നവരാണല്ലോ; നിങ്ങൾ ഈ സംസ്ഥാനത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? ഉത്തരം പറയാൻ നിങ്ങൾക്ക് ബാദ്ധ്യതയില്ലേ? ഇവിടെ സ്വാശ്രയ സ്ഥാപനങ്ങൾ വേണ്ട, ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ട. സർക്കാർ വണ്ടികൾ വേണ്ട. നിങ്ങൾക്കൊന്നും കുഴപ്പമില്ല. കോഴിക്കോട് കോർപ്പറേഷനിൽ അടുത്ത കാലത്ത് എ.ഡി.ബി. പ്രതിനിധികൾ വന്നപ്പോൾ ഡി.വൈ.എഫ്.ഐ. തടഞ്ഞു. ആര് വിളിച്ചിട്ടാണ്? കോഴിക്കോട് കോർപ്പറേഷൻ. തിരുവനന്തപുരം കോർപ്പറേഷനിൽ എ.ഡി.ബി. പ്രതിനിധികൾ വന്നപ്പോൾ ഡി. വൈ. എഫ്.ഐ. തടഞ്ഞു. ആര് വിളിച്ചിട്ടാണ്? തിരുവനന്തപുരം കോർപ്പറേഷൻ. ഇത് രണ്ടും യു.ഡി.എഫ്.ആണോ ഭരിക്കുന്നത്? അല്ല. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുമ്പോൾ നിങ്ങൾക്ക് വിളിക്കാം. സമരം ചെയ്യാൻ വേണ്ടി വിളിക്കുന്ന ആൾ തന്നെ ഏർപ്പാട് ചെയ്യും. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി. ഇതല്ലേ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്? നിങ്ങൾക്ക് എത്രകാലം ഇങ്ങനെ കപടനാടകം കളിക്കാൻ പറ്റും. ഏറെക്കാലം ഈ രീതിയിൽ നിങ്ങൾക്ക് കപട നാടകം കളിക്കാൻ കഴിയുകയില്ല. ഇവിടെ ഏതായാലും സർക്കാരിനെ അട്ടിമറിക്കാൻ വേണ്ടിയുള്ള ഈ സമരത്തെ അനുകൂലിക്കാൻ പറ്റില്ല. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെയുള്ള സമരത്തെ ഐ.എച്ച്.ആർ.ഡി.ക്ക് എതിരായുള്ള സമരമായി മാറ്റാൻ രജനിയുടെ മരണം നിങ്ങൾ ഉപയോഗിക്കുകയായിരുന്നു എന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ തന്നെ നടത്തിയതാണ് പോലീസ് സ്റ്റേഷനിലേയ്ക്കുള്ള മാർച്ച്; സി.പി.എം.-ന്റെ മാർച്ച്. ഗോവിന്ദൻ മാസ്റ്ററൊക്കെ മാർച്ച് നയിക്കുന്ന ചിത്രം ഞാൻ കണ്ടു. "ഗുണ്ടാ വിളയാട്ടം", "മാഫിയാ വിളയാട്ടം". ആരാണ് ഇതൊക്കെ നടത്തുന്നത്? മിനിഞ്ഞാന്ന് ആലപ്പുഴയിൽ നടന്ന സംഭവമുണ്ട്. ബഹുമാനപ്പെട്ട രാജേന്ദ്രൻ ഇത് കേൾക്കണം. "ക്രിമിനലുകളെ കയറൂരി വിടുകയും അവരുടെ തേർവാഴ്ചയ്ക്ക് പ്രോൽസാഹനം നൽകുകയും സംരക്ഷണം നൽകുകയുമാണ് സി.പി.എം. ചെയ്യുന്നതെന്നും, ഇത് ജില്ലയിലെ ഇടതുപക്ഷ ഐക്യത്തെ തകർക്കും; ഇതിന്റെ പ്രത്യാഘാതം ഗുരുതരമായിരിക്കും എന്നും സി.പി.ഐ. ജില്ലാ സെക്രട്ടറി പുരുഷോത്തമൻ സി.പി.എം-ന് മുന്നറിയിപ്പ് നൽകി" എന്ന് പറഞ്ഞിരിക്കുന്നു. ആരാണ് ക്രിമിനലിസം പ്രോൽസാഹിപ്പിക്കുന്നത്?

1.00 p.m.] സി.പി.ഐ.-യുടെ സർട്ടിഫിക്കറ്റാണ് സി.പി.എം.-ന്. ഇവിടെ നിങ്ങൾ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയില്ലേ? ഗുണ്ടകളെ ആരാണ് പ്രോൽസാഹിപ്പിക്കുന്നത്? നമുക്ക് പരിശോധിക്കാം.

ഇവിടെ ശ്രീ. പി.എസ്. സുപാൽ സൂചിപ്പിച്ചത് കേസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നാണ്. കേസ്സുകളുടെ എണ്ണമല്ല വർദ്ധിച്ചത്. കേസ്സുകളിൽ രജിസ്റ്റർ ചെയ്യുന്നവയുടെ എണ്ണം വർദ്ധിക്കുകയായിരുന്നു. നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചപ്പോൾ കോൺഗ്രസ്സുകാരെ മാർക്സിസ്റ്റുകാർ തല്ലിയാൽ കേസ്സില്ല. സി.പി.ഐ.-ക്കാരനെ മാർക്സിസ്റ്റുകാർ തല്ലിയാൽ കേസ്സ് എടുക്കില്ല. ശ്രീ. നാരായണൻ എം.എൽ.എ.-യെ തല്ലിയിട്ടുള്ള അനുഭവം അറിയില്ലേ? ഇന്ന് എ.ഐ.എസ്.എഫ്.-കാരെ എസ്.എഫ്.ഐ.-ക്കാർ തല്ലിയപ്പോൾ കേസ്സെടുത്തു. എണ്ണം കൂടില്ലേ? സി.പി.എം.-കാർ ഭരിക്കുമ്പോൾ സി.പി.ഐ.-ക്ക് എതിരെ കേസ് എടുക്കുമോ? എടുക്കില്ല. ഇന്ന് കേസ്സുകളുടെ എണ്ണം കൂടിയിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷം നിങ്ങൾ നടത്തിയ സമരത്തിന്റെ ചിത്രം പരിശോധിച്ചാൽ ധാരാളം ബസ്സുകൾ കത്തിച്ചതായും ധാരാളം അക്രമങ്ങൾ നടത്തിയതായും കാണാം. ഇതൊക്കെ കേസ്സായി മാറുമ്പോൾ നമ്പർ കൂടില്ലേ? എന്നിട്ട് നിങ്ങൾ ചെയ്യുന്നത് എന്താണ്? ഈ കേരളം മുഴുവൻ അക്രമത്തിന്റെ തടവറയാണെന്ന് വരുത്തിത്തീർത്ത് ഇവിടത്തെ എല്ലാ ടൂറിസം സാദ്ധ്യതകളെയും തകർക്കുകയാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഒറ്റ ലക്ഷ്യം മാത്രമാണുള്ളത്. നിങ്ങൾ ഭരണത്തിലല്ലെങ്കിൽ കേരളം രക്ഷപ്പെടാൻ പാടില്ല. സ്വാശ്രയ സ്ഥാപനങ്ങൾ വേണ്ട. ടൂറിസം പ്രോജക്ടുകൾ വേണ്ട. കേരളത്തിൽ മറ്റ് പരിപാടികളൊന്നും വേണ്ട. ഇവിടെ ഒരു കമ്പനിയും വേണ്ട. ഇതാണ് നിങ്ങളെ നയിക്കുന്നത്. അത് ഒരു കാരണവശാലും ഇവിടുത്തെ ജനാധിപത്യ വിശ്വാസികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുവാൻ കഴിയില്ലായെന്നതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നിങ്ങൾ പറഞ്ഞത് എന്താണ്? രണ്ട് മന്ത്രിമാർ രാജി വയ്ക്കണമെന്ന്. അവർ രാജിവച്ചാൽ പ്രശ്നം തീരുമോ? ശ്രീ. നാലകത്ത് സൂപ്പി എന്തിനാണ് രാജിവയ്ക്കുന്നത്? ഐ.എച്ച്. ആർ.ഡി. കോളേജ് അനുവദിച്ചതുകൊണ്ടാണോ? അത് ശ്രീ. പി. ജെ. ജോസഫ് വിദ്യാഭ്യാസത്തിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ തുടങ്ങിയതാണ്. ഈ കാര്യത്തിൽ ശ്രീ. നാലകത്ത് സൂപ്പിക്ക് എന്ത് റോളാണുള്ളത്? മുമ്പ് പത്തുമുപ്പത് ദിവസക്കാലം നടത്തിയ പ്രീഡിഗ്രി ബോർഡിന് എതിരായുള്ള സമരം എന്തിന്റെ അടിസ്ഥാനത്തിലായിരുന്നു? അതിനുശേഷം പ്രീഡിഗ്രി ഡീലിംഗ് ചെയ്ത് പ്ലസ് ടു ഉണ്ടാക്കി. ഒരു കൊച്ചുകൂരപോലുമില്ലാത്തിടത്ത് പ്ലസ് ടു അനുവദിച്ചു. ഹൈക്കോടതി പറഞ്ഞില്ലേ ഇതിൽ അഴിമതി നടന്നുവെന്ന്. അതിന്റെ ഫലമായിട്ട് നിങ്ങൾ പത്തുകൊല്ലം കേരളത്തെ പുറകോട്ടുകൊണ്ടുപോയില്ലേ? മന്ത്രിമാർ രാജിവയ്ക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. അതിന് ഒരു മുൻകാല പ്രാബല്യം കൊടുത്തുകൂടേ? ഈ കാര്യത്തിൽ ബഹുമാനപ്പെട്ട എം.എ. കുട്ടപ്പനോ ബഹുമാനപ്പെട്ട സൂപ്പിയോ ഒരു പങ്കും വഹിച്ചിട്ടില്ല. ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇരിക്കൂർ അംഗം ബഹുമാനപ്പെട്ട കെ.സി.ജോസഫ് ഇവിടെയുണ്ട്. അദ്ദേഹം കഴിഞ്ഞ നിയമസഭാ കാലത്ത് പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ ഒരു തോമസ് ആത്മഹത്യ ചെയ്തത് സംബന്ധിച്ച് അടിയന്തിരപ്രമേയം കൊണ്ടുവന്നു. വെറുതെ ആത്മഹത്യ ചെയ്തതല്ല. അന്നത്തെ ധനകാര്യമന്ത്രിയുടെ കീഴിലുള്ള ധനകാര്യവകുപ്പ് പൊതുമരാമത്ത് വകുപ്പിന് ചെക്ക് കൊടുത്തു. ആ ചെക്ക് മടങ്ങി. ഗവൺമെന്റ് കൊടുത്ത ചെക്ക് ട്രഷറിയിൽപ്പോയപ്പോൾ മടങ്ങി. അതിന്റെ പേരിൽ ജീവിക്കുവാൻ വേറെ മാർഗ്ഗമില്ലാതെയായി. ബാങ്കിൽനിന്നും ലോണെടുത്ത് എല്ലാം നഷ്ടപ്പെട്ട ഒരു ഫാമിലി; അവസാനം ആത്മഹത്യ ചെയ്തു. ആ കോൺട്രാക്ടർ ആത്മഹത്യ ചെയ്തതിന്റെ പേരിൽ അന്നത്തെ മന്ത്രി രാജിവയ്ക്കേണ്ടതായിരുന്നില്ലേ? ഇപ്പോൾ ഒരു പ്രശ്നവുമില്ലാതെ മന്ത്രിമാർ രാജിവയ്ക്കണമെന്ന് പറയുന്ന നിങ്ങൾ മുൻകാല ഘട്ടങ്ങളിൽ നടന്ന ആത്മഹത്യയുടെ പേരിൽ,..... ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കാർത്തികേയൻ ഇരിപ്പുണ്ട്. ബോണക്കാട് എസ്റ്റേറ്റിൽ രണ്ട് തൊഴിലാളികൾ ആത്മഹത്യ ചെയ്തില്ലേ? കാട്ടാക്കടയിൽ ആത്മഹത്യ ചെയ്തില്ലേ? ആത്മഹത്യയുടെ പേരിൽ മന്ത്രിമാർ രാജിവയ്ക്കണമെന്നുപറഞ്ഞാൽ അതു ശരിയാണോ? ഗവൺമെന്റ് കൊടുത്ത ചെക്ക് മടങ്ങിയതിന്റെ പേരിൽ നിങ്ങളുടെ കാലത്ത് ആത്മഹത്യ നടന്നു. ശ്രീ. ശിവദാസമേനോൻ ഇപ്പോൾ രാജിവയ്ക്കണമെന്ന് പറയുവാൻ പറ്റില്ല. ശ്രീ. പി. ജെ. ജോസഫ് ഇപ്പോൾ രാജിവയ്ക്കണമെന്ന് പറയുവാൻ പറ്റില്ല. രാജി വച്ചില്ലെങ്കിലും അവരുടെ പേരിൽ കേസ് എടുക്കണമെന്ന് പറയുവാൻ പറ്റുമോ? മുൻകാല പ്രാബല്യം കൊടുത്ത് കേസ് എടുക്കണമെന്ന് പറയുവാൻ പറ്റുമോ? ഏതായാലും ഇത് ഏറ്റവും വലിയ ദ്രോഹമാണെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇവിടെ അക്രമമുണ്ടാക്കി കേരളത്തെ കലാപഭൂമിയാക്കി മാറ്റാൻവേണ്ടി ശ്രമിക്കുകയാണ് ചെയ്യുന്നത്. ഈ അക്രമത്തിൽ സി.പി.ഐ.-ക്ക് രക്ഷയില്ല. കാറൽമാർക്സിന് രക്ഷയില്ല. അതാണ് ഏറ്റവും വലിയ ദയനീയ സ്ഥിതി. ആലപ്പുഴയിൽ മാരാരിക്കുളത്ത് സി.പി.ഐ.-യുടെ ഓഫീസ് ആക്രമിച്ച് കാറൽ മാർക്സിന്റെ പടം അടിച്ചുപൊളിച്ചു. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന് ബഹുമാനവും പേടിയും കൊണ്ട് സി.പി.ഐ.(എം.)-കാരോട് മിണ്ടാൻ പറ്റില്ല. അത് ഞങ്ങൾക്കറിയാം. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ രക്ഷയ്ക്ക് ഞങ്ങൾ ഉണ്ടാകും. പേടിയ്ക്കണ്ട. നിങ്ങൾ അധികം ബുദ്ധിമുട്ടുമ്പോൾ ഞങ്ങളുണ്ടാകും. ഏതായാലും ഒരുകാര്യം സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. .....(ബഹളം).....കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്,.....

ഞങ്ങളുടെ പാകപ്പിഴകൊണ്ട് പാർലമെന്റ് സീറ്റിൽ ഭൂരിപക്ഷവും നഷ്ടപ്പെട്ടു. അത് ഞങ്ങളുടെ കുഴപ്പംകൊണ്ടാണ്. ഇപ്പോൾ ഞാൻ നോക്കിയപ്പോൾ 12-13 ലക്ഷം വോട്ടേ യു.ഡി.എഫി-ന് കുറഞ്ഞിട്ടുള്ളൂ. എൽ.ഡി.എഫി-ന് കൂടിയത് മൂന്ന് ലക്ഷം വോട്ട് മാത്രമേയുള്ളൂ. ഞങ്ങളുടെ കുഴപ്പംകൊണ്ടാണ് 12 ലക്ഷം വോട്ടുകുറഞ്ഞത്. ഞങ്ങൾ കൂട്ടായി ചെയ്ത കുഴപ്പംകൊണ്ടാണ്. പക്ഷേ എൽ.ഡി.എഫി-ന് കൂടിയിട്ടില്ല. ഇതിനുകാരണം വ്യക്തമല്ലേ? ജനങ്ങളെ വെല്ലുവിളിക്കുന്ന ഒരു പാർട്ടിക്ക് ഏതെങ്കിലും ജനങ്ങൾ വോട്ടുചെയ്യുമോ? അതുകൊണ്ട് ഒരു ചക്കവീണ് ഒരു മുയൽ ചത്തുവെന്നുവെച്ച് നിങ്ങൾ അഹങ്കരിക്കണ്ട. ഇനി ചക്കയും വീഴില്ല ഒരു മുയലും ചാവുകയുമില്ല. നിങ്ങളുടെ അഹങ്കാര രാഷ്ട്രീയത്തിന് എതിരായി, നിങ്ങൾ നടത്തുന്ന സംഹാരതാണ്ഡവത്തിനെതിരായി, കേരളത്തിലെ ജനങ്ങളെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അക്രമണത്തിന് എതിരായി, കേരള ജനത ഉണർന്നെഴുന്നേൽക്കും നിങ്ങൾക്ക് ശക്തമായ താക്കീതുമായി. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുകയാണ്. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, സാമൂഹ്യമേഖലയ്ക്കുവേണ്ടി നീക്കിവച്ച തുക പടിപടിയായി കുറഞ്ഞുവരുകയാണ്. കൃഷിക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് 8.5 ശതമാനം ഉണ്ടായിരുന്നത് 2003-04-ൽ 6.5 ശതമാനമായി. ഈ വർഷം 5.3 ശതമാനമാണ്. കൃഷിക്കാർക്ക് നീക്കിവയ്ക്കേണ്ട തുക കുറഞ്ഞുവരുന്നു. നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർ കൂട്ട ആത്മഹത്യയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് പേരുകേട്ട കേരളത്തെ പിശാചുക്കളുടെ നാടാക്കിമാറ്റി. ദിവസേന കർഷകരുടെ ആത്മഹത്യ നടക്കുന്നു. ആരോഗ്യമേഖലയ്ക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് 14 ശതമാനം നീക്കിവച്ചു. അത് ഇപ്പോൾ 12.6 ശതമാനമായി കുറഞ്ഞു. നമ്മുടെ നാട്ടിലെ ആശുപത്രികളെയാകെ അനാഥമായ സ്ഥിതിയിലെത്തിച്ചു. ആശുപത്രിയിൽ ഒരു രോഗവുമായി പോയാൽ രണ്ടുരോഗവുമായിട്ട് തിരിച്ചുവരുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നെടുമങ്ങാടുള്ള ദിവാകരൻനായർ ഒരു ആക്സിഡന്റിൽ ഒരു കാലിന് പരുക്കുപറ്റി ചികിൽസയ്ക്കുപോയി. അയാളുടെമേൽ ഫാൻ ഒടിഞ്ഞുവീണ് മറ്റേക്കാലുംപോയി. ഒരുകാലിന് പരുക്കുപറ്റിയ ആൾ രണ്ടുകാലും നഷ്ടപ്പെട്ടാണ് തിരിച്ചുവന്നത്. നമ്മുടെ ആശുപത്രികളുടെ സ്ഥിതി അതാണ്.

വിദ്യാഭ്യാസത്തിന് ഇടതുപക്ഷ ഭരണകാലത്ത് 40.96 ശതമാനം നീക്കിവച്ചു. ഇപ്പോൾ 35.29 ശതമാനമായി കുറഞ്ഞു. അതിന്റെ ഫലമായി സംസ്ഥാനത്തെ ദുർബലവിഭാഗങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങൾ നോക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കാതെവന്നു. അതിന്റെ രക്തസാക്ഷിയാണ് രജനി. വിദ്യാഭ്യാസനയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

രക്തസാക്ഷി എന്ന് ഞങ്ങൾ പറയുവാൻ കാരണം, പാവപ്പെട്ട കുട്ടികൾക്ക് സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിന് ഉദാഹരണമാണ് രജനിയുടെ മരണം. രജനി അമ്മയ്ക്ക് എഴുതിയ കത്ത് ഇന്ന് 'കേരള കൗമുദി' പത്രത്തിലും 'മാതൃഭൂമി' പത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പറയുകയാണ്, എനിക്ക് കോളേജിൽ പരീക്ഷാ ഫീസായി ആയിരം രൂപ അടയ്ക്കണം. ലാബ് ഉപകരണങ്ങൾ വാങ്ങാൻ 500 രൂപ വേണം. ഹോസ്റ്റലിൽ ഈ മാസവും അടുത്ത മാസവും ഫീസ് കൊടുക്കണം. അതുകൊണ്ട് അടുത്ത മാസം ഏഴിന് അല്ലെങ്കിൽ ഈ മാസം അവസാനം ഞാൻ വരും.

മി. സ്പീക്കർ: എഴുത്തിന്റെ ഡേറ്റ് കൂടെ പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുമ്പ് അയച്ചതാണ്. എന്നിട്ട് ആ കുട്ടി ഹോസ്റ്റലിനെ സംബന്ധിച്ച് പറയുകയാണ്, ഞാൻ ഹോസ്റ്റലിൽ ഫീസ് കൊടുത്തില്ലായെന്ന ഹോസ്റ്റൽ വാർഡൻ ഹോസ്റ്റലിലെ എല്ലാ കുട്ടികളോടും, പറഞ്ഞതായി ഞാൻ വീട്ടിൽവന്നപ്പോൾ അറിഞ്ഞു. ഞാൻ തിരിച്ച് ഹോസ്റ്റലിലേയ്ക്ക് വരുകയില്ലെന്നും പറഞ്ഞു. ഹോസ്റ്റലിലുണ്ടായ വിഷമം എന്താണെന്ന് ഈ കത്ത് വ്യക്തമാക്കുന്നു. രജനിയുടെ മരണം രാഷ്ട്രീയമായി മുതലെടുപ്പു നടത്താൻ ഉദ്ദേശിച്ചല്ല ഞങ്ങൾ ഇവിടെ ഉന്നയിച്ചത്. ഞങ്ങൾ അതിന് ഉദ്ദേശിക്കുന്നുമില്ല. രജനിയുടെ മരണത്തെ സംബന്ധിച്ച് ഇവിടെ നടന്ന ചർച്ചയിൽ അപ്പുറത്തെ ബഹുമാന്യരായ മെമ്പർമാർപോലും സ്വീകരിച്ച സമീപനം ശരിയാണോയെന്ന് അവർ സ്വയം പരിശോധിക്കണം. ശ്രീ. ആര്യാടൻ ചോദിച്ചു ആ കുട്ടി രണ്ടുദിവസമായിട്ട് എവിടെയായിരുന്നുവെന്ന്.

മി. സ്പീക്കർ : Is it not relevant Mr. Kodiyeri.....for information ആത്മഹത്യ ചെയ്ത കുട്ടി ആത്മഹത്യയ്ക്ക് രണ്ടുദിവസം മുമ്പ് whereabouts എന്നു പറഞ്ഞാൽ Is it not relevant?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, രണ്ടു ദിവസം ആ കുട്ടി എവിടെയായിരുന്നു എന്നുള്ളത് ഞാൻ ആ കുട്ടിയുടെ വീട്ടിൽ പോയി അന്വേഷിച്ചപ്പോൾ കുട്ടിയുടെ രക്ഷിതാവ് എന്നോട് പറഞ്ഞു. അന്നേ ദിവസം രാവിലെ ആ കുട്ടി അടൂരിലെ കോളേജിൽ പോയി. കോളേജിലേയ്ക്ക് പോയ സമയത്ത് തിരിച്ചുവരാൻ കഴിയില്ലെങ്കിൽ അവിടെ ഇന്ന കുട്ടിയുടെ വീട്ടിൽ താമസിക്കുമെന്ന് പറഞ്ഞിരുന്നു. ആ വീട്ടുകാരുടെ ഫോൺ നമ്പരും അഡ്രസ്സും വരെയുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ അതു കൊടുത്തിട്ടുണ്ട്. നിങ്ങൾ അതു വെരിഫൈ ചെയ്യണം. ഇത്ര വിവാദമുണ്ടായിട്ടും എന്തുകൊണ്ട് ആ വീട്ടിൽ ഒരു മന്ത്രിപോലും ഇതുവരെ പോയിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിക്ക് എന്തുകൊണ്ട് പോകാൻ സാധിച്ചില്ല? ഏതെങ്കിലും ഒരു മന്ത്രി അവിടെ പോയോ? കുറ്റബോധമാണ് നിങ്ങളെ വേട്ടയാടുന്നത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് എടുക്കുമ്പോൾ സാധാരണ നിലയിൽ ഇന്ന രീതിയിൽ പരിശോധിക്കണമെന്ന് പോലീസ് നിർദ്ദേശിക്കാറുണ്ടോ? ആ കുട്ടിയുടെ കന്യകാത്വം പരിശോധിക്കണമെന്ന് എന്തിന് നിർദ്ദേശിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ആ പെൺകുട്ടി ഇതുവരെ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടിട്ടില്ല എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലേ? എന്തിനാണ് ആ കുട്ടിയെ സംബന്ധിച്ച് ഈ കഥ പ്രചരിപ്പിച്ചത്? ഇങ്ങനെ പ്രചരണം നടത്തിയ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അതു പിൻവലിക്കണമെന്ന് വിനയപൂർവ്വം ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അദ്ദേഹം ഒന്നും പറഞ്ഞില്ലല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ദുസ്സൂചനയുള്ള പരാമർശം പിൻവലിക്കണം. അപ്പുറത്തു നിന്ന് ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ മുതൽ ശ്രീ. കെ.സി. വേണുഗോപാൽ വരെയുള്ള മെമ്പർമാരുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചുകേട്ടു. മന്ത്രിസഭ പുന:സംഘടിപ്പിക്കുമ്പോൾ അടുത്ത മന്ത്രിസഭയിൽ ഉൾപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്ന ആളുകൾ, കുപ്പായം തുന്നിവച്ചിട്ട് പ്രസംഗിച്ച ആളുകളാണ്. അവരുടെ പ്രസംഗത്തിൽ അവർ പറഞ്ഞത് എന്താണ്? ഇവിടെ മാർക്സിസ്റ്റു പാർട്ടി അക്രമം നടത്തുന്നു എന്നാണ് പറയുന്നത്. അക്രമത്തിന്റെ കാര്യം അന്വേഷിക്കണം; ഇവിടെ ആരാണ് അക്രമം നടത്തുന്നതെന്ന് പറയാനായി അവർ പലതും പറഞ്ഞു. ഡെൽഹിയിൽ നയനാ സാഹ്നി എങ്ങനെ മരിച്ചു എന്ന് നിങ്ങൾ അന്വേഷിച്ചു നോക്കൂ. തന്തൂരി ചിക്കന്റെ കഥ പുറത്തുവരുമല്ലോ. ചീമേനിയിൽ അഞ്ചാളുകളെ ആരാണ് കൊന്നത്? ഇവിടെ പലരും ഗാന്ധിയന്മാരായി വരുകയാണ്. അഭിനവഗാന്ധിയായിട്ട് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ മാറിയിരിക്കുകയാണ്. കണ്ണൂർ ഡി.ഐ.ജി. ഓഫീസിനു മുന്നിൽ സമരം നടന്നു. അവിടുത്തെ സ്കൂൾ ആരാണ് കത്തിച്ചത്? സാക്ഷാൽ യൂത്ത് കോൺഗ്രസ് (ഐ). ശ്രീ. പ്രതാപവർമ്മ തമ്പാൻ പറഞ്ഞു, ആരാണ് അക്രമം നടത്തിയതെന്ന് അന്വേഷിക്കണമെന്ന്. അതന്വേഷിക്കാൻ അദ്ദേഹം വേറെ എവിടേയും നോക്കേണ്ട, സ്വന്തം കുടൽ തപ്പിനോക്കിയാൽ മതി. തമ്പാന്റെ വലിയകുടലും ചെറുകുടലും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് നോക്കിയാൽ മതി. സ്വന്തം ഗ്രൂപ്പുകാരല്ലേ കുത്തി മലർത്തിയത്? അവരാണ് ഇവിടെ വന്നിട്ട് ഞങ്ങളെക്കുറിച്ച് പ്രചരണവുമായി നടക്കുന്നത്. "വൈദ്യരേ സ്വയം ചികിൽസിക്കൂ" എന്നേ എനിക്കു പറയാനുള്ളൂ. ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടും എന്തിനാണ് സമരമെന്ന് ചോദിക്കുന്നു. ഇതു സംബന്ധിച്ച് യാഥാർത്ഥ്യബോധമുള്ള ഒരു സമീപനമാണ് ഞങ്ങൾ സ്വീകരിച്ചത്. ഇവിടെ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കണം. യുദ്ധം അതിന് പരിഹാരമല്ല. ഇവിടെ സമരം ചെയ്യുന്ന സംഘടനകളുമായി ഗവൺമെന്റ് കൂടിയാലോചിക്കണം. കേരളത്തിൽ സമാധാനപൂർണ്ണമായ അന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുൻകൈ എടുക്കണം. അതു ചെയ്യാതെ പോലീസ് കയ്യിലുണ്ട് എന്നുള്ള ധാരണയിൽ പ്രശ്നത്തെ അടിച്ചമർത്താൻ ശ്രമിക്കുന്ന സമീപനം ഈ നാട്ടിൽ പ്രശ്നം പരിഹരിക്കാൻ സഹായകമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു ഗുരുതരമായ പ്രശ്നം എനിക്കു പറയാനുള്ളത്, യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട പണം പിരിച്ചെടുക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. സംസ്ഥാനത്തെ ഖജനാവിന് 245 കോടിയോളം രൂപയുടെ നഷ്ടം ഉണ്ടാക്കിയ ബിവറേജസ് കോർപ്പറേഷന്റെ മദ്യ ഇടപാടിലെ അഴിമതികൾ അന്വേഷിച്ച് ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകണമെന്ന് ജസ്റ്റീസ് കെ. അബ്ദുൾ ഗഫൂറും ജസ്റ്റിസ് കെ. രാമനും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശമദ്യ കമ്പനികൾക്ക് ഗവൺമെന്റ് വില വർദ്ധിപ്പിച്ചു കൊടുത്തു. മദ്യ കമ്പനികളിൽ നിന്ന് ഇൻസന്റീവായി കോടിക്കണക്കിന് രൂപ ബിവറേജസ് കോർപ്പറേഷന് കിട്ടിയിട്ടുണ്ട്. ഇത് കോർപ്പറേഷന്റെ കണക്കിൽ കാണുന്നില്ല. ഇത്തരത്തിൽ കോർപ്പറേഷന് കിട്ടിയ 45 കോടി രൂപ എവിടെ പോയി? കേരളത്തിലെ എല്ലാ മദ്യ വ്യാപാര സ്ഥാപനങ്ങൾക്കും ഉൽപ്പന്നങ്ങളുടെ വിലയെ അടിസ്ഥാനമാക്കി ഒരു വർഷം 5 രൂപ മുതൽ 100 രൂപ വരെ ഒരു കെയ്സ് മദ്യത്തിന് മദ്യ കമ്പനികൾ കമ്മീഷൻ നൽകിവരുന്നുണ്ട്. ബിവറേജസ് കോർപ്പറേഷൻ തന്നെ ഹൈക്കോടതിയിൽ ഹാജരാക്കിയ രേഖകളിൽ ഇതു വ്യക്തമാണ്. സാധാരണ കണക്കു കൂട്ടിയാൽ 15 കോടി രൂപ ഒരു വർഷം കിട്ടണം. മൂന്നു വർഷം കൊണ്ട് 45 കോടി രൂപ കിട്ടേണ്ടേ? സഹകരണ മേഖലയിലെ കൺസ്യൂമർ ഫെഡറേഷന് 46 ചില്ലറ മദ്യവിൽപ്പന ശാലകൾ ഉണ്ട്. ഫെഡറേഷന്റെ കണക്കിൽ ഇൻസെന്റീവായി 1.5 കോടി രൂപ കിട്ടിയതായി കാണുന്നു. 305 വിൽപ്പനശാലകളിലും 505 ബാർ ഹോട്ടലുകളിലും മദ്യം നൽകുന്ന ബിവറേജസ് കോർപ്പറേഷന്റെ കണക്കിൽ ഒരു പൈസപോലും കാണാത്തത് എന്താണ്? 2001 ജൂലായിൽ ഇൻസെന്റീവ് വേണ്ടെന്നു വച്ചു. പകരം 2 ശതമാനം സർവ്വീസ് നികുതിയാണ് വാങ്ങുന്നതെന്ന് കോർപ്പറേഷൻ പറഞ്ഞത്. ഇതിലൂടെ മൂന്നു വർഷത്തേയ്ക്ക് 14.11 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. മദ്യ കമ്പനികൾ ആവശ്യപ്പെട്ട വില വർദ്ധനവ് അംഗീകരിച്ചതുവഴി 200 കോടി രൂപയുടെ അധിക വരുമാനം ഡിസ്റ്റിലറികൾക്ക് ഉണ്ടായിട്ടുണ്ട്. ഇവിടെ 27 ശതമാനമായിരുന്നു വർദ്ധനവ്. ബിവറേജസ് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയും വലിയ വർദ്ധനവ് ഉണ്ടാകുന്നത്. ഇതിനായി ഡിസ്റ്റിലറി ഉടമകളിൽ നിന്ന് 10 കോടി രൂപ കൈക്കൂലി വാങ്ങിയിട്ടുണ്ട് എന്ന് ഞാൻ ആരോപിക്കുന്നു. ഇത് കോൺഗ്രസ് (ഐ)-യുടെ നേതാക്കന്മാർക്കും ഉദ്യോഗസ്ഥന്മാർക്കുമാണ് കിട്ടിയിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്തണം. ബഹുമാനപ്പെട്ട മന്ത്രി ഇതിന് കൂട്ടു നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതന്വേഷിച്ചു കണ്ടുപിടിക്കാൻ എന്തുകൊണ്ട് ഇതുവരെ കഴിയുന്നില്ല എന്നാണ് എനിക്കു ചോദിക്കാനുള്ളത്. ഏപ്രിൽ 1 മുതൽ മദ്യ കമ്പനികൾ ആവശ്യപ്പെട്ട വില വർദ്ധനവ് നിലവിൽ വന്നുകഴിഞ്ഞു. വില കൂട്ടിക്കൊടുത്തതോടെ എക്സൈസ് തീരുവ കുറവു ചെയ്തു. 2004 മാർച്ച് 31 വരെ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന് 100% ആയിരുന്നു എക്സൈസ് ഡ്യൂട്ടി. ഏപ്രിൽ 1 മുതൽ എക്സൈസ് ഡ്യൂട്ടി സ്ലാബ് സമ്പ്രദായത്തിലേയ്ക്ക് മാറ്റി. ഇതു സംബന്ധിച്ച് ഉന്നയിക്കുന്ന കാര്യങ്ങൾ അന്വേഷിക്കാൻ തയ്യാറായാൽ എല്ലാവിധ തെളിവുകളും നൽകാൻ ഞാൻ സന്നദ്ധനാണ്. ബിവറേജസ് കോർപ്പറേഷൻ തന്നെ ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള കത്തിനകത്ത് ഇത് വ്യക്തമാണ്. അവർ കോടതിയിൽ കൊടുത്തിരിക്കുന്ന രേഖകളിൽ ഒരു ഡിസ്റ്റിലറി ഉടമ പറയുന്നു. 'We are giving trade incentives to KSBC according to the notice' എന്ന്. ഞാൻ അതു മേശപ്പുറത്തു വയ്ക്കാം.

മി. സ്പീക്കർ: It is very clear.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിന്റെ ഡീറ്റയിൽസ് വേണമെങ്കിൽ ഞാൻ മേശപ്പുറത്തു വയ്ക്കാം. ഈ രേഖ വായിച്ചുനോക്കിയാൽ കിട്ടുന്നില്ലായെന്നുള്ള കാര്യം വ്യക്തമാണ്. ആരാണ് ഇത് അടിച്ചെടുക്കുന്നത്? ഇതിനെക്കുറിച്ചാണ് നമുക്ക് പരിശോധിക്കേണ്ടതായിട്ടുള്ളത്. മറ്റൊരു കാര്യം, എല്ലാവിധ തത്വങ്ങളും ലംഘിച്ചുകൊണ്ട് ഒമ്പത് ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കാനുള്ള നീക്കം നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ പറഞ്ഞാൽ പലപ്പോഴും മുഖ്യമന്ത്രി ഇടപെടുന്നു എന്നുള്ളതുകൊണ്ട് പറയുകയാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിലും ഇടപെടണം. അഴിമതിയുടെ മണമുണ്ട്. ഒമ്പതു ഹോട്ടലുകൾക്ക് കൊടുക്കാനുള്ള നീക്കം നടക്കുന്നുണ്ട്. എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ് ഇതു കൊടുക്കുന്നത്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

മറ്റൊരു കാര്യം പറയാനുള്ളത്, കഴിഞ്ഞ ദിവസം ഉന്നയിച്ച കാര്യമാണ്. സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കുവേണ്ടി പാട്ടത്തിന് കൊടുത്തതുമായി ബന്ധപ്പെട്ടുകൊണ്ട് ചില ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പാട്ടത്തുകയിൽ കുത്തനെ കുറവു വരുത്തി. റവന്യൂ വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് തീരുമാനിച്ച് അതംഗീകരിച്ചു. ഇവിടെ ഇതു സംബന്ധിച്ച രേഖ ബഹുമാനപ്പെട്ട മന്ത്രി മേശപ്പുറത്തു വച്ചു. അതിൽ പറയുന്നത്, റവന്യൂ വകുപ്പ് പാട്ടത്തിനു നൽകിയ സർക്കാർ ഭൂമിയുടെ പാട്ടം യുക്തിസഹമായി പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് എന്നതാണ് സബ്ജക്ട്. റവന്യൂ വകുപ്പിന്റെ ഡിസിഷൻ അംഗീകരിച്ചു എന്നാണ് പറഞ്ഞിട്ടുള്ളത്. അത് എന്താണെന്നുള്ളത് സംബന്ധിച്ച് ഞങ്ങൾക്ക് വിശദാംശങ്ങൾ കിട്ടിയിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്തുള്ള ഡിസിഷൻ വളരെ വ്യക്തമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പാട്ടത്തിന് നൽകിയ ഭൂമിയുടെ നികുതി കുറയ്ക്കുകയും പാട്ടഭൂമി സൗജന്യ നിരക്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് പതിച്ചു നൽകുകയും ചെയ്യുന്നതു സംബന്ധിച്ചാണ് തീരുമാനം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്ക് പാട്ടത്തിന് നിൽകിയിരിക്കുന്ന ഭൂമിയുടെ പാട്ടം 10% എന്നതിനുപകരം കമ്പോളവിലയുടെ ഒരു ശതമാനമായി പുതുക്കി 1995 നവംബർ 13 മുതൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി കൊടുക്കാൻ തീരുമാനിച്ചു. ഇത് വ്യക്തമാണ്. സഹകരണസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാത്രമേ ഇതുള്ളൂ. സഹകരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്നതിനൊപ്പം വാണിജ്യസ്ഥാപനങ്ങൾക്കു കൂടി ഇത് അനുവദിച്ചു കൊടുത്തതോടുകൂടി സംസ്ഥാന ഗവൺമെന്റിന് കിട്ടേണ്ട കോടിക്കണക്കിനു രൂപ നഷ്ടപ്പെട്ടു. യഥാർത്ഥത്തിൽ ഇവിടെ ഗവൺമെന്റിന് ഇതിൽക്കൂടി പിരിച്ചെടുക്കാനുള്ളത് 194 കോടി രൂപയാണ്. 44 ലക്ഷം രൂപ കിട്ടണമെന്നാണ് ഗവൺമെന്റ് ഔദ്യോഗികമായി പറഞ്ഞത്. ഇതിനെല്ലാം ഗവൺമെന്റ് സ്റ്റേ കൊടുത്തിട്ടാണ് കുടിശ്ശികയായിരിക്കുന്നത്. കോടതിയാണ് സ്റ്റേ ചെയ്തതെന്നു പറയുന്നത് ശരിയല്ല. ഇവിടെ ഒരുപാട് ക്ലബുകൾക്ക് ഇതുപോലെ ആനുകൂല്യം കിട്ടി. നാഷണൽ ക്ളബ്ബ്, ശ്രീമൂലം ക്ലബ്, ടെന്നീസ് ക്ലബ്, റോട്ടറി ക്ലബ്, ഇങ്ങനെ ഒരുപാട് ക്ലബുകളുണ്ട്. വാണിജ്യസ്ഥാപനങ്ങൾ എന്നുള്ള പട്ടികയിൽപ്പെടുത്തിയാൽ ഇറച്ചിക്കച്ചവടം ചെയ്യുന്ന ആളിനുപോലും ഇതു കിട്ടും. എന്തുകൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുത്തു എന്നതാണ് എന്റെ ചോദ്യം.

ഇവിടെ ക്യാബിനറ്റ് ഇതുസംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എടുത്ത തീരുമാനംപോലും നടപ്പാക്കപ്പെട്ടിട്ടില്ല എന്നു കണ്ടു. അന്ന് നിയമവകുപ്പ് ഒബ്ജക്ഷൻ കൊണ്ടുവന്നു. ഇത് സുപ്രീംകോടതി വിധിക്കും ഹൈക്കോടതി വിധിക്കും എതിരാണെന്നാണ് നിയമവകുപ്പ് പറഞ്ഞത്. നിയമവകുപ്പിന്റെ ആ ഒബ്ജക്ഷൻ എന്റെ കൈവശമുണ്ട്. അതിൽ വ്യക്തമായി ഇത് കൊടുക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ അവർ ഒബ്ജക്ഷൻ കൊണ്ടുവന്നു. കോടതിവിധിയടക്കം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അവർ ഇതു പറഞ്ഞത്. എറ്റവും പ്രധാനമായ കാര്യം ധനകാര്യവകുപ്പ് അന്ന് ഇതിനെ ശക്തമായി എതിർത്തു എന്നുള്ളതാണ്. സംസ്ഥാന ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ധനകാര്യ വകുപ്പ് ഇതിനെ എതിർത്തത്. നിയമ വകുപ്പും എതിർത്തു. ഈ വകുപ്പുകളുടെ തീരുമാനങ്ങളെല്ലാം ലംഘിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി ഇതിൽ പ്രത്യേക താല്പര്യമെടുത്തുവെന്ന് ഈ ഫയലുകൾ വ്യക്തമാക്കുന്നു. അതുകൊണ്ട് റവന്യൂ വകുപ്പിന്റെ കൈയിലുള്ള എല്ലാ ഫയലുകളും ക്യാബിനറ്റിന്റെ തീരുമാനത്തിലേയ്ക്ക് എത്തുന്നതിനിടയായിട്ടുള്ള എല്ലാ രേഖകളും ഈ നിയമസഭയുടെ മേശപ്പുറത്തുവച്ചാൽ ഇതിന്റെ പിന്നിൽ പതിയിരിക്കുന്ന അഴിമതിയുടെ കഥയും ഇതിൽ മന്ത്രി ശ്രീ. കെ.എം. മാണിക്കുണ്ടായിരുന്ന പ്രത്യേകമായ താല്പര്യവും വ്യക്തമായിട്ട് മനസ്സിലാക്കാൻ സാധിക്കും. എന്റെ കൈയിലുള്ളത് റവന്യൂ വകുപ്പിൽ നിന്നുള്ള ചില രേഖകളാണ്. അതു പരിശോധിച്ചു നോക്കിയാൽ റവന്യൂ വകുപ്പുതന്നെ ഇതിൽ പ്രത്യേക താല്പര്യമെടുത്ത് ചെയ്തതാണെന്നുള്ള കാര്യം വ്യക്തമാകും. ഇതിൽ ഒരു മന്ത്രിസഭാ ഉപസമിതിയുണ്ടാക്കി, ശ്രീ. കെ.എം. മാണി, ശ്രീ. കെ. ശങ്കരനാരായണൻ, ശ്രീ. എം. വി. രാഘവൻ എന്നീ മൂന്ന് ആളുകൾ മാത്രം പങ്കെടുത്ത് എടുത്തതാണ് ആ ഉപസമിതി തീരുമാനം. അതിൽ അവസാനം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. നാലകത്തു സൂപ്പിയും ഒപ്പിട്ടുകൊടുത്തു, അവർ യോഗത്തിൽപ്പോലും പങ്കെടുത്തിട്ടില്ല. ഈ തീരുമാനങ്ങളൊക്കെ വന്നതിന്റെ പിന്നിൽ ദുരൂഹതയുണ്ട്, അഴിമതിയുടെ മണമുണ്ട്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റിവച്ച് പരിശോധിക്കാൻ ഒരു സാഹചര്യം ഞങ്ങൾക്കുണ്ടാക്കിത്തരണം. ഒരു മന്ത്രി കഴിഞ്ഞ ദിവസം അതിനു തയ്യാറായി, ശ്രീ. കെ. സുധാകരൻ. ആ മാതൃക സ്വീകരിച്ചുകൊണ്ട് .....

മി. സ്പീക്കർ: You should not take more time.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ഗവൺമെന്റ് കേരളത്തെ ചോരക്കളമാക്കാനും ജനങ്ങൾക്കെതിരായി യുദ്ധം പ്രഖ്യാപിക്കാനും വേണ്ടി തയ്യാറായിരിക്കുന്ന ജനദ്രോഹകരമായ നടപടികൾ സ്വീകരിക്കുന്ന ഒരു ഗവൺമെന്റായതുകൊണ്ടാണ് ഇതിനെ ശക്തിയായി എതിർക്കുന്നതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുകേട്ടാൽ അവർക്ക് മന്ത്രിസഭയിൽ തീരുമാനമെടുക്കാം, അവർ മന്ത്രിസഭയിൽ ഒരു ശതമാനമാക്കി കുറച്ചാൽ അഴിമതിയില്ല, അവർ മന്ത്രിസഭയിൽ retrospective ആക്കി കൊല്ലത്തേയ്ക്ക് കൊടുത്താൽ അഴിമതിയില്ല, അവർ മന്ത്രിസഭയിൽ ഇത് concessional rate-ൽ കൊടുക്കാൻ പറഞ്ഞാൽ അതിൽ അഴിമതിയില്ല, യു.ഡി.എഫ്. ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ അഴിമതി. മി. കോടിയേരി, ഇത്തരത്തിൽ മനുഷ്യന്റെ കണ്ണിൽ പൊടിയിടുന്ന ഏർപ്പാട് . ചെലവാകില്ല. സഖാവ് വി.എസ്. അച്ചുതാനന്ദൻ പറഞ്ഞത് 'വല്ലതുമൊക്കെ ഉണ്ടാകും' എന്നാണ്. അത് ഞങ്ങളുടെ പാരമ്പര്യമല്ല, അതൊക്കെ നിങ്ങളുടെ പാരമ്പര്യമാണ്. അത് നിങ്ങളുടെ അനുഭവത്തിൽ നിന്നും നിങ്ങൾ പറയുന്നതാണ്. ഞാനന്ന് ഈ proceedings മാത്രമേ ഹാജരാക്കിയുള്ളൂ, അതിൽ വിവരമൊന്നുമില്ലെന്ന് .ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. പ്രത്യേകിച്ചും പത്രസമ്മേളനത്തിൽ അങ്ങനെ പറഞ്ഞതുകൊണ്ട് ഈ cabinet decision -ന്റെ ഫയലിന്റെ മുഴുവൻ extract-ഉം points for decision -ന്റെ മുഴുവൻ കോപ്പിയും ആ ഖണ്ഡികയുടെ മുഴുവൻ കോപ്പിയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു, ഇത് പരിശോധിക്കാം.

(ഫയൽ മേശപ്പുറത്തുവച്ചു)

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ബിവറേജസ് കോർപ്പറേഷന്റെ ഇൻസെന്റീവിന്റെ കാര്യം അത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിലാണ്. ഹൈക്കോടതി അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്, അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അന്വേഷിക്കുകയും ആവശ്യമായ നടപടിയെടുക്കുകയും ചെയ്യും. മറ്റൊന്ന്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തേക്കാൾ, കൂടുതൽ റവന്യൂ ബിവറേജസ് കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുണ്ട്, എക്സൈസ് ഡിപ്പാർട്ടുമെന്റും ഉണ്ടാക്കിയിട്ടുണ്ട്. അതെല്ലാം സുതാര്യമായ മാർഗ്ഗത്തിലൂടെ തന്നെയാണ് ചെയ്തിട്ടുള്ളത്. 9 ഹോട്ടലുകൾക്ക് അവിഹിതമായി ബാർ ലൈസൻസ് കൊടുക്കാൻ പോകുന്നു എന്ന് പരാതി പറഞ്ഞു. അവിഹിതമായി ഒന്നും കൊടുക്കാൻ തീരുമാനിച്ചിട്ടില്ല, കൊടുക്കുന്ന പ്രശ്നമില്ല. ആലോചിച്ചിട്ടു പോലുമില്ലാത്ത കാര്യമാണ് ബഹുമാനപ്പെട്ട അങ്ങ് ഇവിടെ ഉന്നയിച്ചത്, അത് ശരിയല്ല, അതങ്ങനെ കൊടുക്കുന്ന പ്രശ്നമില്ല. അതുമാത്രമല്ല, എക്സൈസിന്റെ പോളിസി ക്യാബിനറ്റിന്റെ ഒരു സബ്കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുന്ന സന്ദർഭം കൂടിയാണ്, അതുകൊണ്ട് ഇങ്ങനെ ഒരാലോചനപോലുമില്ല.

മി. സ്പീക്കർ: അദ്ദേഹം ഏതോ ഒരു ഏജൻസിക്ക് കമ്മിഷൻ കൊടുത്തു, ഇതിനു കമ്മിഷൻ കിട്ടിയില്ല എന്നൊരു allegation പറഞ്ഞു, അതിനെപ്പറ്റി അന്വേഷണം നടത്തിക്കൂടേ?

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. കെ. വി. തോമസ്: സർ, ആദ്യം ഈ ആരോപണമുണ്ടായപ്പോൾ ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തിയിരുന്നു. അതിന്റെ ചില കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിനിടയിലാണ് ഇപ്പോൾ ഇത് ഹൈക്കോടതിയിൽ പോയിരിക്കുന്നത്. ഹൈക്കോടതി അതിനെപ്പറ്റി അന്വേഷിക്കാൻ ചീഫ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്; അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബിവറേജസ് കോർപ്പറേഷന് കിട്ടുന്നു.....മന്ത്രിക്ക് എതിരായിട്ടല്ല ഞാൻ പറഞ്ഞത്.....

മി. സ്പീക്കർ: ഞാൻ അതാണ് ചോദിച്ചത്, അതുണ്ടെന്ന് പറഞ്ഞല്ലോ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-2005 വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ, നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനകളാണ് സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചിരിക്കുന്നത്. ഇതിൻപ്രകാരം മൊത്തം 559.79 കോടി രൂപയുടെ ചെലവിനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. 317.95 കോടി രൂപയുടെ റവന്യൂ ചെലവിനത്തിലും 232.12 കോടി രൂപയുടെ മൂലധനച്ചെലവിനത്തിലും വായ്പകളും മുൻകൂറുകളുമുൾപ്പെടെ 9.72 കോടി രൂപ പൊതുകടം തിരിച്ചടയ്ക്കുന്നതിനും വേണ്ടിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മൊത്തം തുകയായ 559.79 കോടി രൂപയിൽ 253.74 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കും 306.05 കോടി രൂപ പദ്ധതിയേതര പ്രവർത്തനങ്ങൾക്കുമായി വേർതിരിച്ചിരിക്കുന്നു. ഇതിൽ 40.99 കോടി രൂപ Contingency Fund-ൽ നിന്നും അനുവദിക്കപ്പെട്ട അഡ്വാൻസ് തുക തിരിച്ചടവിനു വേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്. 2004-2005 സാമ്പത്തിക വർഷത്തെ original budget estimate പ്രകാരം റവന്യൂ ചെലവിനത്തിൽ 19,136.97 കോടി രൂപയും മൂലധന ചെലവിനത്തിൽ 6776.61 കോടി രൂപയുമുൾപ്പെടെ 25,913.58 കോടി രൂപയുടെ ചെലവിനങ്ങൾക്ക് ഈ സഭ അംഗീകാരം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകൾ കൂടി കണക്കിലെടുക്കുമ്പോൾ വിവിധ ഇനങ്ങളിലുള്ള ചെലവ് താഴെപ്പറയും പ്രകാരമായിരിക്കും.

ഒറിജിനൽ ബഡ്ജറ്റ് – റവന്യൂ ചെലവ്	..	19,136.97	കോടി രൂപ
മൂലധനച്ചെലവ്	..	6776.61	,,
ആകെ	..	25,913.58	,,
ഉപധനാഭ്യർത്ഥനകൾ–റവന്യൂ ചെലവ്	..	317.95	,,
മൂലധനച്ചെലവ്	..	241.84	,,
ആകെ	..	559.79	,,

2004-2005-ലെ കേന്ദ്ര ബഡ്ജറ്റിലെ ചില പ്രഖ്യാപനങ്ങളിൽ സംസ്ഥാനത്തെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുമെന്നുള്ള വ്യക്തമായ സൂചനയുണ്ട്. ഉദാഹരണമായി കേന്ദ്ര നികുതി വിഹിതത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന തുകയിലെ വർദ്ധനവ്, കേന്ദ്രത്തിന്റെ പദ്ധതി വിഹിതത്തിൽ വരുത്തുന്ന വർദ്ധനവിലൂടെ സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കാവുന്ന വിഹിതം മുതലായവ. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതമായ ശ്രമം സർക്കാർ എടുത്തു വരികയാണ്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളിൽപ്പെടുന്ന പ്രധാന ചെലവിനങ്ങൾ–നിയമസഭാ കോംപ്ലക്സിൽ Offset Printing Press സ്ഥാപിക്കാൻ രണ്ടാംഘട്ടം 0.29 കോടി രൂപ, സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ securitise ചെയ്തയിനത്തിൽ State Bank of India-ക്കും Canera Bank-നും നൽകുന്ന പലിശ 18.73 കോടി രൂപ. മലബാർ ദേവസ്വം മാനേജുമെന്റ് ഫണ്ട് 2 കോടിരൂപ; പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 കോടി രൂപ; ജയിൽ അഡ്മിനിസ്ട്രേഷൻ പരിഷ്ക്കരിക്കുന്നതിന് 6.69 കോടി രൂപ; പൊതുമരാമത്ത്, നബാർഡ് സഹായ പദ്ധതികൾ ഉൾപ്പെടെ പുതുക്കിയ റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മുൻ വർഷങ്ങളിലെടുത്ത പണികൾ പൂർത്തിയാക്കുന്നതിന് 54.68 കോടി രൂപ; ഏഴിമല നേവൽ അക്കാഡമിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 0.65 കോടി രൂപ; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസഹായം 5 കോടി രൂപ. 11-ാം ധനകാര്യ കമ്മിഷന്റെ അവാർഡുപ്രകാരം public liberation ഏർപ്പെടുത്തുന്നതിന് 3.80 കോടി രൂപ; Centre for Electronics വകയിൽ കൊടുക്കേണ്ട തുക 3.92 കോടി രൂപ; മൈലം ജി.വി.രാജാ സ്പോർട്ട്സ് സ്ക്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 10.82 കോടി രൂപ. 11-ാം ധനകാര്യകമ്മീഷൻ അവാർഡുപ്രകാരം ആരോഗ്യമേഖലയിൽ ഭരണ നവീകരണത്തിനുവേണ്ടി 6.40 കോടി രൂപ, കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1.33 കോടി രൂപ, റീജിയണൽ ക്യാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഒരു കോടി രൂപ, വൈപ്പിൻ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വാഹന വാടക ഒന്നരക്കോടി രൂപ, ക്ളീൻ കേരളാ പ്രോജക്ടിന് പത്തു കോടി രൂപ, Cochin Urban Poverty Reduction Scheme 16.54 കോടി രൂപ, Plantation Workers Relief Fund-ലേയ്ക്ക് സംസ്ഥാന സർക്കാർ വിഹിതം അഞ്ചു കോടി രൂപ, അഗതി മന്ദിരങ്ങൾ, യാചക കേന്ദ്രങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ എന്നിവയ്ക്കു വേണ്ടിയുള്ള ധനസഹായം 6.21 കോടി രൂപ, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് Cash out flow 182.22 കോടി രൂപ, നബാർഡ് സഹായം 57 കോടി രൂപ. Farm Roads-1.84 കോടി രൂപ, തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ ഒരു കോടി രൂപ, Hantex, Hanveev എന്നിവയ്ക്ക് 2.2 കോടി രൂപ, കശുവണ്ടിത്തൊഴിലാളി ദുരിതാശ്വാസ ക്ഷേമനിധി 1.33 കോടി രൂപ, Investment Promotion Board 2 കോടി രൂപ, Kerala Electrical and Allied Engineering കമ്പനിയുടെ വായ്പാ ഓഹരി 17.21 കോടി രൂപ, Techno Park, Info Park - 30 കോടി രൂപ, പലകപ്പാണ്ടി ഡൈവർഷൻ സ്കീം 1.82 കോടി രൂപ, Anti Sea Erosion 19.11 കോടി രൂപ, കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടത്തിയതിന് കിൻഫ്രയ്ക്ക് കൊടുക്കാനുള്ളത് 2.47 കോടി രൂപ. മൊത്തം 559.79 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ചെലവ് (Cash flow) 298.80 കോടി രൂപ മാത്രമായിരിക്കും. കാരണം 260.99 കോടി രൂപ വിവിധ ഇനങ്ങളിലായി അഡ്ജസ്റ്റുമെന്റ് നടത്തിയിട്ടുണ്ട്. ഇതിൽ 40.9 കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും എടുത്ത അഡ്വാൻസുകൾ recoup ചെയ്യുവാൻ

വേണ്ടി മാത്രമാണ് ചെലവഴിച്ചത്. നടപ്പുവർഷത്തെ പദ്ധതി അടങ്കൽ 4800 കോടി രൂപയായിട്ടാണ് താൽക്കാലികമായി ഒറിജിനൽ ബഡ്ജറ്റിലെ എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളത്. 1989-90, 1990-91 വർഷങ്ങളിലെ കാര്യം ഞാൻ ഇവിടെ പറഞ്ഞതാണ്. എട്ടു വർഷങ്ങളിലേയ്ക്ക് നിയമസഭയുടെ Public Accounts Committee ശുപാർശ ചെയ്ത പ്രകാരമുള്ള 252.476 കോടി രൂപയുടെ കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. കടബാദ്ധ്യത എന്നു പറയുന്നത് 1375.17 കോടി രൂപ. വനത്തിന് 0.37 കോടി രൂപ. മൽസ്യബന്ധനം 0.05 കോടി രൂപ. ജലസേചനം 10.29 കോടി രൂപ. കുടുംബക്ഷേമം 20.66 കോടി രൂപ. പെൻഷനും പലവക സർവ്വീസുകളും 318.36 കോടി രൂപ. ആകെ 1724 കോടി രൂപ. ഈ അധികച്ചെലവ് നിയന്ത്രിക്കുന്നതിനും സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന കാര്യം കൂടി ഈ അവസരത്തിൽ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെ പ്രധാനമായും പറയാനുള്ളത്, കൂടുതൽ ചെലവു വരുമ്പോൾ ആ ചെലവ് അംഗീകരിക്കാൻ വേണ്ടി ഏതു കാലത്തും സപ്ളിമെന്ററി ഡിമാന്റ്സ് അവതരിപ്പിച്ചിട്ടുണ്ട്, അതു അംഗീകരിച്ചിട്ടുമുണ്ട്. സപ്ലിമെന്ററി ഡിമാന്റ്സ് പല പ്രാവശ്യം വന്നിട്ടുണ്ട്. അതു രണ്ടു പ്രാവശ്യമായി അവതരിപ്പിക്കാറുണ്ട്.

ബഹുമാന്യനായ ഡോ. തോമസ് ഐസക്ക് മൂന്നു ചോദ്യങ്ങൾ ചോദിച്ചു. ഞാൻ വിചാരിച്ചു പത്തെണ്ണം ചോദിക്കുമെന്ന്. വാസ്തവത്തിൽ അദ്ദേഹം ചോദിച്ചതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു സബ്മിഷൻ മുഖാന്തിരം ഓൺ-ലൈൻ ലോട്ടറിയുടെ കാര്യം ഇവിടെ അവതരിപ്പിച്ചപ്പോൾ, ഞാൻ വളരെ ദീർഘമായി, അതിനെക്കുറിച്ച് വസ്തുനിഷ്ഠമായി, വളരെ transparent ആയി പറഞ്ഞതാണ്. ഇപ്പോഴും അത് കുറച്ചു complicated issue ആണ്. വാസ്തവം പറഞ്ഞാൽ കുറെ വർഷങ്ങളായി ഈ സംസ്ഥാനത്തു നടന്നുവരുന്ന ഒരു സിസ്റ്റത്തിൽ അങ്ങനെയൊരു മാറ്റം ഉണ്ടാകണം എന്നു തന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ യാതൊരുവിധ reservation-ഉം ഇല്ല. അതു സ്ട്രിക്ടായിപ്പോകണം. ഗവൺമെന്റിനു ഒരു കാരണവശാലും ഒരു നയാപൈസയുടെ നഷ്ടവും വരാൻ പാടില്ല. ഗവൺമെന്റിനു കിട്ടേണ്ട പണം കിട്ടണമെന്നു തീരുമാനിച്ചുകൊണ്ടുതന്നെയാണ് മുന്നോട്ടു പോയത്. അദ്ദേഹം ചോദിച്ചതുകൊണ്ട് വളരെ വ്യക്തമായ രീതിയിൽത്തന്നെ മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലോട്ടറിക്കു നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് Pan India Network-ഉം മറ്റു ചിലരും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. പ്രസ്തുത കമ്പനി ചില വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കുവേണ്ടിയാണ് ലോട്ടറി നടത്തുന്നത്. അവർ വില്പന നികുതി നിയമമനുസരിച്ച് രജിസ്ട്രേഷൻ എടുക്കുകയും നിയമത്തിലെ 5 (ബി) (എ) വകുപ്പു പ്രകാരം നികുതി അടയ്ക്കുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇവരുടെ നികുതി ബാദ്ധ്യത പരിശോധിച്ചപ്പോൾ ഇവർക്ക് എണ്ണൂറിലധികം വില്പന കൗണ്ടറുകൾ ഉള്ളതായി കണ്ടു. ഈ കൗണ്ടറുകൾ നടത്തുന്നവർ ആരും നികുതി അടച്ചിരുന്നില്ല. വില്പന നികുതി നിയമം 5 (ബി) (എ) വകുപ്പനുസരിച്ച് ഓരോ കൗണ്ടറിന്റെയും ബാദ്ധ്യത കണക്കാക്കി മുഴുവൻ സംഖ്യയും കമ്പനി അടയ്ക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകി. എന്നാൽ അഞ്ച് (ബി) (എ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ചുള്ള നികുതി ബന്ധപ്പെട്ട ഡീലർ ഓഫീസിൽ നിന്നും നൽകിയാൽ മാത്രമേ ഡിമാന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഓപ്ഷൻ നൽകിയിട്ടില്ലെങ്കിൽ 8 ശതമാനം വില്പന നികുതി ചുമത്താവുന്നതാണ്. ഇതു സംബന്ധിച്ച തർക്കം ഹൈക്കോടതി മുമ്പാകെ വന്നപ്പോൾ വില്പന നികുതി നിയമത്തിലെ 59 (എ) വകുപ്പനുസരിച്ച് വിശദീകരണം നൽകേണ്ട കാര്യമാണിത് എന്നു കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഇപ്രകാരം ചെയ്യാമോ എന്നു ഗവൺമെന്റ് പ്ലീഡറോടു കോടതി ആരാഞ്ഞപ്പോൾ സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്ത ശേഷം ഇപ്രകാരം ചെയ്യാമെന്ന് ഗവൺമെന്റ് പ്ലീഡർ കോടതിയെ അറിയിച്ചു. നമ്പർ 59(എ) വകുപ്പനുസരിച്ച് ഇക്കാര്യം പരിശോധിച്ച് വിശദീകരണം നൽകാൻ ഹൈക്കോടതി കമ്മീഷണർക്ക് നിർദ്ദേശം നൽകി. ഇതിനുശേഷം ഈ സംഗതിയുടെ നിയമവശം പരിശോധിച്ചപ്പോൾ ലോട്ടറിയുടെ വിറ്റുവരവിൽ, സമ്മാനത്തിനായി വിനിയോഗിക്കുന്ന സംഖ്യ കഴിച്ച് ബാക്കി തുകയ്ക്കു മാത്രമേ വില്പന നികുതി ബാധകമാകുകയുള്ളൂ എന്ന സുപ്രീം കോടതി വിധിയുള്ളതായി കണ്ടു. നമ്മൾ price money കൊടുത്തതു കഴിച്ചതിന്റെ ബാക്കിയുള്ളതിനു മാത്രമേ ഇതു ബാധകമാകുകയുള്ളൂ. ഡീലർമാർ 5 (ബി) (എ) വകുപ്പനുസരിച്ച് ഓപ്ഷൻ നൽകാത്ത കേസ്സുകളിൽ സുപ്രീം കോടതിയുടെ മേൽപ്പറഞ്ഞ വിധിയനുസരിച്ച് 8 ശതമാനം നികുതി ചുമത്തേണ്ടതാണെന്നു കമ്മീഷണർ വിശദീകരണം നൽകുകയും ചെയ്തു. ഈ സംഗതി സംബന്ധിച്ച് ഗവൺമെന്റ് പ്ലീഡർ ധനകാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ഓൺലൈൻ ലോട്ടറിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി 2004 മേയ് മാസം 17-ാം തീയതി പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവു പ്രകാരം, കഴിഞ്ഞ ഡിസംബർ മാസത്തിൽ കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച താൽക്കാലിക ഉത്തരവ് പുനഃസ്ഥാപിച്ചിരിക്കുകയാണ്. ഈ ഉത്തരവിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങൾ കേരളത്തിൽ നടത്തുന്ന ഓൺലൈൻ ലോട്ടറികളിലെ കേന്ദ്ര നിയമത്തിന്റെ ലംഘനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരണം എന്നും കേന്ദ്രസർക്കാരാണ് ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടതെന്നും വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 12-1-2004-ൽ തന്നെ കേന്ദ്ര സർക്കാറിനു വിശദമായി റിപ്പോർട്ടു നൽകിയിട്ടുണ്ട്. ഇതു കേന്ദ്രത്തിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ആകുന്ന മുറയ്ക്കു മാത്രമേ പ്രസ്തുത ലംഘനങ്ങൾക്കെതിരെ സംസ്ഥാന സർക്കാരിന് നടപടി എടുക്കുവാൻ സാധിക്കുകയുള്ളൂ. ഇതാണ് ഇന്നത്തെ സ്ഥിതി. നമ്മളെ സംബന്ധിച്ചിടത്തോളം നമുക്ക് എത്രത്തോളം നികുതി കിട്ടാൻ പറ്റുമോ അത്രത്തോളം നികുതി പിരിക്കണം എന്നുതന്നെയാണ് ആഗ്രഹം. ആരേയും വിടില്ല. ഇതിനുംപുറമെ പേപ്പർ ലോട്ടറി എന്നു പറഞ്ഞ് ഒരു കള്ളലോട്ടറി കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു നടത്തിയിരുന്നു. നമ്മൾ അതു കണ്ടുപിടിച്ചു. വളരെയധികം ആളുകളെ ശിക്ഷയ്ക്കു വിധേയരാക്കുകയും ചെയ്തിട്ടുണ്ട്. പത്തു-മുപ്പത്തിയാറു കോടി രൂപയുടെ കള്ള ലോട്ടറി ടിക്കറ്റുകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ കൊണ്ടു വന്നു വിറ്റിരുന്നത് നമ്മൾ കണ്ടു പിടിച്ചിട്ടുണ്ട്. അതിന് ഇപ്പോൾ ഒരു കുറവു വന്നിട്ടുണ്ട്. ഓൺ ലൈൻ ലോട്ടറിയെ സംബന്ധിച്ച പരാതി ഇപ്പോൾ സുപ്രീംകോടതിയുടെ തണലിൽ നിൽക്കുകയാണ്. സുപ്രീംകോടതിയിൽ നല്ല

വക്കീലിനെ വച്ചു വാദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഓൺ ലൈൻ ലോട്ടറിയിൽ നിന്നുള്ള വരുമാനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ 2001-02 -ൽ നമുക്ക് ഒരു കോടി രൂപയാണ് ലഭിച്ചത്. 2002-03-ൽ 2.86 കോടി രൂപയാണ് ലഭിച്ചത്. 2003-04-ൽ 9.64 കോടി രൂപയാണ് ലഭിച്ചത്. ഇതിലൊന്നും ഒരു ഉപേക്ഷയും വരുത്തുന്നില്ല. നമുക്ക് മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. അതുകൊണ്ട് ഇതിൽ ഉപേക്ഷ വരുത്തേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് ഇക്കാര്യം ഉന്നയിച്ചപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞ മറുപടിയുടെ കോപ്പിയും ഫയലിലുണ്ട്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്ക് സ്വർണ്ണത്തിന്റെ നികുതിയുടെ കാര്യമാണ് ഇവിടെ പറഞ്ഞത്. നാലു ശതമാനമാണ് ഇപ്പോഴുള്ളത്. ഒരാളും ബിൽ വാങ്ങില്ല. ആരു വാങ്ങാൻ പോയാലും പറയും ബില്ലു വേണ്ടെന്ന്. സ്വർണ്ണ വിപണിക്കാരും അതിന് അനുകൂലമാണ്. എല്ലാ സംസ്ഥാനങ്ങളും ഇതു തന്നെയാണ് ചെയ്യുന്നത്. VAT വരുന്നതോടുകൂടി സ്വർണ്ണത്തിന്റെ നികുതി ഒരു ശതമാനമാകും. അപ്പോൾ വളരെ കർശനമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയും. 2001-02-ൽ ഈയിനത്തിൽ 32 കോടി രൂപയാണ് നികുതി കിട്ടിയിരുന്നത്. 2002-03-ൽ 38 കോടി രൂപയാണ്. 2003-04-ൽ 40.65 കോടി രൂപ. ചെറിയൊരു വർദ്ധനവുണ്ട്. ഇതു പോരാ. ഇന്ത്യാ രാജ്യത്ത് ഏറ്റവുമധികം സ്വർണ്ണം വിൽക്കുന്നത് നമ്മുടെ കേരളത്തിലാണ്. അതിൽ യാതൊരു സംശയവുമില്ല.

പിന്നെ ഡോ. തോമസ് ഐസക് പറഞ്ഞത്, പ്ളാൻ അസിസ്റ്റൻസിനെക്കുറിച്ചാണ്. 2000-01-ൽ പ്ളാൻ എക്സ്പെൻഡിച്ചർ 759 കോടി രൂപ വന്നിട്ടുണ്ട്. പക്ഷേ 2003-04-ൽ 1448.68 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചർ ഉണ്ടായി. പക്ഷേ ഡോ. തോമസ് ഐസക് പറഞ്ഞ മുഴുവൻ കണക്കും ശരിയുമല്ല, തെറ്റുമല്ല. ഈ കണക്കാണ് ശരി. നികുതി പിരിവിന്റെ കാര്യത്തിൽ യാതൊരു ഉപേക്ഷയും വരുത്തിയിട്ടില്ല. 2002-03-ൽ 921.81 കോടി രൂപ പിരിച്ചപ്പോൾ 2003-04-ൽ ടോട്ടലായി 2046 കോടി രൂപ പിരിക്കാൻ നമുക്കു സാധിച്ചിട്ടുണ്ട്. റവന്യു കമ്മിയുടെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽ ശ്രീ. ചിദംബരം അവതരിപ്പിച്ച 2004-2005-ലെ ബഡ്ജറ്റിൽ റവന്യു ഡെഫിസിറ്റ് എഴുപത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊന്ന് കോടി രൂപയാണ്. എല്ലാ സംസ്ഥാനങ്ങളുടെ കണക്കും എന്റെ കൈയിലുണ്ട്. എല്ലാ സംസ്ഥാനങ്ങളിലും റവന്യു ഡെഫിസിറ്റ് കൂടിക്കൂടി വരുകയാണ്. പ്ളാൻ വരുന്നു, പ്ളാനിന്റെ എക്സ്പെന്റിച്ചർ വരുന്നു, ശമ്പളം വരുന്നു. എട്ട് കൊല്ലത്തിനിടയിൽ നമ്മുടെ ശമ്പളം ഇരട്ടിയായിരിക്കുന്നു. അയ്യായിരം കോടി രൂപയിലധികം ശമ്പളം കൊടുക്കേണ്ട സ്ഥിതിയാണ് നമുക്ക് ഇപ്പോൾ വന്നിട്ടുള്ളത്. 2004-05-ലെ ശമ്പളത്തിന്റെ എസ്റ്റിമേറ്റ് കണക്ക് 5878.37 കോടി രൂപയാണ്. 1995-1996-ൽ അത് 2230 കോടി രൂപയായിരുന്നു. നമുക്ക് ശമ്പളം കുറയ്ക്കാൻ പറ്റില്ല, ഡി.എ കൊടുക്കാതിരിക്കാൻ പറ്റില്ല. അത് പ്രതിപക്ഷവും സമ്മതിക്കും. ഏത് ഗവൺമെന്റ് ഭരിച്ചാലും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും കൊടുക്കാതിരിക്കാൻ സാധിക്കില്ല. 1995-1996-ൽ പെൻഷനുവേണ്ടിവന്ന തുക 716 കോടി രൂപയായിരുന്നത് ഇപ്പോൾ 2561 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇതാണ് നമ്മുടെ സാമ്പത്തിക സ്ഥിതിയെന്നു പറയുന്നത്. സംസ്ഥാനത്തെ മറ്റു പല കാര്യങ്ങളെക്കുറിച്ചും ഇവിടെ പരാമർശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഓൺ ലൈൻ ലോട്ടറിയെ സംബന്ധിക്കുന്ന കോടിക്കണക്കിന് രൂപയുടെ കള്ളടിക്കറ്റുകൾ പിടിച്ചിട്ട്, എവിടെനിന്നോ ഉള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അതൊക്കെ ചുട്ടുകളഞ്ഞതായി പത്രത്തിലൂടെ അറിയാൻ കഴിഞ്ഞു. പിടിച്ചെടുത്ത കള്ള ലോട്ടറികളുടെ രേഖ തെളിവായി സൂക്ഷിക്കേണ്ടതല്ലേ? അങ്ങനെ ചുട്ടുകളയാൻ ഏത് കേന്ദ്രത്തിൽ നിന്നാണ് നിർദ്ദേശം വന്നത്? തൊണ്ടി നശിപ്പിക്കുകയാണ് ചെയ്തത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും വിവരം കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണൻ: തീർച്ചയായിട്ടും ഞാൻ അത് അന്വേഷിക്കാം.

ഡോ. തോമസ് ഐസക്: അങ്ങ് പറഞ്ഞ Play Win എന്ന സ്ഥാപനം എറണാകുളത്തുള്ള റീജിയണൽ ഓഫീസിനെ കേന്ദ്രമാക്കി ഒരു ഡ്രോയ്ക്ക് 20,000 രൂപവച്ച് നികുതിയടച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ അതിന്റെ അർത്ഥം അവർ ലൈസൻസ് ഫീസിന് ഓപ്ഷൻ എടുത്തുകഴിഞ്ഞിരുന്നു. ഒരു ഡ്രോയ്ക്ക് 20,000 രൂപവച്ച് കൊടുക്കാമെന്ന് അവർ ഏറ്റിരുന്നു. പിന്നെ എന്തിനാണ് നിങ്ങൾ വീണ്ടും അവർക്ക് സെയിൽസ് ടാക്സിന് എട്ട് ശതമാനം ഓപ്ഷൻ നൽകാൻ തയ്യാറായത്? കാരണം അവർ opt-ചെയ്തു കഴിഞ്ഞു.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്ക്, അവർ സുപ്രീംകോടതിയിൽ പോയിരുന്നു എന്നുള്ളത് ഞാൻ പറഞ്ഞല്ലോ. നമ്മുടെ കുറ്റമല്ല. അതിൽ നമ്മൾ ഒരു ഉപേക്ഷയും വരുത്തുകയില്ല. അങ്ങനെയുള്ള തെറ്റിദ്ധാരണയേ വേണ്ട. എനിക്ക് പ്രധാനമായും മറ്റൊരു കാര്യം പറയുവാനുള്ളത് ഞങ്ങൾ, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമായി കാബിനറ്റിന്റെ തീരുമാന പ്രകാരം മൂന്നു മന്ത്രിമാർ, ഡൽഹിയിൽ പോയിരുന്നു. വളരെ പ്രധാനമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വളരെ തുറന്ന മനസ്സോടെയാണ് ഞങ്ങൾ പോയത്. ഇതിനുമുൻപ് പ്രതിപക്ഷം മെമ്മോറാണ്ടം കൊടുത്തിരുന്നു, മുഖ്യമന്ത്രിയും മെമ്മോറാണ്ടം കൊടുത്തിരുന്നു. അതിനുശേഷം ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അവിടെ പോയി. കേന്ദ്ര കൃഷി വകുപ്പുമന്ത്രിയേയും പ്ലാനിംഗ്ബോർഡ് വൈസ് ചെയർമാനേയും ധനകാര്യ വകുപ്പുമന്ത്രിയേയും, യു.പി.എ. ചെയർപേഴ്സൺ ശ്രീമതി സോണിയാ ഗാന്ധിയേയും പ്രധാനമന്ത്രിയേയും കണ്ടു. നമുക്കാവശ്യമായ കാര്യങ്ങൾ ഇവരുടെ ശ്രദ്ധയിൽപ്പെടുത്തി. അവർ നിഷേധാത്മകമായ യാതൊരു മറുപടിയും പറഞ്ഞിട്ടില്ല. പക്ഷെ ഒരു കാര്യം പറഞ്ഞത്, മറ്റെല്ലാ സംസ്ഥാനങ്ങളും ഒറീസ്സാ, ആസ്സാം, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്രാ, ബീഹാർ എന്നീ സംസ്ഥാനങ്ങൾ ഒരു പാക്കേജ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ആർക്കും കൊടുത്തിട്ടില്ല, പണം റിലീസ് ചെയ്തിട്ടില്ല, കൊടുക്കാമെന്ന് സമ്മതിച്ചിട്ടുമില്ല. നമ്മുടെ കേസ് പ്രസന്റ് ചെയ്തപ്പോൾ മറ്റ് പല സംസ്ഥാനങ്ങൾക്കും കൊടുക്കേണ്ടതുള്ളതുകൊണ്ട് ഒരു പൊളിറ്റിക്കൽ ഡിസ്കഷൻ വേണമെന്ന് പറഞ്ഞു. ഏതായാലും ഒരനുഭാവപൂർവ്വമായ സമീപനമേ എടുക്കുകയുള്ളു; അത് തീരുമാനിച്ച് പെട്ടെന്ന് അറിയിക്കാമെന്നാണ് പറഞ്ഞത്. ഞാൻ ഈ കാര്യത്തിൽ വളരെ optimistic ആയിട്ടാണ് നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ ഇതിന്റെകൂടെ ഒരു കാര്യംകൂടി ചോദിച്ചിരുന്നു കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച വിവരം പാർലമെന്റിൽ നിന്ന് ചോദിച്ച അവസരത്തിൽ കൃത്യസമയത്ത് അറിയിക്കാതിരുന്നതുകൊണ്ടാണ്.....

മി. സ്പീക്കർ : ഇത് എത്ര പ്രാവശ്യം പറഞ്ഞതാണ്. Sri K. Sankaranarayanan, You continue.....

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ആത്മഹത്യാ പ്രശ്നം, കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കണമെന്നതിൽ ഞങ്ങൾക്ക് എതിരഭിപ്രായമില്ല. അവർക്ക് കഴിയുന്നത്ര ആനുകൂല്യങ്ങൾ ചെയ്യണമെന്നേയുള്ളൂ. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഗവൺമെന്റ് എന്നുപറയുന്നത്, കേരളത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളാണുള്ളത്. ഓരോ കാലഘട്ടത്തിൽ ഓരോ ഗവൺമെന്റുണ്ടാകും. ഇവിടെ സ്വാശ്രയ കോളേജിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഇന്നുണ്ടായിട്ടുള്ള അസ്വസ്ഥതയ്ക്ക് മാർക്സിസ്റ്റ് പാർട്ടി മറുപടി പറയണം. ഇന്ന് നിലവിലുള്ള സ്വാശ്രയകോളേജുകളെ മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ പൊളിച്ചുകളയുമോ എന്നുള്ളതാണ് എന്റെ ചോദ്യം. അതോ ആ ഇൻസ്റ്റിറ്റ്യൂഷൻസ് തുടരാൻ തീരുമാനിക്കുമോ? ഇത് വളരെ ലാഘവത്തോടുകൂടി കാണാൻ പറ്റുന്ന ഒരു കാര്യമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അതിൽ വ്യക്തമായ ഒരഭിപ്രായമുണ്ടാകണം. സ്വാശ്രയ കോളേജുകളിലെ ഫീസിനെ സംബന്ധിച്ചും മറ്റുകാര്യങ്ങളെ സംബന്ധിച്ചും നമ്മൾ കൂട്ടായി ആലോചിച്ചുകൊണ്ട് മാനേജുമെന്റിനനുകൂലമായ ഒരു തീരുമാനവുമെടുക്കാതെ, മെറിറ്റ് സീറ്റ് 50 ശതമാനമെന്നുപറഞ്ഞ് തീരുമാനമെടുത്തിട്ടുള്ളതാണ്. ഞങ്ങൾ എന്തു ചെയ്താലും അതിനെതിരായിട്ടുള്ള അഭിപ്രായമാണ് പ്രതിപക്ഷം പറയുന്നത്.

പോലീസിനെക്കുറിച്ച് ഇവിടെ ശ്രീ. പി. എസ്. സുപാൽ ചോദിച്ചു; എന്തിനാണ് പോലീസിന് കാശ് കൊടുക്കുന്നതെന്ന്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ സെക്രട്ടേറിയറ്റിന്റെ ഗേറ്റ് ഉന്തിത്തള്ളി കുറേയാളുകൾ അതിനകത്തേയ്ക്ക് തള്ളിക്കയറുമ്പോൾ പോലീസിന് നോക്കി നിൽക്കാൻ പറ്റുമോ? നിങ്ങളുടെ ഗവൺമെന്റാണ് ഭരിക്കുന്നതെങ്കിൽ നോക്കിനിൽക്കുമോ? നിങ്ങൾ ഭരിച്ചപ്പോൾ ഇതൊക്കെ ചെയ്തിട്ടില്ലേ? നിങ്ങൾ ഭരിച്ചപ്പോൾ എന്നെയും അടിച്ചില്ലേ? ഞാൻ എന്തു കുറ്റം ചെയ്തു? ഒരു കുറ്റവും ചെയ്തില്ലല്ലോ. എന്റെ കൈയിലെ വിരൽ അടിച്ചുപൊട്ടിച്ചില്ലേ. ഞാൻ ഒരു കുറ്റവും ചെയ്തില്ലെന്ന് അറിയാം എന്നാലും തന്നു ഒന്ന്. അതിന് കഴുകനോ കപോതകമോ എന്നുള്ള ബോധമില്ല. ഇതിന് മുഖ്യമന്ത്രിക്ക് എന്ത് ചെയ്യാൻ പറ്റും? ആരാണ് സെക്രട്ടേറിയറ്റിന്റെ ഗേറ്റ് അടിച്ചുപൊളിച്ച് സെക്രട്ടേറിയറ്റിനുള്ളിൽ കടക്കാൻ പറഞ്ഞത്; ഇതൊക്കെ ശരിയാണോ? നിയമസമാധാനം പാലിക്കേണ്ടത് പോലീസിന്റെ ചുമതലയാണ്; അത് ഗവൺമെന്റിന്റെ ചുമതലയാണ്. ഇവിടെ രജനിയെക്കുറിച്ച് പറഞ്ഞു. ആ കുട്ടിയോട് sympathy ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു 335 രൂപയെന്നത് 1000 രൂപയാക്കാൻ തീരുമാനിച്ചു എന്ന്. എന്താണ് അതിലൊരു തെറ്റ്. ഇവിടെ അതൊന്നുമല്ല പ്രശ്നം . ഇവിടെ രാഷ്ട്രീയമായി ലാ ആന്റ് ഓർഡർ സിറ്റുവേഷൻ മോശമാണെന്നു വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഇതൊക്കെ ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

നടപടിയാണോ? നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് outlook-ൽ ഒരു ലേഖനം വന്നു. ഇത് വളരെ മോശമാണ്. ഇന്നേക്കല്ല എന്നേക്കും മോശമാണ്. അതിനെക്കുറിച്ച് പ്രതികരിക്കാൻ ടി.എൻ. ഗോപകുമാർ മാത്രമേയുണ്ടായിരുന്നുള്ളു. കലാകൗമുദിയിലെ അദ്ദേഹത്തിന്റെ ലേഖനം വായിക്കണമെന്ന് ഞാൻ എല്ലാപേരോടും ആവശ്യപ്പെടുകയാണ്. കേരളത്തെക്കുറിച്ച് ആർക്കും എന്തും പറയാമെന്നോ? നമുക്കൊക്കെ ഈ രാജ്യത്ത് ജീവിക്കണ്ടേ? അതിന് കൂട്ടായിത്തന്നെ എതിർക്കേണ്ടതായി വരുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ . . . . . .

പ്രതികൂലിക്കുന്നവർ . . . . . .

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—70

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	സി. ടി. അഹമ്മദ് അലി
5.	,,	എ. പി. അനിൽകുമാർ
6.	,,	എ. കെ. ആന്റണി
7.	,,	എൻ. ഡി. അപ്പച്ചൻ
8.	,,	കെ. ബാബു
9.	,,	ബാബു ദിവാകരൻ
10.	,,	ആർ. ബാലകൃഷ്ണപിള്ള
11.	,,	പി. കെ. കെ. ബാവ
12.	,,	കെ. എ. ചന്ദ്രൻ
13.	,,	എം. എ. ചന്ദ്രശേഖരൻ
14.	,,	ഡൊമിനിക് പ്രസന്റേഷൻ
15.	,,	പി. പി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ജോർജ് ജെ. മാത്യു
17. ,, എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, ജോസഫ് എം. പുതുശ്ശേരി
24. ,, പി. ജെ. ജോയി
25. ,, ജി. കാർത്തികേയൻ
26. ,, കെ. എൻ. എ. ഖാദർ
27. ,, കെ. കെ. നായർ
28. ,, പി. കെ. കുഞ്ഞാലിക്കുട്ടി
29. ഡോ. എം. എ. കുട്ടപ്പൻ
30. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
31. ,, ലൂഡി ലൂയിസ്
32. ,, കെ. എം. മാണി
33. ,, കെ. മുഹമ്മദാലി
34. ,, കെ. മോഹൻ കുമാർ
35. ,, എ. കെ. മണി
36. ,, സി. മോയിൻകുട്ടി
37. ,, ആര്യാടൻ മുഹമ്മദ്
38. ,, സി. പി. മുഹമ്മദ്
39. ,, എം. കെ. മുനീർ
40. ,, ടി. എച്ച്. മുസ്തഫ
41. ,, എഴുകോൺ നാരായണൻ
42. ,, വി. ജെ. പൗലോസ്
43. ,, ടി. എൻ. പ്രതാപൻ
44. ,, ജി. പ്രതാപവർമ്മ തമ്പാൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ,, ടി. യു. രാധാകൃഷ്ണൻ
47. ശ്രീമതി രാധാ രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. എം. വി. രാഘവൻ
49. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
50. ,, തേറമ്പിൽ രാമകൃഷ്ണൻ
51. ,, തമ്പാനൂർ രവി
52. ,, റോഷി അഗസ്റ്റിൻ
53. ,, ടി. പി. എം. സാഹിർ
54. ,, കെ. ശങ്കരനാരായണൻ
55. ശ്രീമതി മാലേത്ത് സരളാദേവി
56. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
57. ശ്രീ. കെ. കെ. ഷാജു
58. ,, കടവൂർ ശിവദാസൻ
59. ,, നാലകത്ത് സൂപ്പി
60. ,, സ്റ്റീഫൻ ജോർജ്
61. ,, ഡി. സുഗതൻ
62. ,, എ. സുജനപാൽ
63. ,, എൻ. സുന്ദരൻ നാടാർ
64. ,, സി. എഫ്. തോമസ്
65. പ്രൊഫ. കെ. വി. തോമസ്
66. ശ്രീ. പി. ടി. തോമസ്
67. ,, തോമസ് ചാഴികാടൻ
68. ,, എം. എ. വാഹീദ്
69. ,, കെ. സി. വേണുഗോപാൽ
70. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—41

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്ജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ,, കെ. കെ. ജയചന്ദ്രൻ
15. ,, എം. വി. ജയരാജൻ
16. ,, പി. ജയരാജൻ
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. വി. സി. കബീർ
19. ,, എം. കുമാരൻ
20. ,, കെ. വി. കുഞ്ഞിരാമൻ
21. ,, കോവൂർ കുഞ്ഞുമോൻ
22. ,, വി. കെ. സി. മമ്മത്കോയ
23. ,, മത്തായി ചാക്കോ
24. ,, കെ. പി. മോഹനൻ
25. ,, എ. സി. മൊയ്തീൻ
26. ,, പിരപ്പൻകോട് മുരളി
27. ,, സി. കെ. നാണു
28. ,, പി. നാരായണൻ
29. ഡോ. എ. നീലലോഹിതദാസൻ നാടാർ
30. ശ്രീ. കെ. രാധാകൃഷ്ണൻ
31. ,, മാങ്കോട് രാധാകൃഷ്ണൻ
32. ,, എൻ. രാജൻ
33. ,, കെ. പി. രാജേന്ദ്രൻ
34. ,, രാജു എബ്രഹാം
35. ,, ടി. പി. രാമകൃഷ്ണൻ
36. ,, സാജു പോൾ
37. ,, കെ. പി. സതീശ് ചന്ദ്രൻ
38. ,, എ. സി. ഷൺമുഖദാസ്
39. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
40. ശ്രീ. പി. എസ്. സുപാൽ
41. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—70

പ്രതികൂലിക്കുന്നവർ—41

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ . . . . .

പ്രതികൂലിക്കുന്നവർ . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,20,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ . . . . . .

പ്രതികൂലിക്കുന്നവർ . . . . . .

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—71

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	സി. ടി. അഹമ്മദ് അലി
5.	,,	എ. പി. അനിൽകുമാർ
6.	,,	എ. കെ. ആന്റണി
7.	,,	എൻ. ഡി. അപ്പച്ചൻ
8.	,,	കെ. ബാബു
9.	,,	ബാബു ദിവാകരൻ
10.	,,	ആർ. ബാലകൃഷ്ണപിള്ള
11.	,,	പി. കെ. കെ. ബാവ
12.	,,	കെ. എ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. എം. എ. ചന്ദ്രശേഖരൻ
14. ,, ഡൊമിനിക് പ്രസന്റേഷൻ
15. ,, പി. പി. ജോർജ്
16. ,, ജോർജ് ജെ. മാത്യു
17. ശ്രീ. എം. എം. ഹസ്സൻ
18. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, ജോസഫ് എം. പുതുശ്ശേരി
24. ,, പി. ജെ. ജോയി
25. ,, വർക്കല കഹാർ
26. ,, ജി. കാർത്തികേയൻ
27. ,, കെ. എൻ. എ. ഖാദർ
28. ,, കെ. കെ. നായർ
29. ,, പി. കെ. കുഞ്ഞാലിക്കുട്ടി
30. ഡോ. എം. എ. കുട്ടപ്പൻ
31. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
32. ,, ലൂഡി ലൂയിസ്
33. ,, കെ. എം. മാണി
34. ,, കെ. മുഹമ്മദാലി
35. ,, കെ. മോഹൻ കുമാർ
36. ,, എ. കെ. മണി
37. ,, സി. മോയിൻകുട്ടി
38. ,, ആര്യാടൻ മുഹമ്മദ്
39. ,, സി. പി. മുഹമ്മദ്
40. ,, എം. കെ. മുനീർ
41. ,, ടി. എച്ച്. മുസ്തഫ
42. ശ്രീ. എഴുകോൺ നാരായണൻ
43. ,, വി. ജെ. പൗലോസ്

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. ടി. എൻ. പ്രതാപൻ
45. ,, ജി. പ്രതാപവർമ്മ തമ്പാൻ
46. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ,, ടി. യു. രാധാകൃഷ്ണൻ
48. ശ്രീമതി രാധാ രാഘവൻ
49. ശ്രീ. എം. വി. രാഘവൻ
50. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
51. ,, തേറമ്പിൽ രാമകൃഷ്ണൻ
52. ,, തമ്പാനൂർ രവി
53. ,, റോഷി അഗസ്റ്റിൻ
54. ,, ടി. പി. എം. സാഹിർ
55. ,, കെ. ശങ്കരനാരായണൻ
56. ശ്രീമതി മാലേത്ത് സരളാദേവി
57. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
58. ശ്രീ. കെ. കെ. ഷാജു
59. ,, കടവൂർ ശിവദാസൻ
60. ,, നാലകത്ത് സൂപ്പി
61. ,, സ്റ്റീഫൻ ജോർജ്
62. ,, ഡി. സുഗതൻ
63. ,, എ. സുജനപാൽ
64. ,, എൻ. സുന്ദരൻ നാടാർ
65. ,, എഫ്. തോമസ്
66. പ്രൊഫ. കെ. വി. തോമസ്
67. ശ്രീ. പി. ടി. തോമസ്
68. ,, തോമസ് ചാഴികാടൻ
69. ,, എം. എ. വാഹീദ്
70. ,, കെ. സി. വേണുഗോപാൽ
71. ,, ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—41

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ,, കെ. കെ. ജയചന്ദ്രൻ
15. ,, എം. വി. ജയരാജൻ
16. ,, പി. ജയരാജൻ
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. വി. സി. കബീർ
19. ,, എം. കുമാരൻ
20. ,, കെ. വി. കുഞ്ഞിരാമൻ
21. ,, കോവൂർ കുഞ്ഞുമോൻ
22. ,, വി. കെ. സി. മമ്മത് കോയ
23. ,, മത്തായി ചാക്കോ
24. ,, കെ. പി. മോഹനൻ
25. ,, എ. സി. മൊയ്തീൻ
26. ,, പിരപ്പൻകോട് മുരളി
27. ,, സി. കെ. നാണു
28. ,, പി. നാരായണൻ
29. ഡോ. എ. നീലലോഹിതദാസൻ നാടാർ
30. ശ്രീ. കെ. രാധാകൃഷ്ണൻ
31. ,, മാങ്കോട് രാധാകൃഷ്ണൻ
32. ,, എൻ. രാജൻ
33. ,, കെ. പി. രാജേന്ദ്രൻ
34. ,, രാജു എബ്രഹാം
35. ,, ടി. പി. രാമകൃഷ്ണൻ
36. ,, സാജു പോൾ
37. ,, കെ. പി. സതീശ് ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

38. ശ്രീ. എ. സി. ഷൺമുഖദാസ്
39. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
40. ശ്രീ. പി. എസ്. സുപാൽ
41. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—71

പ്രതികൂലിക്കുന്നവർ—41

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,68,58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 54,67,77,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,02,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,14,66,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,53,71,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,21,41,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 63,46,27,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,68,96,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,83,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,46,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 65,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,04,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,05,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 49,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,65,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 182,21,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,46,68,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1989-90 സാമ്പത്തിക വർഷത്തേയ്ക്ക് 5,35,059 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1993-94 സാമ്പത്തിക വർഷത്തേയ്ക്ക് 7,44,57,628 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1994-95 സാമ്പത്തിക വർഷത്തേയ്ക്ക് 2,84,58,595 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1996-97 സാമ്പത്തിക വർഷത്തേയ്ക്ക് 36,56,092 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998-99 സാമ്പത്തിക വർഷത്തേയ്ക്ക് 20,66,31,032 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1999-2000 സാമ്പത്തിക വർഷത്തേയ്ക്ക് 262,78,27,234 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2001-02 സാമ്പത്തിക വർഷത്തേയ്ക്ക് 55,58,04,734 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ . . .

അനുകൂലിക്കുന്നവർ: . . . . .

പ്രതികൂലിക്കുന്നവർ: . . . . .

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly